# എഫെസൊസ് സഭാ യുഗം

കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ.

ഇവിടെയുള്ള ആരെങ്കിലും ഓടിക്കുന്ന ഒരു—ഒരു ഡോഡ്ജ്, പുതിയ ഡോഡ്ജ് എന്ന വാഹനം, അതിൻറെ ലൈസൻസ് നമ്പർ WX-2129, അവിടെ തെരുവിന് അപ്പുറത്തായി പാർക്ക് ചെയ്തിട്ടുണ്ടോ? അതിൻറെ ലൈറ്റുകളും, ഹെഡ്‌ലൈറ്റുകളും എല്ലാം ഓണാക്കി അവിടെ, വിട്ടിരിക്കുന്നു. ആരെങ്കിലും ആ വാഹനം ഓടിക്കുന്നവർ ഇവിടെയുണ്ടെങ്കിൽ, എന്തിന്, നിങ്ങൾ പെട്ടെന്ന് ചെന്ന് അതിൻറെ ലൈറ്റുകൾ അണച്ചു കളയുക. ഇത് തെരുവിൻ്റെ തൊട്ടു ഇടതു-വശത്തായി, എട്ടാമത്തെ തെരുവിന് താഴെയാകുന്നു. അതൊരു ന്യൂ ആൽബാനിയിലെ നമ്പർ ആണെന്ന് ഞാൻ ഊഹിക്കുന്നു, WX-2129. ഒരു ചുവന്ന ഡോഡ്ജ്, പുതിയ ഡോഡ്ജ്, അത് കുറഞ്ഞത് ഒരു '59, '60, അല്ലെങ്കിൽ അതുപോലെ എന്തെങ്കിലും ആകുന്നു. അത് ഇവിടെയുള്ള ആരെങ്കിലുമാണോ അതോ ആരെങ്കിലും... മറ്റെവിടെയെങ്കിലും നിന്നുള്ളതാണോ എന്ന് എനിക്കറിയില്ല. ശരി, അങ്ങനെയായിരുന്നു. അതിനാൽ അതൊരു നല്ല കാര്യമാകുന്നു. ഇപ്പോൾ, അത് സ്ത്രീകൾ മാത്രം മറന്നു പോകുന്ന ഒരു കാര്യമാണെന്ന് ഞാൻ പറയാൻ പോകുന്നില്ല, കാരണം ഞാനും അത് ചെയ്യാറുണ്ട്.

2 ശരി, ഇന്ന് രാത്രി വീണ്ടും തിരികെ ശുശ്രൂഷയിൽ ആയിരിക്കുന്നത് തീർച്ചയായും നന്നായിരിക്കുന്നു, അതോടൊപ്പം വചനത്തിനു ചുറ്റും ഒരുമിച്ചു കൂടിയുള്ള കൂട്ടായ്മയുടെ ഈ നല്ല സമയം ആസ്വദിക്കുകയും ചെയ്യുന്നു. നിങ്ങൾ ഇത് ആസ്വദിക്കുന്നുണ്ടോ? [സഭ പറയുന്നു, "ആമേൻ."—Ed.] ഓ, അത് ശരിയാണ്, നമുക്ക് ഒരു അത്ഭുതകരമായ, അതെ അത്ഭുതകരമായ സമയമായിരിക്കുന്നു. ഇപ്പോൾ ദൈവം നമ്മെ മുമ്പോട്ട് തുടരാൻ സഹായിക്കുമെന്ന് നാം വിശ്വസിക്കുന്നു.

3 ഇപ്പോൾ, എൻ്റെ സഹോദരൻ ചെന്ന് ഇവിടെ ഒരു കറുത്ത എഴുത്ത് ബോർഡ് കൊണ്ടുവന്നിട്ടുണ്ട്, എന്നാൽ അത്—അത് തീരെ ചെറുതാകുന്നു, അത് വേണ്ടത്ര ഉയരത്തിൽ എത്തുന്നില്ല. അതിനാൽ നാളെ, ശരി, ഞാൻ അത് ഇവിടെ ശരിയാക്കാൻ ശ്രമിക്കും, അത് മുകളിലേക്ക് ഉയർത്തി അങ്ങനെ ആക്കുക...ഞാൻ വിശദീകരിക്കാൻ ആഗ്രഹിക്കുന്ന ചില വ്യത്യസ്ത കാര്യങ്ങൾ വരയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു, അതിനാൽ നിങ്ങൾക്ക് ഇത്...നിങ്ങൾക്ക് ഇത്

ശരിക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.

4 അവിടെ...ഇന്നലെ രാത്രി, അല്ലെങ്കിൽ ഇന്നലെ ആയിരുന്നു, എൻ്റെ കൊച്ചു മകൾ, സാറാ, ഇത് ഒരു രീതിയിൽ രസമുള്ള കാര്യമാകുന്നു. അവളുടെ അമ്മയും ഞാനും കൂടി അവളുടെ ചെറിയ കടലാസിൽ നോക്കുകയായിരുന്നു; അവൾ എൻ്റെ കുറിപ്പുകൾ എഴുതിയെടുത്തിരുന്നു. അവൾ എല്ലാം ശരിയായി എഴുതി എടുത്തിരുന്നു, യെശയ്യാവ്, മത്തായി, അങ്ങനെ എല്ലാമായിരുന്നു. അങ്ങനെ അതിൻറെ അവസാനം—കടലാസ്സിൽ, അവൾ എഴുതി "കൂടാതെ—മരണവും...പാതാളത്തിന് അതിൻറെ വിജയം ഒന്നും കിട്ടിയില്ല, മരണം അതിൻ്റെ മുള്ള് വലിച്ചെടുത്തു." അവൾക്ക് ഏകദേശം ഏഴു വയസ്സുണ്ട്. എന്നിട്ട് അതിനുശേഷം "വെളിപാട്," എന്ന് എഴുതുന്നതിനു പകരം അവൾ പറഞ്ഞു, "വിപ്ലവങ്ങളുടെ പുസ്തകം." എന്തായാലും, അത് കാണിക്കുന്നത് അവർ എന്തെങ്കിലും നേടാൻ ശ്രമിക്കുന്നതിൽ അവർക്ക് താൽപ്പര്യമുണ്ടെന്നുള്ളതാണ്, എന്തായാലും, അവർ അല്ലേ? ഞാൻ കരുതുന്നു സഹോദരൻ കോളിൻസിൻ്റെ കൊച്ചു മകളാണ്, അവൾ അവിടെ പിന്നിലായിരിക്കുന്നു, അവർ കുറിച്ചെടുത്തിരുന്നു ("വിപ്ലവം"?), "വിപ്ലവങ്ങളുടെ ദിവസം," സഹോദരൻ നെവിൽ പറയുന്നു. അദ്ദേഹം അവളോട് യോജിക്കുന്നു. നാമെല്ലാവരും അത് ചെയ്യണമെന്ന് ഞാൻ കരുതുന്നു.

5 ശരി, നമുക്ക് ശരിക്കും ഒരു മഹത്തായ സമയമാകുന്നു. എൻ്റെ, കർത്താവ് നമ്മളെ അനുഗ്രഹിക്കുന്നു. ഇന്ന് രാവിലെ കുട്ടികളെ സ്കൂളിൽ എത്തിച്ചതിന് തൊട്ടുപിന്നാലെ, ഒരു മുറിയിൽ ഞാൻ പഠിക്കാൻ വേണ്ടി പോയി. കുറച്ച് മുമ്പ് പുറത്ത് വന്നിട്ട്; ഒരു അത്ഭുതകരമായ സമയം ആയിരുന്നു. കഴിഞ്ഞ രാത്രിയിലും, ഒരുവിധം വൈകി, പോയിരുന്നു.

6 ഏകദേശം രണ്ടര മണിയോടെ രാവിലെ കുറച്ചു ആളുകൾ വടക്ക് നിന്ന് ഇവിടെ എത്തിയിരുന്നു, അവർക്ക് ഞങ്ങളെ... അവർ എന്നെ മരിക്കുന്ന ഒരു പെൺകുട്ടിക്ക് വേണ്ടി പ്രാർത്ഥിക്കാൻ എഴുന്നേൽപ്പിച്ചു. കർത്താവ് അവളെ സുഖപ്പെടുത്തുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഇന്ത്യാനയിലെ, ബെഡ്ഫോർഡിൽ നിന്ന് അവർ വന്നിരുന്നു, അപ്പോൾ തന്നെ ആ കൊച്ചു പെൺകുട്ടിക്ക് വേണ്ടി, പ്രാർത്ഥിക്കണമെന്ന അഭ്യർത്ഥനയായിരുന്നു. രണ്ടുപേർ ഇന്നലെ രാത്രിയിൽ ഇവിടെ ശുശ്രൂഷയിലുണ്ടായിരുന്നു, അവർ അവിടെ നിന്ന് ഇത്രയും ദൂരം വണ്ടിയോടിച്ചു വരുകയും അതുപോലെ തിരികെയും പോയിരുന്നു, എന്നിട്ട് തിരികെ വീണ്ടും എത്തിയിരുന്നു. ഒരു പക്ഷേ

രാത്രി മുഴുവൻ വണ്ടി ഓടിച്ചിരുന്നേക്കാം. അതിനാൽ, ജനങ്ങൾക്ക് അത്തരം ആത്മവിശ്വാസവും ദൈവത്തിൽ വിശ്വാസവും ഉണ്ടെന്ന് അറിയുന്നത് ഒരു നല്ല കാര്യമാകുന്നു.

7 ഓ, നമ്മൾ ജീവിക്കുന്നത് ഒരു മഹത്തായ ദിവസമാകുന്നു. ഈ സഭാ യുഗങ്ങളിൽ, കൂടുതൽ കൂടുതൽ കാര്യങ്ങൾ നമുക്ക് മനസ്സിലാക്കാൻ കഴിയുമെന്ന്, നമ്മൾ ഇപ്പോൾ പ്രതീക്ഷിക്കുന്നു.

8 ഇപ്പോൾ നമ്മൾ ഓരോ രാത്രിയും അൽപ്പം നേരത്തെ ആരംഭിക്കാൻ ശ്രമിക്കുകയാണ്, അതിനാൽ നമുക്ക് നേരത്തെ സമാപിക്കാൻ കഴിയും. അത് നിങ്ങൾക്ക് നന്നായി തോന്നുന്നുണ്ടോ? അത് ജോലി ചെയ്യുന്ന ആൾക്കാർക്ക് സമയത്തിന് വീട്ടിലെത്താൻ സഹായിക്കുകയും, അതിനാൽ അവർക്ക് ജോലിക്ക് പോകാൻ കഴിയും. കഴിഞ്ഞ രാത്രിയിൽ നമ്മൾ ഏകദേശം അഞ്ച് മണിയോടെ സമാപിച്ചു, ഒമ്പത് കഴിഞ്ഞ് പത്ത് മിനിറ്റ്, അല്ലെങ്കിൽ കുറഞ്ഞ പക്ഷം ഞാൻ അത് പൂർത്തിയാക്കി. അതിനാൽ ഇന്ന് രാത്രിയിൽ നമ്മളോടൊപ്പം സന്ദർശിക്കുന്നവരായ എല്ലാ ശുശ്രൂഷകർക്കും വേണ്ടി ഞങ്ങൾ വളരെ സന്തോഷമുള്ളവരാകുന്നു. അതോടൊപ്പം ഞാൻ—ഞാൻ...സഹോദരൻ ജൂനിയർ ജാക്സൺ, സഹോദരൻ കാർപെൻ്റർ, കൂടാതെ അവിടെയുള്ള നമ്മുടെ സഭയിലെ സഹോദരന്മാരും, കൂടാതെ വളരെയധികം പേർ ഇവിടെ പ്രസംഗപീഠത്തിലും പുറത്തായും ആകുന്നു.

9 സുവിശേഷ പ്രചാരണ മേഖലയിൽ എന്നോടൊപ്പം ഉണ്ടായിരുന്ന എൻ്റെ വളരെ വിലപ്പെട്ട ഒരു സുഹൃത്തിനാൽ എന്നോട് പറഞ്ഞിരുന്നു, സഹോദരനും സഹോദരി ആൻഡ്രൂവും വളരെ ദൂരെ ചൈനയിൽ നിന്നും കഴിഞ്ഞ രാത്രിയിലെ യോഗങ്ങളിൽ ഇവിടെ ഉണ്ടായിരുന്നു. ഈ കഴിഞ്ഞ വർഷം ജമൈക്കയിൽ ഞങ്ങൾക്ക് ഒരുമിച്ചുണ്ടായിരുന്ന സമയം എന്തൊരു അത്ഭുതകരമായിരുന്നു. ഞങ്ങൾക്ക് ഒരു മഹത്തായ സമയം ആയിരുന്നു, ഞാൻ അവരുടെ വീട്ടിലേക്ക് പോയിരുന്നു. എൻ്റെ, എങ്കിൽ...ഇന്ന് രാത്രിയിൽ സഹോദരനും സഹോദരി ആൻഡ്രൂവും ഇവിടെ സന്നിഹിതരാണോ എന്ന് ഞാൻ അത്ഭുതപ്പെടുന്നു ഇവിടെ—ഈ യോഗത്തിൽ ഉണ്ടോ? ഈ കെട്ടിടം ശരിക്കും അത്രയ്ക്ക് യോചിച്ചതല്ല, അതിനാൽ...അതെ, നേരെ പിന്നിലായി അവിടെ ഇരിക്കുന്നു. സഹോദരനും സഹോദരി ആൻഡ്രൂവും, ഒരു നിമിഷത്തേക്ക് ഒന്ന് എഴുന്നേറ്റു നിൽക്കാൻ കഴിയുമോ എന്ന് ഞാൻ അത്ഭുതപ്പെടുന്നു. കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ. സഹോദരനെയും സഹോദരി ആൻഡ്രൂവിനെയും നിങ്ങളെ കാണുന്നതിൽ ഞങ്ങൾ അതിയായി സന്തോഷിക്കുന്നു.

കഴിഞ്ഞ വർഷം ഞാൻ അവിടെ എത്തിയപ്പോൾ ഞാൻ അവരെ ക്ഷണിച്ചിരുന്നു.

10 ഇപ്പോൾ, ഇത് അവരുടെ സാന്നിധ്യത്തിൽ പറയുകയല്ല (ഞാൻ കൂടുതൽ പറയാൻ പോകുകയായിരുന്നു, പക്ഷേ ഞാൻ അത് ഇപ്പോൾ പറയുന്നില്ല), എന്നാൽ അവരെയാണ് ഞാൻ യഥാർത്ഥ മിഷനറിമാർ എന്ന് വിളിക്കുന്നത്. നാളെ രാത്രി അവർ കടന്നു വരുകയാണെങ്കിൽ, ഞങ്ങൾ പ്രവേശിക്കുന്നതിന് തൊട്ടുമുമ്പ് അവർ ഇവിടെ സംസാരിക്കട്ടെ. ഒരു സുവിശേഷ പ്രവർത്തന മേഖല യഥാർത്ഥത്തിൽ എന്താണ് അർത്ഥമാക്കുന്നത് എന്ന് നിങ്ങൾ കേൾക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു, അവർ വളരെ ദൂരം ഉൾപ്രദേശങ്ങളിൽ എത്തിയിട്ട് അവരുടെ പക്കൽ ഒന്നും തന്നെ ഇല്ലാതെ...ശരി, അവർ...അവർ അവിടെ എത്തിയിട്ട് വർഷങ്ങൾ വർഷങ്ങൾ വർഷങ്ങളായിട്ടുണ്ടെന്ന് ഞാൻ കരുതുന്നു, കൂടാതെ വർഷങ്ങൾ വർഷങ്ങളോളം തന്നെ അവർ ഒരു മോട്ടോർ വാഹനമോ അല്ലെങ്കിൽ ഒരു തീവണ്ടിയോ, അല്ലെങ്കിൽ അതുപോലെ മറ്റെന്തെങ്കിലും, ഒരിക്കലും കണ്ടിട്ടില്ല. ഇപ്രകാരം സഹോദരി അവരുടെ അപ്പം ഉണ്ടാക്കുകയും...അവർ എങ്ങനെ അത് അടിച്ച് എടുത്തു ഉണ്ടാക്കുകയും ചെയ്തിരുന്നു. അതോടൊപ്പം...ഇപ്പോൾ, അത് യഥാർത്ഥ സുവിശേഷ പ്രവർത്തനം. സഹോദരൻ ആൻഡ്രൂവിൻറെ പക്കൽ ഒരു സൂചിയും നൂലും ഉണ്ടായിരുന്നു, അദ്ദേഹം ഒരു ഡോക്ടറായിരുന്നു, അവർക്ക് മുറിവുണ്ടാകുമ്പോൾ അദ്ദേഹം അതെല്ലാം തുന്നിക്കെട്ടിയിരുന്നു. അത് ഞാൻ വിചാരിക്കുന്നത് കുട്ടികൾ...കുട്ടികൾ കൂടി വരുമ്പോഴാകുന്നു. സഹോദരി ആൻഡ്രൂ ഒരുപക്ഷേ ഒരു സൂതികർമ്മിണിയും സഹോദരൻ ആൻഡ്രൂ ഡോക്ടറും ആയിരുന്നു. ഇവർ അവരെ മാത്രം ആശ്രയിച്ചിരുന്നു.

11 അതിനുശേഷം സുവിശേഷ പ്രവർത്തനങ്ങൾ...ഇംഗ്ലണ്ടിൽ നിന്നും, ഇംഗ്ലണ്ടിലെ പെന്തക്കോസ്ത് സുവിശേഷ പ്രവർത്തനങ്ങൾ, അവർ പറഞ്ഞു "സുവിശേഷ മേഖലയിലേക്ക് മടങ്ങാൻ വളരെ പ്രായമായി കഴിഞ്ഞിരിക്കുന്നു," (അവർ എത്ര വലിയ സുവിശേഷ പ്രവർത്തകരാണെന്ന് ഞാൻ നിങ്ങളോട് പറയാം, അവർ ഒരു ചാരുകസേരയും എടുത്ത് വെറുതെ ഇരിക്കാൻ പോകുന്നില്ല) അവർ സ്വന്ത ഇഷ്ടപ്രകാരം അവിടേക്ക് പോയിരുന്നു, അവർ ജമൈക്കയിലേക്കും അതിനുമപ്പുറത്തേക്കും ഇപ്പോൾ പ്രചാരണ പ്രവർത്തനങ്ങൾ ചെയ്തു പോകുന്നു. സഹോദരൻ ഫ്രെഡ് സോത്മാനും എനിക്കും അവരുടെ വീടുകളിൽ പോകാനും അവരെ സന്ദർശിക്കാനുമുള്ള സൗഭാഗ്യം ഞങ്ങൾക്കുണ്ടായി, എത്ര

മനോഹരമായ സമയമാണ് അവർ ഞങ്ങൾക്ക് കാണിച്ചുതന്നത്; അത്രയും—അത്രയും ക്രിസ്ത്യാനികൾക്ക് കഴിയുന്നത്ര മാധുര്യത്തോടെ ആയിരുന്നു. ഞാൻ നിങ്ങളോട് പറയട്ടെ, ഞാൻ ഇത് പറയുന്നത് അതിനായിട്ടല്ല...അവർ പോയിക്കഴിഞ്ഞ ശേഷം ഒരു റീത്ത് കൊടുക്കുന്നതിലും നല്ലത് ഒരു റോസാപ്പൂവ് ഇപ്പോൾ കൊടുക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ നിങ്ങളോട് പറയട്ടെ, അവർ യഥാർത്ഥ ക്രിസ്ത്യാനികൾ ആകുന്നു. ഞാൻ എൻ്റെ ഭാര്യയോട് പറഞ്ഞു ഒരു വ്യക്തിക്ക് കണ്ടുമുട്ടാൻ കഴിയുന്നതിൽ വച്ചേറ്റവും മാധുര്യതയും സ്നേഹവുമുള്ള ക്രിസ്തീയ മഹിളകളിൽ ഒരാളാണ് സഹോദരി ആൻഡ്രൂ. അവർ വളരെ...അവരുടെ സ്വഭാവം ക്രിസ്തുവിലേക്ക് രൂപപ്പെട്ടിരിക്കുന്നു, അതോടൊപ്പം; സഹോദരൻ ആൻഡ്രൂവും, ആകുന്നു. അതിനാൽ, നിങ്ങൾ എല്ലാവരും അവർ എഴുന്നേറ്റുനിന്ന് ഇപ്പോൾ കണ്ടിരിക്കുന്നു എന്ന് എനിക്ക് ഉറപ്പാകുന്നു, ഈ സഭ മുഴുവനും അവരുടെ കൈകൾ പിടിച്ചു കുലുക്കണമെന്നും അവർ ഇവിടെ നിന്നും പോകുന്നതിനു മുമ്പേ അവരെ കേൾക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു.

12 ഇപ്പോൾ, നാളെ, കർത്താവ് ആഗ്രഹിക്കുന്നപക്ഷം, എന്തുകൊണ്ട്, നമ്മൾ...നാളെ രാത്രിയിൽ നമ്മൾ ഈ രണ്ടാമത്തെ സഭാ യുഗം ആരംഭിക്കുന്നതാണ്. ഇന്ന് രാത്രിയിൽ നമ്മൾ ആദ്യത്തെ സഭാ യുഗത്തിൽ തുടങ്ങുകയാണ്. കർത്താവ് നമുക്കായി ഒരു അനുഗ്രഹം കരുതിയിട്ടുണ്ടെന്ന് എനിക്ക് ഉറപ്പാണ്.

13 ഓർക്കുക, ഞാൻ മുമ്പ് പറഞ്ഞതുപോലെ, ചിലപ്പോൾ ഈ കാര്യങ്ങളിൽ നാം അവരോട് ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം വിയോജിക്കാനിടയുണ്ട് അത്—അത് വേദശാസ്ത്രത്തെ സംബന്ധിച്ചിടത്തോളമാകുന്നു. എൻ്റെ പക്കലുള്ള മിക്ക തീയതികളും ഞാൻ ആധികാരിക ചരിത്രകാരന്മാരിൽ നിന്നും എടുക്കുന്നു, അത് വാസ്തവമായും ഒരു ഭാഗത്തും താൽപ്പര്യമില്ലാത്തവരാകുന്നു, അവർ വസ്തുതകൾ എഴുതി, അത് എന്തായിരുന്നാലും, സഭകൾ എന്താണ് ചെയ്തത് അതാകുന്നു. കൂടാതെ ഞാൻ...തീർച്ചയായും, വ്യാഖ്യാനത്തിൻ്റെ ദൈവിക ഭാഗം, ഞാൻ അത് സ്വയം അവിടെ സ്ഥാപിക്കാൻ ശ്രമിക്കുന്നു, അത് എനിക്കറിയാവുന്നതിൽ വച്ചേറ്റവും മികച്ച രീതിയിലാകുന്നു. ചിലപ്പോൾ ഞാൻ അൽപ്പം പരുഷമായോ അവിവേകത്തോടെയോ സംസാരിക്കുകയാണെങ്കിൽ, ഞാൻ അത് അങ്ങനെ അർത്ഥമാക്കുന്നില്ല. എന്നെ അറിയാവുന്ന എല്ലാവർക്കും, അത് അറിയാം, ഞാൻ അങ്ങനെ ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. ഞാൻ ആഗ്രഹിക്കുന്നത്...എന്നാൽ ഒരു കാര്യം ചൂണ്ടി കാണിക്കുന്നതിന്

വേണ്ടി, നിങ്ങൾ...അതിപ്രകാരം ഒരു പലകയിൽ ആണി അടിച്ചു കേറ്റുന്നതുപോലെയാണ്, നിങ്ങൾ അത് അവിടെ മുട്ടിച്ചു വച്ചാൽ, അത് അവിടെ പിടിക്കില്ല. നിങ്ങൾക്ക് അതിനെ പിടിച്ചുനിർത്താൻ, അതിനെ താഴേക്ക് അടിച്ചു അമർത്തേണ്ടതായിട്ടുണ്ട്. അതാണ് ഞാൻ ചെയ്യാൻ ശ്രമിക്കുന്നത്. അതിനാൽ ഇത് ഞാൻ വിയോജിക്കാൻ ശ്രമിക്കുന്നതല്ല, കാരണം ഞാൻ എല്ലാ സഭാ വിഭാഗങ്ങൾക്കും മറ്റുമായി സംസാരിക്കുന്നു, അതുകൊണ്ട് അത് അങ്ങനെ...ആയിരിക്കുന്നില്ല.

14 ഞാൻ എപ്പോഴും പറയാറുള്ളതുപോലെ, ഇത് കന്നുകാലികളെ മുദ്ര കുത്തുന്നത് പോലെയാകുന്നു. ഞാൻ ഓർക്കുന്നു വർഷങ്ങൾക്ക് മുമ്പ് ഒരു ദിവസം സൂര്യാസ്തമയ സമയത്ത് അവിടെ ഇരിക്കുമ്പോൾ അവയെല്ലാം...വസന്തകാലം എത്തിക്കഴിഞ്ഞിരുന്നു, കന്നുകാലികളെ വനപ്രദേശങ്ങളിലേക്ക് കൊണ്ടുപോകുകയും, ഞാൻ അവയെ മുകളിലേക്ക് ഓടിച്ചു കൊണ്ടുപോകാൻ സഹായിച്ചിരുന്നു, ഹെയർഫോർഡ് അസോസിയേഷൻകാർ മേയുന്ന ഒഴുക്കിൻറെ മറവു എന്ന് അവർ വിളിച്ചിരുന്ന ഈ—ഈ പ്രശ്നകരമായ നദി താഴ്വര ആയിരുന്നു. അവിടെ ഞാൻ കുതിരക്കോപ്പിൻറെ കൊമ്പിൽ എൻ്റെ കാല് തൂക്കിയിട്ട് ഇരിക്കുകയായിരുന്നു, ഈ വനപാലകൻ കന്നുകാലികളെയും കൊണ്ട് ഒഴുക്കിൻറെ മറവിൽക്കൂടെ കടന്നു പോകുന്നത് നിരീക്ഷിക്കുകയായിരുന്നു.

15 ഇപ്പോൾ, നിങ്ങൾക്ക് ഇത് ആവശ്യമാകുന്നു...അത് നിങ്ങൾ സർക്കാരിൻറെ വസ്തുവകകളിൽ കൂടി കടന്നു പോകുമ്പോഴാകുന്നു, ഒരു പശുവിനെ മേച്ചിൽ പ്രദേശത്തേക്ക് കൊണ്ടുപോകുന്നതിന് മുമ്പ് നിങ്ങൾക്ക് ഒരു ടണ്ണോളം കച്ചി വളർത്താൻ കഴിഞ്ഞിരിക്കണം. അതുകൊണ്ട് ഓരോ മേച്ചൽപ്പുറവും വളരെയധികം വൈക്കോൽ ഉത്പാദിപ്പിക്കുന്നതിനാൽ, ധാരാളം കന്നുകാലികൾക്ക്, അത് ലഭിക്കുന്നതിന് ഇടയാകുന്നു.

16 ഇപ്പോൾ, എല്ലാ തരത്തിൽപ്പെട്ട മുദ്രകൾ അവയുടെമേൽ ആയിക്കൊണ്ടാണ് അതിലെ കടന്നുപോകുന്നത്. അവയിൽ ചിലതിൻറെ മേൽ ഉണ്ടായിരുന്നത് ആകുന്നു "ബാർ എക്സ്." അവിടെ ഞങ്ങളുടെ തൊട്ടു അടുത്ത് തന്നെ ശ്രീമാൻ ഗ്രിംസ് ഉണ്ടായിരുന്നു അദ്ദേഹത്തിന് "ഡയമണ്ട് ടി," ആയിരുന്നു ഒരു ടി വജ്രത്തിൻ്റെ ഒരറ്റത്തായിരുന്നു. അവിടെ ആ "മടിയൻ കെ," ഉണ്ടായിരുന്നു അത് പ്രശ്നകരമായ നദിയുടെ തുടക്കം വരെ ആയിരുന്നു. ഞങ്ങളുടേത് ആയിരുന്നു "തുർക്കി ട്രാക്ക്." ഞങ്ങൾക്ക് തൊട്ടു താഴെ ആയിരുന്നു "ട്രൈപോഡ്." ആ വാതിലിൽക്കൂടെ എല്ലാത്തരം മുദ്രകളും കടന്നു

പോകുന്നുണ്ടായിരുന്നു.

17 ഈ വനപാലകൻ ഒരിക്കലും ആ മുദ്രകളിൽ കൂടുതൽ ശ്രദ്ധ ചെലുത്തിയിരുന്നില്ല എന്ന് ഞാൻ ശ്രദ്ധിച്ചിരുന്നു, അവൻ ഒരിക്കലും അതിലേക്ക നോക്കിയിരുന്നില്ല. ചിലപ്പോൾ അത് പശുവിൻ്റെ ഇടതു ഭാഗത്തായിരുന്നു, അതിനാൽ അയാൾക്ക് ഈ മുദ്ര കാണാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് ഇത്—അവൻ ആ മുദ്ര നിരീക്ഷിക്കുകയായിരുന്നില്ല. എന്നാൽ ഒരു കാര്യം അവന് ഉറപ്പായിരുന്നു, അതായത് ഒരു പശുവും അതിൽക്കൂടെ അതിൻ്റെ ചെവിയുടെ മേൽ ഒരു രക്തത്തിൻറെ അടയാളമില്ലാതെ കടന്നു പോകാൻ ഇടയാകരുത്. അത് ഒരു നല്ല സങ്കരമല്ലാത്ത ഹെയർഫോർഡ് ആയിരിക്കണം അല്ലെങ്കിൽ അതിന് ആ വനത്തിൽ പോകാൻ കഴിയില്ല. അവയുടെ മേലുള്ള മുദ്ര വലിയ വ്യത്യാസം വരുത്തിയില്ല, എന്നാൽ അത് രക്തത്താലുള്ള അടയാളം ആയിരുന്നു. അതുകൊണ്ട് ന്യായ വിധിയിലും അത് തന്നെ ആയിരുക്കുമെന്ന് ഞാൻ കരുതുന്നു. ഇത് നമ്മൾ ധരിക്കുന്ന മുദ്ര ഏത് ആയിരിക്കും എന്നുള്ളതല്ല, എന്നാൽ അവൻ രക്തത്താലുള്ള അടയാളത്തിന് വേണ്ടി നോക്കും, "ഞാൻ രക്തം കാണുമ്പോൾ, നിങ്ങളെ ഒഴിഞ്ഞു കടന്നു പോകും."

(ഇപ്പോൾ, എനിക്ക് അൽപ്പം തെറ്റപ്പറ്റിയിട്ടുണ്ടോ, ജീൻ, എനിക്ക് പറ്റിയിട്ടുണ്ടോ?) [സഹോദരൻ ജീൻ ഗോഡ് പറയുന്നു, "*ഈ* മൈക്രോഫോൺ മുഴങ്ങുന്നുണ്ട്."—Ed.] (മുഴങ്ങുന്നുണ്ട്. ശരി...ഇത് രണ്ടിനും ഇടയിലുള്ള ഒരു മാറ്റമാണ്, അത് ശരിയാണോ?) ["*ഇത്* നല്ല ഒന്നാകുന്നു കൂടാതെ *അത്* അത്രയും നല്ല ഒന്നല്ല."] (ശരി. നന്ദിയുണ്ട് സഹോദരൻ ജീൻ. ശരി.)

18 ഇപ്പോൾ നമ്മൾ ഇന്ന് രാത്രി വീണ്ടും നേരത്തെ സമാപിക്കാൻ ശ്രമിക്കുന്നതാണ്, അതിനാൽ നമുക്ക് നാളെ രാത്രി തിരിച്ചെത്തി ഈ സഭാകാലങ്ങളെ എടുക്കാൻ കഴിയും. ഞാൻ നിങ്ങളോട് പറയട്ടെ, ഇതിൻറെ വഴിയുടെ അരികത്തായി കിടക്കുന്ന ചില മഹത്തായ കാര്യങ്ങൾ പിടിച്ചു വച്ചു കൊണ്ടിരിക്കുന്നത് എനിക്ക് വളരെ ബുദ്ധിമുട്ടാകുന്നു; ഞാൻ ഒരു രാത്രികൊണ്ട് അവയെല്ലാം പുറത്തെടുക്കാൻ ശ്രമിക്കുകയാണ്. നിങ്ങൾക്കറിയാമോ, അത് ഒരു രീതിയിലുള്ള എൻറെ ഒരു സ്വഭാവമാണ്, എന്നാൽ ഓരോ രാത്രിയും നമുക്ക് അത് സ്വൽപ്പമായി പിടിച്ചു വെക്കണം.

19 ഇപ്പോൾ, മഹത്തായ ഈ പുസ്തകം തുറക്കാൻ തുടങ്ങുന്നതിനുമുമ്പ്, നമുക്ക് ഒരു നിമിഷം എഴുന്നേറ്റു നിൽക്കാൻ കഴിയുമോ എന്ന് ഞാൻ അതിശയപ്പെടുന്നു...നമ്മൾ എഴുന്നേറ്റു നിൽക്കുമ്പോൾ...നിങ്ങളുടെ

സ്ഥാനം ഒന്ന് മാറ്റാൻ കഴിയുന്നവർ, അത് ചെയ്യാവുന്നതാണ്. ഇപ്പോൾ പ്രാർത്ഥനക്കായിട്ട്, ഭക്തി ആദരവോടെ, നമ്മുടെ തലകൾ വണങ്ങാം:

20 സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, ഞങ്ങൾ വീണ്ടും അങ്ങയുടെ മഹത്തായ വിശുദ്ധ സിംഹാസനത്തെ, വിശ്വാസത്തിൽ യാതൊരു തളർച്ചയുമില്ലാതെ സമീപിക്കുന്നു, എന്തെന്നാൽ, ഞങ്ങൾ വരുന്നു കാരണം ഞങ്ങളോട് വരാൻ അപേക്ഷിച്ചിരിക്കുന്നു. ഞങ്ങൾ വരുന്നത് ഏതെങ്കിലുമൊരു പ്രത്യേക സഭയുടെ പേരിലോ അല്ലെങ്കിൽ ഒരു വിഭാഗീയ സഭയുടെ പേരിലോ, അല്ലെങ്കിൽ ഈ സഭയുടെ പേരിലോ ആണെന്ന് ഞങ്ങൾക്ക് പറയാൻ കഴിയില്ല, അല്ലെങ്കിൽ ഞങ്ങളുടെ സ്വന്തം പേരിലോ ആകുന്നില്ല, കാരണം ഞങ്ങൾക്ക് ദൈവത്തോട് കൂടെ ശ്രവണത ലഭിക്കുമോ ഇല്ലയോ എന്ന് അതുമായി യാതൊരു ഉറപ്പുമില്ല. എന്നാൽ യേശു നമ്മോട് പറഞ്ഞിട്ടുണ്ട്, "നിങ്ങൾ പിതാവിനോട് എൻ്റെ നാമത്തിൽ എന്ത് ചോദിച്ചാലും, ഞാൻ അത് ചെയ്യും," അതുകൊണ്ട് ഞങ്ങൾ യേശുവിൻ്റെ നാമത്തിലാണ് വരുന്നതെന്ന് ഞങ്ങൾ അറിയുന്നു, പിതാവേ നീ ഞങ്ങളെ കേൾക്കാൻ, പോകുന്നു.

21 കഴിഞ്ഞുപോയ കാലങ്ങളിൽ കൂടി കടന്നുപോയ രക്തസാക്ഷികളെ കുറിച്ച് വായിക്കുമ്പോൾ ഞങ്ങൾ വളരെ സന്തോഷിക്കുന്നു, അവർ ഇപ്രകാരം അവരുടെ സ്വന്തം രക്തം കൊണ്ട് അവരുടെ സാക്ഷ്യം മുദ്രവെച്ചിരിക്കുന്നു, അപ്പോൾ, പിതാവേ, ഈ ദിവസത്തിൽ ഞങ്ങൾ വളരെ കുറച്ച് മാത്രമേ ചെയ്യുന്നുള്ളൂവെന്ന് ഞങ്ങൾക്ക് അനുഭവപ്പെടുന്നു. കർത്താവേ, ഞാൻ അങ്ങയോട്, അവിടുന്ന് അങ്ങയുടെ ജോലിയെ സംബന്ധിച്ചിട്ടുള്ള ഞങ്ങളുടെ—അശ്രദ്ധയെ, ഞങ്ങളോട് ക്ഷമിക്കണമേ, എന്ന് നിന്നോട് ആപേക്ഷിക്കുന്നു. കൂടാതെ അങ്ങയുടെ വചനം വായിക്കുമ്പോൾ അവിടുന്ന് ഞങ്ങളെ പുതുതായി അഭിഷേകം ചെയ്യണമെ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു, അതോടൊപ്പം കഴിഞ്ഞു പോയ കാലങ്ങളിൽ കൂടെ കൊണ്ടുവരപ്പെട്ട കഷ്ടതകളെയും കാണുക അത് ജീവനുള്ള ദൈവത്തിൻ്റെ ഈ മഹത്തായ വിലപ്പെട്ട സഭയുടെ പ്രമാണങ്ങളെ ഉണ്ടാക്കാനായിരുന്നു.

22 ഞാൻ അങ്ങയോട്ടു അപേക്ഷിക്കുന്നു, സ്വർഗ്ഗീയ പിതാവേ, ഇന്ന് രാത്രിയിൽ ഞങ്ങളിൽ കൂടി സംസാരിക്കേണമേ കാരണം എന്താണ് പറയേണ്ടതെന്ന് ഞങ്ങൾക്ക് അറിയില്ല; ഞങ്ങൾ കാത്തിരിക്കുകയും, ഞങ്ങൾ ഈ പ്രാർത്ഥന ഇവിടെ അപേക്ഷിക്കുകയും ചെയ്യുന്നു കാരണം ഞങ്ങൾ അവൻ്റെ സഭയിൽ ദൈവത്തിൻ്റെ

സാന്നിധ്യത്തിലാകുന്നു, കൂടാതെ ഞങ്ങൾ അപേക്ഷിക്കുന്നു അതായത് ഈ ജനങ്ങളുടെ മേൽ ആയിരിക്കുന്ന പരിശുദ്ധാത്മാവ് ഇന്ന് രാത്രി അതിൻ്റെ ശക്തികളെ ഒന്നിപ്പിച്ചിട്ട് എല്ലാ ഹൃദയങ്ങളിലേക്കും സുവിശേഷം പിടിച്ചു കുലുക്കാൻ ഇടയാക്കേണമേ, അത് ഞങ്ങൾക്ക് ഒരു പുതിയ നിലപാടും വരുവാനിരിക്കുന്ന യുഗത്തിന് ഒരു പുതിയ പ്രത്യാശയും നൽകും. കർത്താവേ, അത് അനുവദിക്കേണമേ, കാരണം ഞങ്ങൾ അത്തിവൃക്ഷം തളിർക്കുന്നതും ഇസ്രായേൽ ഒരു ദേശമായി തീരുകയും ചെയ്യുന്നത് കാണുന്നു. അതോടൊപ്പം ജാതികളുടെ നാളുകൾ മങ്ങിക്കൊണ്ടിരിക്കുകയും എണ്ണപ്പെടുകയും ചെയ്യുന്നു, ഞങ്ങളുടെ വീണ്ടെടുപ്പുകാരനായ കർത്താവായ യേശുക്രിസ്തുവിൻ്റെ, മഹത്തായ വരവിനായി ഞങ്ങൾ കാത്തിരിക്കുന്നു.

23 കർത്താവേ, ഞങ്ങളുടെ ഇടയിൽ നടക്കണമേ. അത് ഇന്ന് രാത്രി പറഞ്ഞതുപോലെയാകുന്നു, "നീ പൊൻവിളക്കുകൾക്കിടയിൽ നടക്കുന്നു," എങ്കിൽ ഇന്ന് രാത്രിയിൽ ഞങ്ങളുടെ ഇടയിൽ നടക്കേണമേ, കർത്താവേ. വരാനിരിക്കുന്ന തിന്മയെക്കുറിച്ച് ഞങ്ങളുടെ ഹൃദയങ്ങൾക്ക് മുന്നറിയിപ്പ് നൽകുകയും, അങ്ങയുടെ വചനത്തിൻറെ ഗ്രഹണശക്തി നൽകുകയും ചെയ്യേണമേ, കാരണം ഞങ്ങൾ അത് യേശുവിൻ്റെ നാമത്തിൽ അപേക്ഷിക്കുന്നു. ആമേൻ. നിങ്ങൾക്കിരിക്കാം.

24 ഇപ്പോൾ, ഞാൻ പറഞ്ഞതുപോലെ ഓരോ ദിവസവും, എനിക്ക് കഴിയുന്നത്രയും കടലാസിൽ എഴുതി കൊണ്ട് വന്നിട്ടുള്ളത് ഞാൻ എടുക്കാൻ ശ്രമിക്കുന്നതാണ്, അത് കാലങ്ങളും, സ്ഥലങ്ങളും, ഇത്യാദി എല്ലാമാകുന്നു, കാരണം നമ്മൾ സമീപിക്കുന്നത് ഒരു ചരിത്രപരമായ സംഭവമാണ്. ഇതൊരു ചരിത്രമായിരിക്കുന്നു, അങ്ങനെ ഇപ്പോൾ നമ്മൾ അതിലേക്കു കടന്നു വരുകയാണ്, കൂടാതെ, ഇത് സമയവുമായിട്ട് താരതമ്യപ്പെടുത്തുകയാണ്.

25 ഇപ്പോൾ, ഞായറാഴ്ച രാവിലെയും ഞായറാഴ്ച ഉച്ചതിരിഞ്ഞും... അല്ലെങ്കിൽ ഞായറാഴ്ച വൈകുന്നേരം, എന്ന് പറയുന്നതാണ് ശരി, നമുക്കൊരു മഹത്തായ സമയം ആയിരുന്നു. എനിക്ക് ഉറപ്പാണ് നമുക്ക് അതായിരുന്നു. എനിക്ക് സ്വയം, ആയിരുന്നു, കൂടാതെ വെളിപാടിൻ്റെയും...

26 ഇപ്പോൾ, നമ്മൾ എന്താണ് പഠിക്കുന്നത്? യേശുക്രിസ്തുവിൻ്റെ വെളിപാട്. നമ്മൾ എന്താണ് കണ്ടെത്തിയത് ദൈവം വെളിപാട് കാണിച്ചു തരുകയും കൂടാതെ അവൻ ആരായിരുന്നു? എല്ലാ വെളിപാടുകളിൽനിന്നും നാം ആദ്യം കണ്ടെത്തുന്നത്, താൻ ആരാണെന്ന് ദൈവം വെളിപ്പെടുത്തി എന്നതാകുന്നു. അതായത്,

യേശു ഒരു ത്രിത്വത്തിലെ മൂന്നാമത്തെ വ്യക്തിയായിരുന്നില്ല, അവൻ പൂർണ്ണമായ ത്രിത്വമായിരുന്നു. അവൻ പിതാവും പുത്രനും പരിശുദ്ധാത്മാവും ആയിരുന്നു. അതായിരുന്നു വെളിപാട്. അവൻ സർവശക്തനായ ദൈവമാണെന്ന്, ഒരേ അധ്യായത്തിൽ തന്നെ നാല് പ്രാവശ്യം പറഞ്ഞിരിക്കുന്നു; അവൻ ഇരിക്കുന്നവനും, ഇരുന്നവനും, വരുന്നവനുമാകുന്നു; ദാവീദിൻറെ വേരും വംശവുമാകുന്നു.

27 ഇപ്പോൾ, നാം കണ്ടെത്തുന്നത്, അതിനുശേഷം, അതായത് ഈ മുഴുവൻ കാര്യങ്ങളെയും വിശദമാക്കാൻ വേണ്ടി നമ്മൾ ശ്രമിക്കാൻ പോകുകയാണ്, കാരണം, ഇനിയും നമ്മൾ എപ്പോൾ ഇത് വീണ്ടും കേൾക്കുമെന്ന് എനിക്കറിയില്ല, ഒരുപക്ഷേ ഒരിക്കലുമുണ്ടാകില്ല, കാലം ഇല്ലാതാകുകയും നിത്യതയിലേക്ക് മങ്ങുകയും ചെയ്യും വരെ. ഇപ്പോൾ, ഞാൻ പറയുന്നതുപോലെ, ഇത് സംസാരിക്കാൻ എന്നെക്കാൾ യോഗ്യരായ അനേകം സഹോദരന്മാരും അധ്യാപകരും ഉണ്ടായിരിക്കാം. ഒരുപക്ഷേ അതിനൊരു മികച്ച വ്യാഖ്യാനം ലഭിച്ചേക്കാം, പക്ഷേ അത് ചെയ്യാൻ ദൈവം ഇത് എൻ്റെ ഹൃദയത്തിൽ വെച്ചിരിക്കുന്നു അതിനാൽ എനിക്ക് ശരിയെന്ന് തോന്നിയത് കൃത്യമായി പറഞ്ഞില്ലെങ്കിൽ ഞാൻ ഒരു കപടവ്യക്തിയാകും. നോക്കൂ? അതിനാൽ, ഞാൻ—ഞാൻ എല്ലായ്പ്പോഴും ദൈവമുമ്പാകെ അത് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു, എല്ലാ സമയത്തും, അതായത് "ഞാൻ ഒട്ടും മറച്ചുവെക്കാതെ," അതിപ്രകാരം പൗലോസ് പറഞ്ഞതുപോലെയാകുന്നു, "രാപ്പകൽ ഇടവിടാതെ, കണ്ണുനീർ വാർത്തുംകൊണ്ടു, സഭ നിൽക്കാൻ വേണ്ടി നിങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നു." അതുകൊണ്ടു നിങ്ങളിൽ ആരെങ്കിലും നശിച്ചുപോയാൽ ഞാൻ കുറ്റക്കാരനല്ല, കാരണം ആ സമയത്ത് എല്ലാ മനുഷ്യരുടെയും രക്തത്തിൽ നിന്ന് വ്യക്തമാകാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനാൽ നിങ്ങൾ വ്യത്യസ്തരാണെങ്കിൽ, എന്തുകൊണ്ട്, അത്, നല്ല സൗഹൃദപരമായ രീതിയിൽ, അത് നന്നായിരിക്കും. ഇപ്പോൾ, പക്ഷേ, നമുക്കെല്ലാവർക്കും ഒരുമിച്ച് സഹായിക്കുന്ന എന്തെങ്കിലും കർത്താവ് വെളിപ്പെടുത്തിയേക്കാം.

28 ഇപ്പോൾ, ഒന്നാമതായി, അവൻ തന്നെത്തന്നെ വെളിപ്പെടുത്തിയതായി നാം കാണുന്നു. അവൻ ആരാണെന്ന് ഇപ്പോൾ നമുക്ക് മനസ്സിലായി.

29 ഇപ്പോൾ, മുമ്പോട്ട് പോകുമ്പോൾ, ഞാൻ ഈ പ്രസ്താവന നടത്തിയിരുന്നു അത് തളിക്കലിനെക്കുറിച്ചും, കൂടാതെ "പിതാവിൻറെയും, പുത്രൻറെയും, പരിശുദ്ധാത്മാവിൻറെയും

നാമത്തിലുള്ള സ്നാനത്തെക്കുറിച്ചും" അതൊരു കത്തോലിക്കരുടെ സ്നാനം ആയിരിക്കെ അത് പ്രൊട്ടസ്റ്റൻ്റ്കാരുടെയോ അല്ലെങ്കിൽ ഒരു പുതിയ നിയമ സ്നാനമോ ആയിരിക്കുന്നില്ല, ഇത് ഞാൻ വ്യക്തമാക്കിയിരിക്കുന്നുവെന്ന് ഞാൻ ആശിക്കുന്നു. വേദപുസ്തകത്തിൽ എപ്പോഴെങ്കിലും ആരെങ്കിലും ഇപ്രകാരം സ്നാനമേറ്റവർ ഉണ്ടെങ്കിൽ ആരെങ്കിലും അതിൻറെ തിരുവെഴുത്തിൽ ഒരു ഭാഗം എവിടെയെങ്കിലും ഒന്ന് കാണിച്ചു തരാൻ ഞാൻ ചോദിച്ചിരുന്നു അല്ലെങ്കിൽ അവർ കത്തോലിക്കാ സഭ രൂപീകരിക്കപ്പെട്ട ലവൊദിക്ക്യ സമിതി വരെ, അവിടെ ആരെങ്കിലും എപ്പോഴെങ്കിലും "പിതാവിൻറെയും, പുത്രൻറെയും, പരിശുദ്ധാത്മാവിൻറെയും," നാമത്തിൽ സ്നാനപ്പെട്ടിട്ടുണ്ടെങ്കിൽ ദയവായി കടന്നു വന്നു എന്നെ കാണിക്കുക. എങ്കിൽ ഞാൻ എൻ്റെ പുറകിലായി, "ഒരു കള്ള പ്രവാചകൻ" എന്ന് എഴുതി തൂക്കിയിട്ടുകൊണ്ട് ഈ തെരുവിലൂടെ പോകാം. ഇപ്പോൾ, ഞാൻ അത് വ്യക്തമാക്കുന്നു...ബുദ്ധിമുട്ടുള്ള ഒരു കാര്യമായിട്ടല്ല, എന്നാൽ അത് സത്യമാണെന്ന് നിങ്ങളെ കാണിക്കാൻ വേണ്ടി മാത്രമാകുന്നു. നോക്കൂ?

30 ഇപ്പോൾ, അതിനുശേഷം തിരുവെഴുത്ത് അവനെ ഇവിടെ വെളിപ്പെടുത്തുന്നു, അതായത് അവൻ സർവ്വശക്തനായ ദൈവമാകുന്നു, നമ്മുടെ ഇടയിൽ ജഡമാകുന്നു. നോക്കൂ? ഇത് പിതാവും പുത്രനും പരിശുദ്ധാത്മാവും അല്ല; ഇത് മൂന്ന് ദൈവങ്ങളല്ല, അല്ലെങ്കിൽ ഒരു ദൈവത്തെ മൂന്നിടത്തായി വെട്ടി മുറിച്ചതല്ല. ഇത് ഒരു ദൈവം മൂന്നു കാര്യാലയങ്ങളിലായി പ്രവർത്തിച്ചതാകുന്നു. അത് പിതൃത്വം, പുത്രത്വം, പരിശുദ്ധാത്മാവ് എന്നിവയാകുന്നു. ദൈവം ഏദൻ തോട്ടത്തിൽ നിന്ന് തൻറെ പദവി വിട്ട് ഇറങ്ങി, മനുഷ്യഹൃദയങ്ങളിലേക്ക് തിരികെ കടന്നു വരാൻ ശ്രമിക്കുന്നതാകുന്നു. അവനോടൊപ്പം വീണ്ടും ദൈവത്തിൻറെ പുത്രന്മാരും പുത്രിമാരും ആയി ജീവിക്കാനാകുന്നു. അതാണ് ദൈവം നമുക്ക് മേലെ, ദൈവം നമ്മോട് കൂടെ, ദൈവം നമ്മുടെ ഉള്ളിൽ ആകുന്നു. അതാണ് വ്യത്യാസം. നോക്കൂ?

31 ഇപ്പോൾ ആ കാര്യങ്ങളെല്ലാം, അത് വേദപുസ്തകം വെളിപ്പെടുത്തുകയും അതിനെക്കുറിച്ചു വ്യക്തമായിട്ട് വെളിപാടിൻ്റെ ഒന്നാം അധ്യായത്തിൽ പറഞ്ഞുമിരിക്കുന്നു. അത് വേദപുസ്തകത്തിൽ, പുതിയ നിയമത്തിലെ ഏക പുസ്തകമാകുന്നു, പുതിയ നിയമത്തിൻ്റെ മുഴുവൻ ധർമ്മസിദ്ധാന്തമാകുന്നു, യേശു സ്വന്തം മുദ്ര പതിപ്പിച്ച ഒരേയൊരു പുസ്തകമാകുന്നു. അവൻ പറഞ്ഞു, അതിൻറെ ആദ്യഭാഗത്ത്, "ഈ പ്രവചനത്തിൻറെ വാക്കുകളെ വായിക്കുന്നവരും

ഇത് കേൾക്കുന്നവരും ഭാഗ്യവാന്മാർ." അതിൻറെ അവസാന ഭാഗത്ത്, അവൻ പറഞ്ഞു, "ആരെങ്കിലും അതിൻ്റെ ഏതെങ്കിലും ഭാഗം എടുത്തുകളയുകയോ, അല്ലെങ്കിൽ അതിൽ എന്തെങ്കിലും ചേർക്കുകയോ ചെയ്താൽ, ജീവൻ്റെ പുസ്തകത്തിൽ നിന്ന്, അവനുള്ള അംശം, നീക്കിക്കളയപ്പെട്ടും." അതുകൊണ്ട് ഇതിൽ നിന്നും, എന്തെങ്കിലും എടുത്തു മാറ്റുന്നത് ഒരു ശാപമാകുന്നു, ഇത് യേശുക്രിസ്തുവിൻ്റെ സമ്പൂർണ്ണ വെളിപാടാകുന്നു. അതിനാൽ നമ്മൾ അവനെ മൂന്നാക്കുകയാണെങ്കിൽ, എന്താണ് സംഭവിക്കുന്നതെന്ന് നിങ്ങൾക്കറിയാം. നോക്കു, നിങ്ങളുടെ പേര് നീക്കിക്കളയപ്പെടുന്നു.

32 കൂടാതെ മറ്റ് ആരും തന്നെ, ഒരു പ്രൊട്ടസ്റ്റന്റുകാരോ, ഒരു ആദ്യകാല സഭയോ ഒരിക്കലും മൂന്ന് ദൈവങ്ങളിൽ വിശ്വസിച്ചിരുന്നില്ല. നിഖ്യാ സമിതിയിൽ ഇത് വലിയ ഒരു വിഷയമായിരുന്നു, ഇരുകൂട്ടരും അതിൻറെ രണ്ടു ശാഖകളിലേക്കും പോയി; ഈ *വഴിക്ക്* പോയി, എന്ന് പറയുന്നതുപോലെയാകുന്നു. ആ *ത്രിതീയക്കാർ*, ത്രിത്വത്തിൽ വിശ്വസിച്ച ത്രിതീയക്കാരായ ജനങ്ങൾ, അവസാനം കത്തോലിക്കാ സഭയിൽ രൂപം കൊള്ളുകയും, അവർ പൂർണ്ണമായും ത്രിത്വത്തിലേക്ക് പോകുകയും, ദൈവത്തെ "മൂന്ന്" പേരായി ഉണ്ടാക്കുകയും ചെയ്തു. അവിടെ മറ്റൊരു കൂട്ടം ദൈവം ഏകനാകുന്നു എന്ന് വിശ്വസിച്ചിരുന്നു "ഏകനാകുന്നു," അവർ മറുവശത്തേക്ക് പോയി അത് ആകുന്നു *അദ്വൈതക്കാർ*. അവർ രണ്ടു കൂട്ടരും തെറ്റാകുന്നു. ദൈവത്തിന് അത് കഴിയില്ല...

33 യേശുവിന് തൻറെ സ്വന്തം പിതാവാകാൻ കഴിയില്ല, അതോടൊപ്പം യേശുവിന് ഒരു പിതാവ് ഉണ്ടായിരിക്കാനും കഴിയില്ല...അപ്പോൾ അവിടെ മൂന്ന് ദൈവങ്ങൾ ഉണ്ടാകും. അത്—അതു പ്രവർത്തിക്കാൻ കഴിയില്ല. കാരണം അവന് ഒരു പിതാവ് ഉണ്ടെങ്കിൽ, ഒരു പിതാവ് എന്നത് അവനെ കൂടാതെ മറ്റൊരു മനുഷ്യനാകുന്നു, അപ്പോൾ അവന്...പരിശുദ്ധാത്മാവ് മറ്റൊരു വ്യക്തിയാകുന്നു, അവൻ ഒരു നിയമാനുസ്രിതമല്ലാത്ത പൈതലാകുന്നു. പരിശുദ്ധാത്മാവ് അവൻ്റെ പിതാവാകുന്നു എന്ന് തിരുവെഴുത്ത് പറയുന്നു. നമുക്ക് പരിശുദ്ധാത്മാവുണ്ടെങ്കിൽ, അത് പരിശുദ്ധാത്മാവല്ല, പരിശുദ്ധാത്മാവിൻ്റെ നാമത്തിൽ പിതാവ് നമ്മിലാകുന്നു. നമ്മുടെ ഉള്ളിൽ ആ കാര്യാലയം ഉപയോഗിക്കുന്നു, കാരണം അത് ഒരിക്കൽ ആത്മാവ് എന്ന വ്യക്തിയിൽ ആയിരുന്നു, അത് തിരികെ വന്നു ഇപ്പോൾ നമ്മളിലാകുന്നു, അതേ യഹോവയായ ദൈവമാകുന്നു. നോക്കു?

34 വേറെ മൂന്നു ദൈവങ്ങൾ അവിടെയില്ല. മൂന്ന് ദൈവങ്ങൾ

വിഗ്രഹാരാധനയും വിജാതീയവുമാകുന്നു, അങ്ങനെ അത് അവിടേക്ക് കൊണ്ട് വന്നു. നിങ്ങൾ ഈ ആഴ്ച നിന്നുകൊണ്ട് അതിൽക്കൂടെ തുടരുകയും വിരോധഭാവം ഉണ്ടാക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, എന്നാൽ ശ്രദ്ധിക്കുക മാത്രം, അത് സ്വീകരിക്കുക, ചരിത്രമാകുന്നു. ഞാൻ എടുക്കുന്ന അതേ ചരിത്രങ്ങൾ എടുക്കുക അല്ലെങ്കിൽ മറ്റാരുടെയെങ്കിലും, ഏതെങ്കിലും ചരിത്രം എടുക്കുക. ഇത് അറിയാനിടയാകട്ടെ, അതായത് എല്ലാ ചരിത്രങ്ങളും ഒരേ പോലെ യോചിക്കുന്നു. ആ ചരിത്രകാരന്മാർക്ക് ഏതെങ്കിലും ഒരു വശവുമായിട്ട് യാതൊന്നും ചെയ്യാനില്ല, അവരുടെ താൽപ്പര്യം എന്താണ് സംഭവിച്ചതെന്നുള്ളതിൻറെ, സത്യാവസ്ഥ പറയുക എന്നതാകുന്നു. എങ്ങനെ ആ കാര്യം കൃത്യമായും ലൂഥറിലൂടെ ഇഴഞ്ഞു കയറി വെസ്ലിയിലൂടെ പുറത്തുവരികയും ചെയ്യുന്നത് ശ്രദ്ധിക്കുക, അതിനുശേഷം അവസാന നാളുകളിൽ, സ്നാനം “പിതാവിൻറെയും, പുത്രൻറെയും, പരിശുദ്ധാത്മാവിൻറെയും നാമത്തിലാണെന്ന് തുറന്നുകാട്ടപ്പെടുകയും ചെയ്തു.” കത്തോലിക്കാ സഭയിൽ എവിടെ നിന്നാണ് അത് കടന്നു വന്നത് എന്നത് ശ്രദ്ധിക്കുക, ഇരുണ്ട കാലഘട്ടത്തിൽ, അത് ലൂഥറിലൂടെ പുറത്തു കടന്നു വന്നു. വെസ്ലിയിലൂടെ മുമ്പോട്ട് വരുകയും, എന്നാൽ വെസ്ലിക്കും ലവൊദിക്ക്യക്കും ഇടയിൽ (അന്ധ്യകാലത്ത്) അത് തുറന്നുകാട്ടപ്പെടേണ്ടിയിരുന്നു. അത് ശരിയാണ്. ഇപ്പോൾ, ഇതെല്ലാം ചരിത്രമാകുന്നു, ഇത് ചരിത്രം മാത്രമല്ല, ഇത് തിരുവെഴുത്തുമാകുന്നു.

35 ഇപ്പോൾ, ഇന്ന് രാത്രിയിൽ, നമ്മൾ ഏഴ് സഭാ യുഗങ്ങളെ സമീപിക്കുകയാണ് അത് ഈ പുസ്തകം എഴുതുന്ന സമയത്ത് ആസ്യയിൽ ഉണ്ടായിരുന്ന ഏഴു സഭകൾക്കായിരുന്നു. ആ കാലത്തെ ഈ സഭകൾക്ക് വരുവാനിരിക്കുന്ന ഈ സഭാ യുഗങ്ങളുടെ സ്വഭാവ സവിശേഷതകൾ ഉണ്ടായിരിക്കണം, കാരണം അതായത്... അക്കാലത്ത് അതിനേക്കാൾ കൂടുതൽ സഭകൾ ഉണ്ടായിരുന്നു അതായത്, കൊലൊസ്സ്യയിലുള്ള സഭയും മറ്റു പല സഭകളും ഉണ്ടായിരുന്നു, എന്നാൽ ദൈവം ഈ സഭകളെ തിരഞ്ഞെടുത്തു കാരണം അവയുടെ സ്വഭാവ സവിശേഷതകൾ കൊണ്ടായിരുന്നു.

36 ഇപ്പോൾ, അവൻ ഏഴു പൊൻ നിലവിളക്കുകളുടെ നടുവിൽ, അവൻ്റെ വലങ്കയ്യിൽ ഏഴു നക്ഷത്രങ്ങളുമായി നിൽക്കുന്നത് നാം കാണുന്നു. ആ ഏഴു നക്ഷത്രങ്ങളും, അവൻ പറഞ്ഞു, ഒന്നാം അധ്യായത്തിലെ 20 ആം വാക്യം, അതായത് “അവർ ഏഴു സഭകളുടെ ഏഴു ദൂതന്മാരാകുന്നു.”

37 ഇപ്പോൾ, വേദപുസ്തകത്തിൽ അവർ ഈ വെളിപാട്

മനസ്സിലാക്കിയില്ല. കാരണം, യേശു വരുന്നതിനുമുമ്പ് ആയിരക്കണക്കിന് വർഷങ്ങൾ ഉണ്ടെന്ന് അവർക്കറിയാമെങ്കിൽ അവർ നിരീക്ഷിക്കുകയും കാത്തിരിക്കുകയും ചെയ്യുന്നത് എന്ത് പ്രയോജനമാണ്? അത് അവർക്ക് നൽകിയില്ല.

38 ഞാൻ ഇത് നിങ്ങളോട് പറയുന്നു, ഇവിടെയുള്ള നിങ്ങൾ ജനങ്ങളോട്, കത്തോലിക്കരായ നിങ്ങളോട്, ലൂഥറൻകാരായ നിങ്ങളോട്, മെഥഡിസ്റ്റുകാരായ നിങ്ങളോട്, ഇത്യാദി എല്ലാമായിട്ട്, ഈ കാലത്തേക്കുള്ള വചനത്തിൻറെ വെളിച്ചം, മാർട്ടിൻ ലൂഥറിന് നൽകിയില്ല. അതുപോലെ ജോൺ വെസ്ലിക്കും നൽകിയില്ല. ലൂഥർ കടന്നു പോയതിനുശേഷം, ജോൺ വെസ്ലി വിശുദ്ധീകരണം പ്രസംഗിച്ചു, അങ്ങനെ നമുക്ക് വെളിച്ചത്തിൻ്റെ ആവശ്യമനുസരിച്ച് വെളിച്ചം കടന്നു വരുന്നു. ദൈവം അത് പറയുന്നു, അത് നമുക്കായി തുറക്കപ്പെടുന്നില്ല, കാരണം അത് വെളിപ്പെടുത്താൻ ദൈവത്തിന് കഴിയുന്ന ദിവസം വരെ അത് നമ്മുടെ കണ്ണുകളിൽ നിന്നും മറഞ്ഞിരിക്കുന്നു. നമ്മൾ പോയിക്കഴിഞ്ഞാൽ അത് എന്തായിരിക്കുമെന്ന് ആശ്ചര്യപ്പെടുന്നുണ്ടോ? അതെ, നമുക്ക് ഒന്നുമറിയാത്ത വളരെ, വളരെയേറെ കാര്യങ്ങൾ ഉണ്ടെന്ന് എനിക്ക് ബോധ്യമുണ്ട്. അതു ശരിയാണ്. നാം വെളിപാട് പുസ്തകം മുഴുവനായി എടുത്താൽ അവിടെ ഏഴ് മുദ്രകളുണ്ട്. അത് പുസ്തകത്തിൻ്റെ പിൻഭാഗത്തായി മുദ്രയിട്ടിരിക്കുന്നു. അത് പോലും...പുസ്തകത്തിൽ എഴുതിയിട്ട് പോലുമില്ല. ആ മുദ്രകൾ ഈ സഭായുഗത്തിൻറെ സമയത്ത് തുറക്കപ്പെടേണ്ടതാകുന്നു, കൂടാതെ ദൈവത്തിൻ്റെ അവസാനത്തെ ഏഴ് മർമ്മങ്ങൾ വെളി-...വെളിപ്പെടേണ്ടതാകുന്നു. ഓ, ഞാൻ അത് മുഴുവനും ശീതകാലം വരെ നിർത്തിയിട്ട് അതിലൂടെ കടന്നുപോകാൻ ആഗ്രഹിക്കുന്നു. അതെ, ശ്രീമാൻ! ഏഴ് സഭാ യുഗങ്ങൾ.

39 അതിപ്രകാരം ദാനിയേൽ ഏഴു ഇടിനാദങ്ങൾ കേട്ടിട്ട്, വിലക്കപ്പെട്ടതുപോലെയാകുന്നു; യോഹന്നാൻ നാദങ്ങൾ കേൾക്കുകയും, ഈ പുസ്തകം മുദ്രയിടുകയും, ഈ പുസ്തകത്തിൻ്റെ പിൻഭാഗത്ത് ഏഴു മുദ്രകൾ കൊണ്ട് മുദ്രവെക്കുകയും ചെയ്തു, എന്നാൽ ഈ മുദ്രകൾ തുറക്കപ്പെടുന്ന നാളുകളിൽ, "ദൈവത്തിൻ്റെ സകല മർമ്മങ്ങളും നിവൃത്തിയാകും." മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ദൈവം അവൻ്റെ സഭയ്ക്ക് വെളിപ്പെടുത്തപ്പെടും; മൂന്ന് വ്യക്തികളായിട്ടല്ല, എന്നാൽ ഒരു വ്യക്തിയായിട്ടാകും. "ദൈവത്തിൻ്റെ മർമ്മം വെളിപ്പെടും," അങ്ങനെ അത് പൂർണ്ണമായും വെളിപ്പെടുത്തുമ്പോൾ, ഏഴ് രഹസ്യങ്ങൾ സഭയ്ക്ക് തുറക്കപ്പെടും;

കാരണം, അവിടെ, സഭ പരിശുദ്ധാത്മാവിൻ്റെ പ്രേരണയിൽ ജീവിക്കും. അവൻ നമ്മുടെ ഇടയിൽ ജീവിച്ചിരിക്കുന്നതിൻറെ അകത്തേക്കും പുറത്തേക്കും നീങ്ങുന്ന അടയാളങ്ങൾ കാണിക്കുകയും ചെയ്യുന്നു. നമ്മുടെ ഇടയിൽ ജീവിക്കുകയും, പിന്നെ നാം നമ്മുടെ ഇടയിലുള്ള ജീവിക്കുന്ന ക്രിസ്തുവിനെ ആരാധിക്കുകയും ചെയ്യുന്നു.

40 ഒരിക്കലും വലിയ പള്ളികളും വലിയ കാര്യങ്ങളും നോക്കരുത്. നാം ഈ പെന്തക്കോസ്ത് യുഗത്തിലെത്തുമ്പോൾ, അവർ എവിടെയാണ് നഷ്ടപ്പെട്ടതെന്ന് നിങ്ങൾ തീർച്ചയായും കാണും. ഇതേ സഭയായ *ലവോദിക്യ* എന്നതിൻ്റെ അർത്ഥം "സമ്പന്നൻ, ഒന്നിനും മുട്ടില്ല," എന്നാൽ നീ നഗ്നനും, നിർഭാഗ്യനും, കുരുടനും, അരിഷ്ടനും, എന്ന് അറിയാതെയുമിരിക്കുന്നു. നോക്കൂ? അവർ വലിയ പണവും, കെട്ടിടങ്ങളും, അങ്ങനെ എല്ലാ കാര്യങ്ങൾക്കും പിന്നാലെ പോയി.

41 അപ്പോഴെല്ലാം, സഭ അതിൻറെ ഈ—ഈ ഭൂമിയുടെ പുറം തലത്തായിരുന്നു. അങ്ങനെ അവരെല്ലാം ഇവിടെ ആയിരിക്കുന്നു: എല്ലാ ജനങ്ങളാലും വെറുക്കപ്പെട്ടവരും, പുറത്താക്കപ്പെട്ടവരും, വഴിയോരങ്ങളിലും, അവർക്ക് ജീവിക്കാൻ കഴിയുന്ന എവിടെയും ആകുന്നു. എബ്രായർ 11 വായിക്കുക, അതിലെ അവസാനത്തെ ആറോ എട്ടോ വാക്യങ്ങൾ എടുക്കുക, എപ്രകാരം "അവർ ഭൂമിയുടെ പിളർപ്പുകളിലും മറ്റും ഉഴന്നു വലഞ്ഞു, അതോടൊപ്പം—ഒപ്പം ആട്ടിൻ തോലും കോലാട്ടിൻ തോലും ധരിച്ചു, അവശനും പീഡിതനും പീഡിപ്പിക്കപ്പെട്ടവനും ആയിരുന്നു." അവിടെ ഈ ജനങ്ങളുടെ മുമ്പിൽ, ന്യായവിധിയുടെ നാളിൽ നമ്മുടെ സാക്ഷ്യം എങ്ങനെ അവരുടെ മുമ്പിൽ നിൽക്കും? നോക്കൂ, ആ കാലത്തെ ജനങ്ങളെ.

42 ഇപ്പോൾ, ഈ സഭാ യുഗത്തിൽ...നമുക്ക് ഏഴ് സഭകളുണ്ട്, ഇപ്പോൾ അത് സ്ഥാപിക്കപ്പെടാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾക്ക് ഇത് ഇവിടെ നിന്ന് കാണാൻ കഴിയുമെന്ന് ഞാൻ കരുതുന്നില്ല, ഒരുപക്ഷേ നിങ്ങളിൽ ചിലർക്ക് കഴിയുമെങ്കിൽ, ഞാൻ അത് വളരെ സംശയിക്കുന്നു, എന്നാൽ ഞാൻ അത് ചെയ്യാൻ ശ്രമിക്കാം, (അവിടെ താഴെയുള്ള നിങ്ങൾക്ക്, അത് കഴിയില്ലെന്ന് എനിക്കറിയാം), ഇത് ഏഴ് സഭാ യുഗങ്ങളാക്കി മാറ്റുന്നു. ഞാൻ അത് എൻ്റെ കൈയിൽ പിടിക്കാം, അതിനാൽ നിങ്ങൾക്ക് അത് മനസ്സിലാകും.

43 ഇത് ആരംഭിക്കുന്നത്, സഭ പെന്തക്കോസ്തിൽ ആരംഭിക്കുന്നു. ആർക്കെങ്കിലും അത് നിഷേധിക്കാൻ കഴിയുമോ? ഇല്ല ശ്രീമാൻ! പെന്തക്കോസ്ത് നാളിൽ സഭ ആരംഭിക്കുന്നത് ഒരു പെന്തക്കോസ്തിൻറെ അനുഗ്രഹത്തോടെയാണ്, എന്നിട്ട് അത്

യേശുക്രിസ്തുവിനാൽ അതേ സന്ദേശവുമായി അവസാന നാൾ വരെ തുടരുന്നതിനായി നിയോഗിച്ചു അതേ അനുഗ്രഹങ്ങൾ തന്നെ നമ്മളിൽ പ്രവർത്തിക്കുന്നു. തൻ്റെ സഭയിലേക്കുള്ള അവൻ്റെ അവസാനത്തെ കൽപ്പന എന്നതാകുന്നു, മർക്കോസ് 16, "നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സുവിശേഷം പ്രസംഗിപ്പിൻ, വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും." ഇപ്പോൾ, എവിടെ വരെയാണ്? "ഭൂലോകത്തിൽ ഒക്കെയും." ആരോടാകുന്നു? "സകല സൃഷ്ടിയോടും." കറുപ്പ്, തവിട്ട്, മഞ്ഞ, വെളുപ്പ്, അത് ഏത് ജീവിയായിരുന്നാലും, സകല സൃഷ്ടികളോടും സുവിശേഷം അറിയിക്കുവിൻ. "വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും." ഇപ്പോൾ, ഇന്ന് രാത്രിയിൽ നമ്മൾ അതിനെ സമീപിക്കുകയാണ്, ഇന്ന് രാത്രിയിൽ അതിനെ വെട്ടി മുറിക്കാൻ തുടങ്ങുകയാണ്, ഓരോ രാത്രിയും അതിൻ്റെ വലിയൊരു ഭാഗം വെട്ടി എടുത്തിട്ടു നമ്മുടെ സ്വന്തം സഭാ യുഗത്തിലേക്ക് എത്തുന്നത് വരെ തുടരാം. ഇപ്പോൾ, ഇത് അവൻ്റെ ഉത്തരവായിരുന്നു എന്ന് നാമിപ്പോൾ കണ്ടെത്തുന്നു.

44 ഇപ്പോൾ, ആദ്യത്തെ സഭാ യുഗം എഫെസൊസിലെ സഭയായിരുന്നു. രണ്ടാമത്തെ സഭാ യുഗം സ്മൂർന്ന ആയിരുന്നു. മൂന്നാമത്തെ സഭാ യുഗം പെർഗ്ഗമൊസ് ആയിരുന്നു. നാലാമത്തെ സഭാ യുഗം തുയഥൈര ആയിരുന്നു. അഞ്ചാം സഭാ യുഗം സർദ്ദിസ് ആയിരുന്നു. ആറാമത്തെ സഭാ യുഗം ഫിലദെൽഫ്യ ആയിരുന്നു. ഏഴാമത്തെ സഭായുഗം ലവൊദിക്ക്യ ആയിരുന്നു.

45 ഇപ്പോൾ, ആദ്യത്തെ സഭാ യുഗം ആരംഭിച്ചത് ഏകദേശം എ.ഡി. 53, പൗലോസ് എഫെസൊസിൽ സഭ—സഭ സ്ഥാപിച്ചപ്പോഴായിരുന്നു. തൻ്റെ സുവിശേഷ പ്രവർത്തന യാത്രയിൽ അവൻ എഫെസോസിൽ ഈ—ഈ സഭയെ സ്ഥാപിച്ചു, അതാണ് എഫെസോസ് സഭ, എന്നിട്ട് അതിൻ്റെ പാസ്റ്ററായി ശിരഛേദം ചെയ്യപ്പെടുന്നതുവരെ ആയിരുന്നു 66, അങ്ങനെ അവനെ ഏകദേശം ഇരുപത്തിരണ്ടു വർഷം എഫെസോസ് സഭയുടെ ഇടയനാകുന്നതിന് ഇടയാക്കി. അവൻ്റെ മരണശേഷം നമ്മോടു പറഞ്ഞിരിക്കുന്നത് വിശുദ്ധ പൌലോസ്...അല്ലെങ്കിൽ വിശുദ്ധ ദിവ്യനായ യോഹന്നാൻ ഇടയനായി തീരുകയും, സഭയെ ഈ കാലഘട്ടത്തിലേക്ക് വഹിച്ചു കൊണ്ടുപോകുകയും ചെയ്തു, അതിനുശേഷം സഭാകാലം മുമ്പോട്ട് പോയി 170.

46 തുടർന്ന് എഫെസോസ് സഭാ യുഗത്തിനുശേഷം, തുടക്കം *എ.ഡി.* 53 തൊട്ട് *എ.ഡി.* 170, അതിനുശേഷം സ്മൂർന്ന സഭാ യുഗം ആരംഭിക്കുകയും അത് നിലനിന്നത് *എ.ഡി.* 170 മുതൽ *എ.ഡി.*

312. അതിനുശേഷം പെർഗ്ഗമൊസ് സഭാ യുഗം കടന്നു വന്നു, പെർഗ്ഗമൊസ് സഭാ യുഗം അത് യുഗത്തിൽ വരിക, പെർഗാമോസ് സഭാ യുഗം 312-ൽ ആരംഭിച്ച് നിലനിന്നത് *എ.ഡി.* 606. അതിനുശേഷം കടന്നു വന്നത് തുയഥൈര സഭാ യുഗമായിരുന്നു, തുയഥൈര സഭയുടെ കാലഘട്ടം 606-ൽ ആരംഭിച്ച് 1520, ഇരുണ്ട യുഗത്തിലേക്ക് പോയി. അതിനെ തുടർന്ന് സർദ്ദിസ് സഭാ യുഗം 1520 ൽ ആരംഭിച്ച് 1750, വരെ നീണ്ടുനിന്നു, പിന്നെ ലൂഥറൻ സഭാ കാലമായിരുന്നു. അതിനുശേഷം തുടങ്ങി 1750, അടുത്ത യുഗം കടന്നു വന്നത് ഫിലദെൽഫ്യ ആയിരുന്നു, വെസ്ലിയുടെ കാലഘട്ടമായിരുന്നു; അത് 1750-ൽ ആരംഭിച്ച് നീണ്ടുനിന്നു 1906. അങ്ങനെ 1906 ൽ ലവൊദിക്ക്യ സഭാ യുഗം കടന്നു വന്നു, അത് എപ്പോൾ അവസാനിക്കുമെന്ന് എനിക്കറിയില്ല, എന്നാൽ ഞാൻ മുൻകൂട്ടി പ്രവചിക്കുന്നു അത് പൂർത്തിയാകും 1977. ഞാൻ മുൻകൂട്ടി പ്രവചിക്കുന്നു, കർത്താവ് എന്നോട് പറഞ്ഞിട്ടില്ല, എന്നാൽ കുറച്ച് വർഷങ്ങൾക്ക് മുമ്പ് അവൻ എനിക്ക് കാണിച്ചുതന്ന ഒരു ദർശനമനുസരിച്ച് ഞാൻ അത് മുൻകൂട്ടി പ്രവചിക്കുന്നു. അതായത്, അതിൽ അഞ്ചെണ്ണം (ഏഴെണ്ണം ഉണ്ടായിരുന്നതിൽ നിന്നും) ഇതോടെ സംഭവിച്ചു കഴിഞ്ഞിരിക്കുന്നു.

47 ഏകദേശം...സഭയിൽ എത്രപേർ, ആ ദർശനം ഓർക്കുന്നുണ്ട്? തീർച്ചയായും. പറഞ്ഞു അതായത്, എപ്രകാരം ഈ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കെന്നഡി തിരഞ്ഞെടുക്കപ്പെടുമെന്ന് പോലും പറഞ്ഞിരുന്നു. എപ്രകാരം സ്ത്രീകൾക്ക് വോട്ട് ചെയ്യാൻ അനുമതി നൽകും. എപ്രകാരം റൂസ്‌വെൽറ്റ് ലോകത്തെ യുദ്ധത്തിലേക്ക് കൊണ്ടുപോകും. മുസ്സോളിനി എപ്രകാരം എത്യോപ്യയിലേക്ക് പോകുകയും, അവൻറെ ആദ്യത്തെ അധിനിവേശമായിരുന്നു, എന്നിട്ട് അത് പിടിച്ചടക്കും; അത് അവസാനമായിരിക്കും, അതിനുശേഷം അവൻ മരിച്ചുപോകും. എപ്രകാരം ഈ മഹത്തായ സിദ്ധാന്തങ്ങൾ ഉയർന്നു വന്നിട്ട് അതെല്ലാം കൂടി കമ്മ്യൂണിസത്തിലേക്ക് തിരികെ വന്നു വീഴും; ഹിറ്റ്ലർ സിദ്ധാന്തവും, മുസ്സോളിനിയും, പിന്നെ ക... നാസിസവും, ഇത്യാദി എല്ലാമായിട്ട്, അവയെല്ലാം കൂടി തിരികെ കമ്മ്യൂണിസത്തിലേക്ക് വീഴും. കൂടാതെ പതിനൊന്ന് വർഷങ്ങൾക്ക് മുമ്പ്, അത് പറഞ്ഞു അതായത് "നമ്മൾ ജർമ്മനിയുമായി യുദ്ധത്തിന് പോകും, ജർമ്മനി കോൺക്രീറ്റിന് പിന്നിൽ ശക്തിപ്പെടുത്തും," അത് മാജിനോട്ട് ലൈൻ ആയിരിക്കും. അത് അങ്ങനെ തന്നെ സംഭവിച്ചു. അതിനുശേഷം പറഞ്ഞു, അതിനുശേഷം, അതായത് ഇത് സംഭവിക്കും...ഇത് സംഭവിക്കും അതായത് ശാസ്ത്രം വളരെയധികം

ഉയർന്നു വന്നിട്ട് അവർ ഒരു കാർ കണ്ടുപിടിക്കും, കാറുകൾ കൂടുതൽ ഇപ്രകാരമായിട്ട് "മുട്ട" പോലെ എല്ലാ സമയത്തുമായിരിക്കും, ആ ദർശനം നേരെ ഇവിടെ വച്ചു പറഞ്ഞു അത് ഇവിടെ ക്രിസ്തു സഭ ഇപ്പോൾ നിലനിൽക്കുമ്പോഴാകുന്നു,അത് പഴയ മെസ്...അനാഥ കുട്ടികളുടെ ഭവനമായിരുന്നു. ചാർളി കേൺ, ഒരുപക്ഷേ ഇന്ന് രാത്രി ഈ കെട്ടിടത്തിൽ ഉണ്ടായിരുന്നേക്കാം, ആ സമയത്ത് ആ സ്ഥലത്ത് താമസിച്ചിരുന്നു. ഒരു ഞായറാഴ്ച രാവിലെ ഏഴു മണിയോടടുത്താണ് അത് സംഭവിച്ചത്. അപ്പോൾ അത് പറഞ്ഞു, "ഇത് സംഭവിക്കും അതായത് അവർ സ്റ്റിയറിംഗ് വളയം ആവശ്യമില്ലാത്ത ഒരു മോട്ടോർ വാഹനം കണ്ടുപിടിക്കും, അത് ഏതെങ്കിലും തരത്തിലുള്ള ശക്തിയാൽ നിയന്ത്രിക്കപ്പെടും." അവർക്ക് ഇപ്പോൾ അത് ലഭിച്ചിരിക്കുന്നു. അവർക്ക് ഇപ്പോൾ അത് ലഭിച്ചിരിക്കുന്നു, കാന്തിക ശക്തിയിൽ, റഡാർ മൂലം നിയന്ത്രണം ചെയ്യപ്പെടുന്നു. അവർക്ക് ഇതിനുപോലും... നിങ്ങൾ പോകുന്നിടത്തേക്ക് നിങ്ങളുടെ റഡാർ സജ്ജീകരിക്കുക, അത് നിങ്ങളെ സ്വയം കൊണ്ടുപോകും, ഓടിക്കേണ്ട ആവശ്യം ഉണ്ടാകുകയില്ല.

48 ഇപ്പോൾ, അവിടെ അത് മറ്റൊരു കാര്യം കൂടി പറഞ്ഞു, "ആ സമയത്ത്, ഒരു മഹതിയായ സ്ത്രീ അമേരിക്കയിൽ എഴുന്നേൽക്കും." അവൾ വസ്ത്രധാരണം ചെയ്ത മനോഹരിയായിരുന്നു, എന്നാൽ അവൾ ഹൃദയത്തിൽ ക്രൂരയായിരുന്നു. ദർശനത്തിൽ അതിൻറെ ആവരണ ചിത്രം, മഞ്ഞ പേപ്പറിൽ പോലും, പറഞ്ഞിരുന്നു, "ഒരുപക്ഷേ കത്തോലിക്കാ സഭ ആകാം." സ്ത്രീകൾക്ക് വോട്ട് ചെയ്യാൻ അനുവദിക്കുന്നത് ഈ രാജ്യത്തിന് തെറ്റായ വ്യക്തിയെ തിരഞ്ഞെടുക്കാൻ സഹായിക്കും. അതാണ് അവർ ചെയ്തത്. കൃത്യമായും. ഇപ്പോൾ, പറഞ്ഞു, "അത് തുടക്കമായിരിക്കും."

49 ഇപ്പോൾ മറ്റൊരു കാര്യം അത് പറഞ്ഞത്, അതായത്... അതിനുശേഷം ഉടനെ തന്നെ, ഈ രാഷ്ട്രം തീ ഇല്ലാതെ പുകയുകയും, തുണ്ടം തുണ്ടമായി പൊട്ടി തെറിക്കുകയും ചെയ്യുന്നത് ഞാൻ കണ്ടു. ഇപ്പോൾ, മറ്റുള്ള ആ കാര്യങ്ങളെല്ലാം സംഭവിച്ചിട്ടുണ്ടെങ്കിൽ, ഇതും സംഭവിക്കും. നാം അവിടെ എത്തിയിരിക്കുന്നു...ആ കാരണത്താലാണ് ഞാൻ ഇന്ന് രാത്രി ഇവിടെ എത്തിയിട്ട്, ഇത് ജെഫേഴ്സൺവില്ലിലെയിൽ ഈ ജനങ്ങളുടെ അടുക്കൽ കൊണ്ടുവന്ന് കൊടുക്കാൻ ശ്രമിക്കുന്നത്, കാരണം ഞാൻ വീണ്ടും സുവിശേഷ പ്രവർത്തന മേഖലകളിലേക്ക് ഉടനെ തന്നെ പ്രവേശിക്കാൻ തീരുമാനിക്കുന്നത്, കൂടാതെ ഏത് സമയത്താണ് ഞാൻ വിളിക്കപ്പെടുകയോ അല്ലെങ്കിൽ എടുക്കപ്പെടുകയോ

ചെയ്യാനിടയാകുമെന്നുള്ളത് എനിക്ക് അറിയില്ല. എനിക്ക്—എനിക്ക്...നമുക്ക് അത് അറിയില്ല. അതോടൊപ്പം ഞാൻ ഉറപ്പയിരിക്കാൻ ആഗ്രഹിക്കുന്നു അതായത് ഞാൻ...സഭ അത് ജീവിക്കുന്ന സമയം അറിയാൻ ഇടയാകട്ടെ, കാരണം സർവ്വശക്തനായ ദൈവം എന്നെ അതിനുവേണ്ടി ഉത്തരവാദിയാക്കും.

50 ഇപ്പോൾ—ഇപ്പോൾ, ഈ സഭകൾക്ക് ഓരോന്നിനും, അവിടെയുള്ള തിരുവെഴുത്തുകൾ അനുസരിച്ച്, ഒരു ദൂതൻ ഉണ്ടായിരുന്നു. ഈ ദൂതൻ എന്നത് ഒരു...ഒരു *ദൂതൻ* എന്ന് വച്ചാൽ അതിൻറെ അർത്ഥമെന്താണെന്ന് എത്ര പേർക്ക് അറിയാം? അതൊരു "ദൂതൻ," ഒരു ദൂതനാകുന്നു. അങ്ങനെ അവിടെ—അവിടെ *ഏഴ് ദൂതന്മാർ* ഏഴ് സഭകൾക്കും ഉണ്ടായിരുന്നു, അതിൻറെ അർഥം "ഏഴ് സന്ദേശവാഹകർ." ഇപ്പോൾ, അത് അവൻ്റെ കയ്യിൽ നക്ഷത്രങ്ങളുണ്ടായിരുന്നു. അവൻ്റെ കയ്യിൽ ഈ—ഈ പന്ത്രണ്ട്...ഈ ഏഴ് നക്ഷത്രങ്ങൾ നാം ജീവിക്കുന്ന ദിവസത്തെ ഇരുട്ടിൽ അവൻ്റെ സാന്നിധ്യത്തിൻ്റെ വെളിച്ചം പ്രതിഫലിപ്പിക്കേണ്ടതിന് ആകുന്നു. ഈ നക്ഷത്രങ്ങൾ സൂര്യനെ ഭൂമിയിലേക്ക് പ്രതിഫലിപ്പിക്കുന്നതുപോലെ, നമുക്ക് നടക്കാന വേണ്ടി വെളിച്ചം ഉണ്ടാക്കുകയും, അതിനാൽ രാത്രി കാലങ്ങളിൽ നമുക്ക് എത്തിച്ചേരാൻ കഴിയുകയും ചെയ്യും.

51 ഇപ്പോൾ അതിനുശേഷം നാം കണ്ടെത്തുന്നത്, അതായത് ഈ സമയത്ത്, ആ ദൂതന്മാരിൽ ഓരോരുത്തർക്കും ഒരു സ്ഥാനവും ഒരു സ്ഥലവും ഉണ്ടായിരുന്നു. കൂടാതെ, സഹോദരന്മാരേ, ഇന്ന് രാത്രി നാം അതിലേക്ക് പോകുന്നില്ല, കാരണം ആദ്യത്തെ സഭയിലെ ഈ ദൂതനെ നമുക്കറിയാം, എന്നാൽ മറ്റുള്ള സഭകളുടെ ഈ ദൂതന്മാരെ ചരിത്രത്തിൽ നിന്ന് അത് കണ്ടെത്തി അതിനെ പുറത്തെടുത്ത്, നിങ്ങളുടെ മുമ്പിൽ കൊണ്ട് വരുന്നത്, ഒരു നിഗൂഢവും മഹത്വപൂർണ്ണവുമായ, കാര്യമായിരിക്കും. ആദ്യത്തെ സഭയുടെ ദൂതൻ വിശുദ്ധ പൌലോസ് ആയിരുന്നു, അവൻ അത് സ്ഥാപിച്ചു, ദൈവത്തിൻ്റെ സന്ദേശവാഹകൻ ആയിരുന്നു. എഫെസോസ് സഭയുടെ ദൂതൻ വിശുദ്ധ പൌലോസ് ആയിരുന്നു. സഭ...ഇപ്പോൾ, കാരണം ഞാൻ...

52 ഇപ്പോൾ, ഈ മറ്റുള്ളവരെ നിങ്ങൾ വിയോജിക്കാനിടയുണ്ട്, എന്നാൽ പരിശുദ്ധാത്മാവ് എന്നെ തട്ടുകയും അതിനായി എന്നെ അഭിഷേകം ചെയ്യുകയും ചെയ്യുന്നത് വരെ ഞാൻ ദിവസങ്ങൾ ദിവസങ്ങളോളം പ്രേരണക്കടിയിലായി അവിടെ ഇരുന്നിരുന്നു. ആ കാരണത്താൽ എനിക്ക് അതറിയാം. അതുകൊണ്ട് ഇവിടെ

തിരഞ്ഞെടുക്കപ്പെട്ട ഈ മനുഷ്യരെ ശ്രദ്ധിക്കുക, നിങ്ങൾ ഒരു ചരിത്രകാരനാണെങ്കിൽ, അവർ...എനിക്ക് ഇവിടെ കിട്ടിയിട്ടുള്ള അതേ മനുഷ്യർ, അവർ സഭയുടെ ദൂതന്മാരായിരുന്നുവെന്ന് വെളിപ്പാടിലൂടെ അറിയുന്നു. ഇവർക്ക് തുടക്കത്തിൽ ഉണ്ടായിരുന്ന അതേ ശുശ്രൂഷ തന്നെ അവർക്കും ഉണ്ടായിരുന്നു. ആ ശുശ്രൂഷ മാറ്റാൻ കഴിയില്ല, അത് അവസാനം വരെ പെന്തക്കോസ്ത് ആയി തന്നെ തുടരണം.

53 ഇപ്പോൾ, ഇവിടെയിരിക്കുന്ന ചരിത്രകാരന്മാർ ഈ മനുഷ്യനുമായി എന്നോട് വിയോജിക്കാൻ പോകുകയാണ്; എന്നാൽ സ്മിർണ്ണയിലെ സഭയിൽ, ഐറേനിയസ് ആയിരുന്നു ആ കാലത്തേക്കുള്ള ദൂതൻ എന്ന് ഞാൻ അറിഞ്ഞിരുന്നു. പോളികാർപ്പ്, നിങ്ങളിൽ പലരും അത് പോളികാർപ്പ് ആണെന്ന് പറയും, ശരിക്കും പറഞ്ഞാൽ, അത് അവനായിരുന്നു എന്ന് നിങ്ങൾ പറയും. എന്നാൽ പോളികാർപ്പ് മതത്തിൻറെകാര്യത്തിൽ സംഘടനയിലേക്കും കത്തോലിക്കാ മതത്തിലേക്കും, കുടുതൽ-ലായി ചാഞ്ഞിരുന്നു,. എന്നാൽ ഐറേനിയസ് അന്യഭാഷകളിൽ സംസാരിക്കുന്ന ഒരു വ്യക്തി ആയിരുന്നു, കൂടാതെ ദൈവശക്തിയുണ്ടായിട്ട്, അടയാളങ്ങൾ അവനെ പിന്തുടർന്നിരുന്നു അവൻ ദൈവത്തിൻ്റെ ദൂതൻ വെളിച്ചമായിരുന്നു, പോളികാർപ്പ് ക്രൂശിക്കപ്പെടുകയോ അല്ലെങ്കിൽ കൊല്ലപ്പെടുകയോ വധിക്കപ്പെടുകയോ ചെയ്തതിനുശേഷം ദൈവം ആ വെളിച്ചം വലിച്ചെടുത്തു. അപ്പോൾ ഐറേനിയസ് അദ്ദേഹത്തിൻ്റെ ശിഷ്യന്മാരിൽ ഒരാളായിരുന്നു, കൂടാതെ പോളികാർപ്പ് വിശുദ്ധ പൌലോസിൻ്റെ വിദ്യാർത്ഥിയായിരുന്നു...അല്ലെങ്കിൽ വിശുദ്ധ യോഹന്നാൻറെ ആയിരുന്നു. തുടർന്ന് ഐറേനിയസ് അവൻ്റെ സ്ഥാനം ഏറ്റെടുക്കുകയും, അവൻ വെളിച്ചം കൊണ്ടു വരുകയും ചെയ്തു.

54 വെളിച്ചത്തിൻറെ ദൂതൻ—പെർഗാമോസിൻ്റെത് മഹാനായ വിശുദ്ധ മാർട്ടിൻ ആയിരുന്നു. യേശുക്രിസ്തുവിന് പുറത്ത്, വിശുദ്ധ മാർട്ടിനേക്കാൾ മഹാനായ ഒരു മനുഷ്യൻ, ഈ ഭൂമിയിൽ ജീവിച്ചിരുന്നതായി ഞാൻ കരുതുന്നില്ല. അധികാരമോ? അവൻ്റെ തല വെട്ടാൻ കൊലയാളികൾ അവൻ്റെ അടുത്തേക്ക് വന്നു (അവൻ അടയാളങ്ങളിലും അത്ഭുതങ്ങളിലും പെന്തക്കോസ്തിൻറെ അനുഗ്രഹത്തിലും വിശ്വസിച്ചിരുന്നു) അവർ അവൻറെ അടുത്തേക്ക് ചെന്നപ്പോൾ, അവർ അവനെ കൊല്ലാൻ പോകുകയായിരുന്നു, അവൻ തൻ്റെ മേലങ്കി പിൻവലിച്ച് കഴുത്ത് അവർക്ക് നേരെ നീട്ടി. കൊലയാളി അവൻ്റെ തല വെട്ടിമാറ്റാൻ വാളെടുത്തപ്പോൾ, ദൈവത്തിൻ്റെ ശക്തി അവനെ പിന്നിലേക്ക് തട്ടിമാറ്റി, അവൻ

മുട്ടിൽ ഇഴഞ്ഞുകൊണ്ട് അവനോട് അപേക്ഷിക്കാൻ വന്നു...?... ആമേൻ. അവൻ ആ സഭയുടെ ദൂതനായിരുന്നു.

55 മറ്റുള്ള കാര്യങ്ങൾ. അവൻ എങ്ങനെ ആയിരുന്നു എന്ന് നോക്കു...അവൻ്റെ സഹോദരന്മാരിൽ ഒരാൾ കെട്ടി തൂങ്ങി, അവൻ അവനെ കണ്ടെത്താൻ ശ്രമിക്കുന്ന വഴിയിലായിരുന്നു, എന്താണ് സംഭവിച്ചതെന്ന് നോക്കു. അവൻ അവിടെ എത്തിയപ്പോൾ അവർ അവനെ തൂക്കിലേറ്റി. അവൻ അവിടെ മലർന്നു കിടന്നിരുന്നു, മരിച്ചു പോയിട്ട്, അവൻ്റെ കണ്ണുകൾ തലയിൽ നിന്ന് പുറത്തേക്ക് തള്ളിയിരുന്നു. അവൻ അവൻ്റെ അടുക്കൽ ചെന്ന് തൻറെ മുട്ടിന്മേൽ നിന്നുകൊണ്ട് അവൻ്റെ ശരീരം ഒരു മണിക്കൂറോളം അവനു മേലെയായി വെച്ചു കൊണ്ട് കിടന്നു, എന്നിട്ട് ദൈവത്തോട് പ്രാർത്ഥിച്ചു കൊണ്ടിരുന്നു. ദൈവത്തിൻ്റെ ശക്തി ആ മനുഷ്യൻ്റെ മേൽ വന്നിട്ട് അവൻ എഴുന്നേൽക്കുകയും, അവൻ്റെ കൈപിടിച്ച് അവനോടൊപ്പം നടന്നു പോകുകയും ചെയ്തു. അത് ചരിത്രമാണ്, അതിപ്രകാരം ജോർജ്ജ് വാഷിംഗ്ടൺ, അല്ലെങ്കിൽ എബ്രഹാം ലിങ്കൺ, അല്ലെങ്കിൽ എന്തിനധികം. അത് ചരിത്രമാണ്.

56 അതെ, ശ്രീമാൻ! വിശുദ്ധ മാർട്ടിൻ പെർഗാമോസ് സഭയുടെ ദൂതനായിരുന്നു. അത്, സഭയുടെ വിവാഹം അതിനെ കത്തോലിക്കാ മതത്തിലേക്ക് അതിനുശേഷം എടുത്തുകൊണ്ടുപോയി.

57 തുയഥൈര സഭയുടെ ദൂതൻ—കൊളംബ ആയിരുന്നു.

58 സർദ്ദിസ് സഭയുടെ ദൂതൻ, മരിച്ച സഭയായിരുന്നു...ഈ വാക്കായ *സർദ്ദിസ്* എന്നതിൻ്റെ അർത്ഥം "മരിച്ചവൻ." ഒരു പേരുമായി പുറത്തു വരുന്നു, അവൻറെ പേരല്ല, "ജീവനുള്ളവൻ എന്നു നിനക്കു പേർ ഉണ്ടു എങ്കിലും നീ മരിച്ചവനാകുന്നു." ആ ദിവസം അവർ എങ്ങനെയാണ് ആ സ്ഥാനം പുറത്തു കൊണ്ടുവന്നതെന്ന് ശ്രദ്ധിക്കുക. നോക്കു, അതിൽ നിന്ന് വരുന്നു. സർദ്ടിസ് സഭയുടെ ദൂതൻ മാർട്ടിൻ ലൂഥറായിരുന്നു, ആദ്യത്തെ മതപരിഷ്കർത്താവായിരുന്നു.

59 ഫിലദെൽഫ്യ സഭയുടെ ദൂതൻ ജോൺ വെസ്ലി ആയിരുന്നു, ആ സന്ദേശവാഹകൻ.

60 ലവോദിക്യ സഭയുടെ ദൂതൻ—അത് ഇതുവരെയും അറിവായിട്ടില്ല. അത് ഏതെങ്കിലും ദിവസമായിരിക്കും, എന്നാൽ ഒരുപക്ഷേ അവൻ...ഈ ഭൂമിയിൽ ഉണ്ടായിരിക്കാം. "ചെവിയുള്ളവൻ..." [ടേപ്പിൽ ശൂന്യമായ സ്ഥലം—Ed.]...അത് നമ്മൾ ജീവിക്കുന്ന ഈ കാലഘട്ടമാകുന്നു. ദൈവം അതിൻറെ ന്യായവിധി ചെയ്യും.

61 ഇപ്പോൾ, ശ്രദ്ധിക്കുക ഇപ്പോൾ, നമ്മൾ ഇപ്പോൾ തിരുവെഴുത്തുകളിലേക്ക് കടക്കുകയാണ്, ആദ്യത്തെ സഭാ യുഗത്തിലേക്ക് പോകുകയാണ്. ഇപ്പോൾ ഞാൻ ആഗ്രഹിക്കുന്നു... എൻറെ പക്കൽ കുറച്ചു ചെറിയ കാര്യങ്ങൾ എഴുതിയത് ഇവിടെ ഉണ്ട്, നിങ്ങൾ അത് ശ്രദ്ധാപൂർവം കേൾക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

62 ആദ്യത്തെ സഭ, എഫെസോസ് സഭ, സഭയുടെ പ്രവൃത്തികൾ, ദൈവം അവരെ കുറ്റംവിധിച്ചത്, അവരുടെ സ്നേഹമില്ലാത്ത പ്രവൃത്തികളുടെ കാരണത്താലായിരുന്നു. അവരുടെ പ്രതിഫലം ജീവൻറെ വൃക്ഷം ആയിരുന്നു.

63 സ്മുർന്നയിലെ സഭ ഒരു പീഡിപ്പിക്കപ്പെട്ട സഭയായിരുന്നു, അത് കഷ്ടതകളിലൂടെ കടന്നുപോയിരുന്നു. പ്രതിഫലം ജീവന്‍റെ കിരീടമായിരുന്നു.

64 മൂന്നാമത്തെ സഭ, പെർഗാമോസ്, തെറ്റായ ഉപദേശത്തിന്‍റെ യുഗവും, സാത്താന്‍റെ ന്തണകളും, മാർപ്പാപ്പ ഭരണത്തിന്‍റെ അടിസ്ഥാനവുമായിരുന്നു, സഭയും സംസ്ഥാനവുമായുള്ള വിവാഹം. പ്രതിഫലം മറഞ്ഞിരിക്കുന്ന മന്നയും വെള്ളക്കല്ലും ആകുന്നു.

65 തുയഥൈരയിലെ സഭ അന്ധകാരയുഗത്തിലെ, മാർപ്പാപ്പയുടെ വശീകരണ സഭയായിരുന്നു. പ്രതിഫലം ജാതികളുടെ മേൽ അധികാരവും, ഉദയനക്ഷത്രവും ആകുന്നു. അതായിരുന്നു ആ ചെറിയ ന്യൂനപക്ഷം അതിലൂടെ കടന്നു പോയത്.

66 സർദ്ദീസിലെ സഭ നവീകരണ യുഗമായിരുന്നു, മഹത്തായ സുവിശേഷ പ്രവർത്തനങ്ങൾ...അല്ലെങ്കിൽ സുവിശേഷ പ്രവർത്തനങ്ങൾ ആയിരുന്നില്ല, എന്നാൽ മറഞ്ഞിരുന്ന പേരുകൾ ആയിരുന്നു, അവർക്ക് അവരുടെ സ്വന്തം പേരുകൾ ഉണ്ടായിരുന്നു. പ്രതിഫലം വെള്ളയുടുപ്പും, ജീവൻറെ പുസ്തകത്തിൽ പേരും ആയിരുന്നു (അത് ന്യായ വിധിയിൽ വരേണ്ടതാകുന്നു). കഴിഞ്ഞ ദിവസം, നമ്മൾ ജീവന്‍റെ പുസ്തകം എടുത്തിരുന്നു; ജീവന്‍റെ പുസ്തകത്തിൽ നിന്നാണ് നിങ്ങൾ ന്യായം വിധിക്കപ്പെടേണ്ടത്. വിശുദ്ധന്മാർ രൂപാന്തരണം പ്രാപിച്ചു അതില്ലാതെ പോകുന്നു, അവർ അതിലേക്ക് പോകുന്നില്ല.

67 ഫിലദെൽഫ്യയിലെ സഭാ യുഗം സഹോദര പ്രീതിയുടെ കാലമായിരുന്നു. അത് മഹത്തായ ഉത്തരവിൻറെ കാലവും മഹത്തായ സുവിശേഷ പ്രവർത്തനത്തിൻറെ കാലവും, തുറന്ന വാതിലും ആയിരുന്നു. കൂടാതെ പ്രതിഫലം ഒരു—ഒരു തൂണായിരുന്നു. ദൈവത്തിൻറെ നാമങ്ങൾ ഈ സമയത്ത്—ഈ സമയത്ത്

വെളിപ്പെടുത്തിയിരുന്നു, അത് ഏകദേശം 1906 ൽ പുറത്തേക്കു തുടങ്ങിയപ്പോഴായിരുന്നു. ശരി.

68 ലവൊദിക്ക്യയിലെ സഭയുടെ കാലം ശീതോഷ്ണമായിരുന്നു, ധനവാൻ; സമ്പന്നനായിരിക്കുന്നു, ഒന്നിനും മുട്ടില്ലായിരുന്നു; എന്നാൽ നിർഭാഗ്യനും അരിഷ്ടനും ദരിദ്രനും കുരുടനും നഗ്നനും ആയിരുന്നു. എന്നാൽ പ്രതിഫലം, ആ കാലത്തെ ജയം പ്രാപിക്കുന്നവന്, തന്നോട് കൂടെ സിംഹാസനത്തിൽ ഇരിപ്പാനുള്ള വരം ആയിരുന്നു.

69 ഇപ്പോൾ ഇത് വിശദമാക്കുന്നതിന്, ഇന്ന് രാത്രിയിൽ, ഇന്നത്തെ ശുശ്രൂഷയെക്കുറിച്ച് നിങ്ങൾക്ക് കുറച്ച് ഒന്ന് കാണിക്കുന്നതിന് വേണ്ടി, നമ്മൾ രണ്ടാം അദ്ധ്യായം എടുക്കാൻ പോകുകയാണ്, ആദ്യത്തെ സഭാ യുഗം ആകുന്നു. ഇപ്പോൾ നമ്മൾ...

അവൻ വെളിപ്പെടുത്തിയിരിക്കുകയും അവൻ ആരാകുന്നു എന്ന് നാം അറിയുകയും ചെയ്തിരിക്കുന്നു, അവൻ ദൈവമാകുന്നു!

70 ഇപ്പോൾ, ഞാൻ പറഞ്ഞതുപോലെ സഭായുഗം ആരംഭിക്കുന്നത്, ഏകദേശം 53 മുതൽ 170 വരെയാകുന്നു. കൂടാതെ (എ) എഫെസോസ് നഗരം ഏഷ്യയിലെ മൂന്ന് വലിയ നഗരങ്ങളിൽ ഒന്നാകുന്നു; പലപ്പോഴും ക്രിസ്തീയ വിശ്വാസത്തിൻ്റെ മൂന്നാമത്തെ നഗരം എന്ന് വിളിക്കപ്പെടുന്നു (ആദ്യത്തേത് യെരുശലേം; രണ്ടാമത്, അന്ത്യോക്യ; മൂന്നാമത്, എഫെസോസ്)...(സി) വലിയ വാണിജ്യവും വ്യാപാരവും ഉള്ള ഒരു നഗരം ആകുന്നു... (ഇ) സർക്കാർ റോമക്കാരുടെ ആയിരുന്നു...(എഫ്) ഭാഷ യവന ഭാഷ ആയിരുന്നു. യോഹന്നാനും, മറിയവും, പത്രോസും, അന്ത്രെയോസും, ഫിലിപ്പോസും ഇവരെയെല്ലാം ഇവിടെ അടക്കം ചെയ്തിരിക്കുന്നതായി ചരിത്രകാരന്മാർ വിശ്വസിക്കുന്നു. എഫെസൊസ് അതിൻ്റെ സൗന്ദര്യത്തിന് പേരുകേട്ടതാണ്.

71 ക്രിസ്തുമതം എഫെസൊസിൽ ആയിരുന്നത് യഹൂദന്മാർ താമസിച്ചിരുന്നിടത്തായിരുന്നു. അത് സ്ഥാപിതമായത് എ.ഡി. 53 അല്ലെങ്കിൽ 55. അവിടെ ക്രിസ്തുമതം നട്ടുപിടിപ്പിച്ചത് വിശുദ്ധ പൌലോസ് ആയിരുന്നു. പിന്നീട്, വിശുദ്ധ പൌലോസ് എഫെസോസിൽ മൂന്നു വർഷം ചെലവഴിച്ചു. പൌലോസിൻ്റെ പ്രബോധനം എഫെസൊസിലെ വിശ്വാസികളിൽ വലിയ സ്വാധീനം ചെലുത്തി. അടുത്തതായി, തിമോത്തിയോസ് എഫെസൊസിലെ സഭയുടെ ആദ്യത്തെ ബിഷപ്പായിരുന്നു. പൌലോസ് എഫെസൊസിലെ സഭയ്ക്ക് കത്തെഴുതി. പൌലോസിൻ്റെ കാലത്ത് അതൊരു വലിയ സഭയായിരുന്നു.

72 എഫെസോസ് അർത്ഥമാക്കുന്നത്...*എഫെസോസ്* എന്ന പേരിൻ്റെ അർത്ഥം തന്നെ "ഉന്നം വെച്ചിട്ടുള്ളത്, വിശ്രമിക്കുക, പിന്തിരിയുക." ദൈവത്താൽ വിളിക്കപ്പെട്ടത്, "വീണുപോയ സഭ." ദൈവം—ദൈവം ആദ്യം അവരുടെ പ്രവൃത്തികളെയും, അവരുടെ പ്രയത്നവും, അവരുടെ സഹിഷ്ണുതയും അംഗീകരിച്ചു. ദൈവം അവരുടെ ആദ്യ സ്നേഹം വിട്ടുകളഞ്ഞതിനും, അവർ പിമ്പോക്കരായതിനും, അവരുടെ വെളിച്ചം വഹിക്കാത്തതിനും അവരുടെ ജീവിതങ്ങളെ ശാസിച്ചു. എഫെസൊസ് വഞ്ചിക്കപ്പെട്ട ഒരു സഭയായിരുന്നില്ല, അത് സമ്പൂർണ്ണ സ്നേഹത്തിൽ തുടരാതെ സ്വയം പരാജയപ്പെട്ടു പോയി.

73 എഫെസൊസിൻ്റെ സംഗ്രഹം: ഫലങ്ങൾ, സ്നേഹമില്ലായ്മ, വിശ്വാസ ത്യാഗത്തിലേക്ക് നയിച്ചു. വാഗ്ദാനങ്ങൾ: എഫെസോസിലെ സഭായുഗത്തിൽ ജയിക്കുന്നവനു പരദീസയിൽ ഉള്ള ജീവവൃക്ഷത്തിൻറെ ഫലം വാഗ്ദത്തം ചെയ്തിരിക്കുന്നു.

74 ഇവിടെ മനോഹരമായ ഒരു കാര്യമുണ്ട്. ജീവവൃക്ഷത്തെക്കുറിച്ച് ഉല്പത്തിയിൽ മൂന്നു പ്രാവശ്യവും വെളിപാടിൽ മൂന്നു പ്രാവശ്യവും പരാമർശിക്കപ്പെട്ടിരിക്കുന്നു. അതിൽ ആദ്യമായി പരാമർശിച്ചത്—ഉല്പത്തിയിൽ ആകുന്നു, അത് എദേനിലായിരുന്നു, അവിടെ ക്രിസ്തു ആ വൃക്ഷമായിരുന്നു. വെളിപാടിൽ മൂന്ന് തവണ അത് പരാമർശിക്കപ്പെട്ടത് ക്രിസ്തു പറുദീസയിലായിരുന്നു. ഓ, അത് സമൃദ്ധമാകുന്നു. കർത്താവ് അനുഗ്രഹിക്കട്ടെ.

75 ഇപ്പോൾ നമ്മൾ എഫെസൊസിൻ്റെ ഒന്നാം അദ്ധ്യായം ആരംഭിക്കുകയാണ്...അല്ലെങ്കിൽ 2 ആം അധ്യായത്തിലെ ഒന്നാം വാക്യം, എഫെസ്യരുടെ സഭ:

> *എഫെസൊസിലെ* സഭയുടെ *ദൂതനു എഴുതുക; ഏഴു നക്ഷത്രം വലങ്കയ്യിൽ പിടിച്ചും കൊണ്ടു നടക്കുന്നവൻ അരുളിച്ചെയ്യുന്നതു, ഏഴു പൊൻനിലവിളക്കുകളുടെ* നടുവിൽ *നടക്കുന്നവൻ ;*

76 യോഹന്നാൻ ആകുന്നു—ആ സമയത്തെ ദൂതൻ. ഈ ഏഴു പൊൻനിലവിളക്കുകളുടെ നടുവിൽ നടക്കുന്നത് യേശുക്രിസ്തുവായിരുന്നു, സർവശക്തനായ ദൈവം. അവൻ എന്താണ് ചെയ്യുന്നത്? അവൻ *ഒരു* പൊൻനിലവിളക്കിൻറെ നടുവിൽ നടക്കുകയാണെന്ന് പറഞ്ഞില്ല, അവൻ അവയുടെ എല്ലാം നടുവിലൂടെ നടക്കുകയായിരുന്നു. അത് എന്താണ് സൂചിപ്പിക്കുന്നത്? അവൻ ഓരോ സഭാ യുഗത്തിലെ ഓരോ വിശ്വാസിക്കും, അവൻ ഇന്നലെയും, ഇന്നും, എന്നേക്കും, അനന്യനായ ഒരേ ദൈവം

ആകുന്നു. അവൻ വരുന്നത്...പരിശുദ്ധാത്മാവിനോടൊപ്പം ഓരോ കാലഘട്ടത്തിലെ, ഓരോ വ്യക്തിക്കും ആകുന്നു; ഇന്നലെയും, ഇന്നും, എന്നേക്കും, അനന്യനാകുന്നു.

77 "അവൻ്റെ വലങ്കയ്യിൽ പിടിച്ചു." *വലങ്കയ്യ്* അർത്ഥമാക്കുന്നത് അവൻ്റെ "അധികാരവും ശക്തിയുമാകുന്നു." അവൻറെ വലങ്കയ്യിൽ പിടിച്ചിരിക്കുന്നത് (കീഴിൽ, നിയന്ത്രിച്ചു) പിടിച്ചിരിക്കുന്നത് ഏഴു സഭാ യുഗങ്ങളിലേക്കുള്ള ഏഴു ദൂതന്മാരെയാകുന്നു. ഓ, ഞാൻ അത് ഇഷ്ടപ്പെടുന്നു. ഈ സഭാ യുഗങ്ങളിലൂടെ അവൻ നടക്കുന്നത് കാണുന്നതാകുന്നു, ക്രിസ്തു, ഈ അന്ധകാരയുഗങ്ങളിൽ കൂടെയും, മറ്റുള്ള എല്ലാ യുഗങ്ങളിൽ കൂടെയും തൻ്റെ ജനങ്ങൾക്ക് തന്നെത്തന്നെ വെളിപ്പെടുത്തിക്കൊടുക്കുന്നു; ആ സമയത്ത് സഭ ഔപചാരികമായി പുറത്താകുകയും, ചിലർ ഒരു വഴിക്കും മറ്റു ചിലർ വേറൊരു വഴിക്കും പോകുകയായിരുന്നു, എന്നാൽ സഭയിലെ ആ ചെറിയ ന്യൂനപക്ഷം അപ്പോഴും പിടിച്ചുനിന്നു. ക്രിസ്തു അവരോടൊപ്പം പ്രവർത്തിക്കുകയും, അവൻ്റെ വചനം ഉറപ്പിക്കുകയും ചെയ്തു; നേരെ അതിലൂടെ വീശിക്കൊണ്ട് കടന്നുപോയി.

78 നിങ്ങൾ ഇത് പഠിക്കാൻ തുടങ്ങുമ്പോൾ, നമുക്ക് ഇന്ന് ഉള്ളത്, എങ്ങനെ ലഭിച്ചുവെന്ന് കാണാൻ വളരെ എളുപ്പമാണ്. ഇപ്പോൾ, ഇവിടെ തുടക്കത്തിൽ...നിങ്ങൾക്കെല്ലാവർക്കും ഇത് ഈ ഉയരത്തിൽ കാണാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. [സഹോദരൻ ബ്രൺഹാം ബ്ലാക്ക്ബോർഡിൽ അത് ചിത്രീകരിക്കുന്നു—Ed.] ഇവിടെ ഇതാ ഒരു സഭാ യുഗം, അതു പെന്തക്കോസ്ത് ആകുന്നു. രണ്ടാമത്തെ സഭായുഗം, മൂന്നാമത്തേത്, നാലാമത്തേത്, അഞ്ചാമത്തേത്, ആറാമത്തേത്, ഏഴാമത്തെ സഭാ യുഗം. ഇപ്പോൾ നിങ്ങൾ വളരെ അടുത്തായി ശ്രദ്ധിച്ചാൽ, സഭ പെന്തക്കോസ്ത് മുതൽ ആരംഭിക്കുന്നു. എത്ര പേർ അത് വിശ്വസിക്കുന്നു? പെന്തക്കോസ്തിൽ എന്താണ് സംഭവിച്ചതെന്ന് നിങ്ങൾ കാണുന്നുണ്ടോ? അതിനുശേഷം സഭ മുമ്പോട്ട് പോകുമ്പോൾ ശ്രദ്ധിക്കുക. അത് കുറച്ചുകൂടി, വീണ്ടും കുറച്ചുകൂടി, വീണ്ടും കുറച്ചുകൂടി മങ്ങാൻ തുടങ്ങുന്നു; ഒരു സ്വൽപ്പം കൂടി, അത് ഇപ്രകാരം *അതായത്* വാസ്തവികമായും യഥാർത്ഥ സഭ പോലെ പോയിട്ട് പുറത്താകുന്നു.

79 ഇപ്പോൾ, ക്രിസ്തു...സഭ എത്ര ചെറുതാണെങ്കിലും അതൊരു കാര്യമല്ല, "രണ്ടോ മൂന്നോ പേർ എൻറെ നാമത്തിൽ കൂടിവരുന്നേടത്തൊക്കയും ഞാൻ അവരുടെ നടുവിൽ ഉണ്ടു." അവർ കൂടിവരുന്നത് എന്തിലാണ്? മെഥഡിസ്റ്റിൻ്റെ നാമത്തിലാണോ? ബാപ്റ്റിസ്റ്റിൻ്റെ നാമത്തിലാണോ? പെന്തക്കോസ്തിൻ്റെ

നാമത്തിലാണോ? യേശുവിൻ്റെ നാമത്തിലാകുന്നു! രണ്ടോ മൂന്നോ പേർ എവിടെ ഒരുമിച്ചു കൂടിയാലും, അത് എത്ര ചെറുതായാലും അതൊരു കാര്യമല്ല. അവസാന നാളുകളിൽ അവർ അത്രയധികം ചെറുതായിരിക്കാൻ പോകുകയാണ്, അത് അത്രയും ആയിട്ട്, അവൻ പറഞ്ഞു, അവൻ വേഗം വന്ന് ആ നാളുകൾ ചുരുക്കണം അല്ലെങ്കിൽ ഉൽപ്രാപണത്തിനായി ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല. "രണ്ടോ മൂന്നോ പേർ എൻറെ നാമത്തിൽ കൂടിവരുന്നേടത്തൊക്കയും"

80 ഇപ്പോൾ, ആദ്യ തവണ, അപ്പോസ്തലന്മാർ ആകുന്നു. ഇപ്പോൾ, ഇത് തുടക്കമാണെന്ന് നാം കാണുന്നു, പെന്തക്കോസ്ത്. അവൻ ചുറ്റുമായി നടക്കുന്നു, അതേ മഹാനായ ദൈവം, ഒരേ മഹത്തായ അടയാളങ്ങൾ ഈ യുഗങ്ങളിലുടനീളം സംഭവിക്കേണ്ടതാകുന്നു കാരണം അവൻ ഓരോ സഭാ യുഗങ്ങൾക്കിടയിലും കൂടെ നടക്കുന്നു. എന്താണ് അനുഗ്രഹം? അവൻ്റെ നാമത്തിൽ ഒരുമിച്ചുകൂടിയിരിക്കുന്ന അവൻ്റെ ജനങ്ങളാകുന്നു.

81 നമ്മൾ സഭയിൽ കൂടെ പോകുമ്പോൾ നിങ്ങൾ ഇത് ശ്രദ്ധിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. *ഈ* സഭക്ക് യേശുവിൻ്റെ നാമം ഉണ്ടായിരുന്നു. *ഈ* സഭക്ക് യേശുവിൻ്റെ നാമം ഉണ്ടായിരുന്നു. *ഈ* സഭക്ക് യേശുവിൻ്റെ നാമം ഉണ്ടായിരുന്നു. അത് *ഈ* സഭയ്ക്ക് അത് നഷ്ടപ്പെട്ടിരുന്നു. *ഈ* സഭ പുറത്തുവന്നു, ലൂഥറിൻറെ കാലഘട്ടത്തിൽ, "ജീവനുള്ളവൻ എന്നു നിനക്കു പേർ ഉണ്ടു, എങ്കിലും നീ മരിച്ചവനാകുന്നു." അങ്ങനെ *ഈ* കാലഘട്ടത്തിൻറെ അവസാനം വരെ പോകുന്നു; ഈ കാലഘട്ടത്തിനും *ഈ* കാലഘട്ടത്തിനും ഇടയിൽ ഒരു തുറന്ന വാതിൽ വച്ചിരുന്നു അത് ആ നാമത്തെ വീണ്ടും സഭയിലേക്ക് തിരികെ കൊണ്ടുവരുന്നു. ഇപ്പോൾ അത് സത്യമാണോ എന്ന് ശ്രദ്ധിച്ചു നോക്കുക, നമുക്ക് അത് ഈ തിരുവെഴുത്തുകളിൽ നിന്നും ലഭിച്ചതിന് ശേഷം. അവിടെ അത് ഈ—ഈ കാലഘട്ടങ്ങൾക്കിടയിലാകുന്നു.

82 ഇപ്പോൾ, നാളെ രാത്രിയിൽ ഞാൻ ഇത് ഇവിടെ ഉയരത്തിലായി സജ്ജീകരിക്കാൻ ശ്രമിക്കുന്നതാണ് അതിനാൽ നമുക്കെല്ലാവർക്കും ഇത് കാണാൻ കഴിയും. ഞാൻ ഒരു പക്ഷെ നാളെ ഉച്ചതിരിഞ്ഞ് വന്നിട്ട് അതിനുവേണ്ടി വരക്കുന്നതാണ്...ചില കാര്യങ്ങൾ—ഞാൻ നിങ്ങളോട് സംസാരിക്കാൻ ആഗ്രഹിക്കുന്ന പദ്ധതികളാകുന്നു. നിങ്ങളിൽ ആരുടെയെങ്കിലും പക്കൽ ചരിത്രം ഉണ്ടെങ്കിൽ, അത് കൂടെ കൊണ്ടുവരിക. അല്ലെങ്കിൽ നിങ്ങളുടെ കുറിപ്പുകൾ എടുത്ത് ലൈബ്രറിയിലോ അല്ലെങ്കിൽ മറ്റെവിടെയെങ്കിലുമോ ഇരുന്നു ചരിത്രത്തിൽ നോക്കുക, എന്നിട്ട് അത് വായിച്ചു ഇത് ശരിയാണോ

എന്ന് നോക്കുക.

83 ഇപ്പോൾ ഒന്നാം വാക്യം. അവൻ എന്താണ് ചെയ്യുന്നത്? അവൻ അവരെ അഭിവാദനം ചെയ്യുന്നു.

> *എഴുതുക—എഫെസൊസിലെ സഭയുടെ ദൂതനു എഴുതുക*...(യോഹന്നാന്) *എഴുതുക; ഏഴു നക്ഷത്രം വലങ്കയ്യിൽ പിടിച്ചും കൊണ്ടു നടക്കുന്നവൻ അരുളിച്ചെയ്യുന്നതു, ഏഴു പൊൻനിലവിളക്കുകളുടെ നടുവിൽ നടക്കുന്നവൻ*; (ഇതൊരു അഭിവാദനം ആകുന്നു)

84 ഇപ്പോൾ 2-ആം വാക്യവും 3-ആം വാക്യവും, അവൻ അവരെ അഭിനന്ദിക്കുന്നു:

> *ഞാൻ നിൻറെ പ്രവൃത്തിയും, നിൻറെ* പ്രയത്നവും, *നിൻറെ സഹിഷ്ണതയും അറിയുന്നു...എപ്രകാരം* അതായത് നിനക്ക് *കൊള്ളരുതാത്തവരെ സഹിച്ചുകൂടാത്തതും ആകുന്നു: അപ്പൊസ്തലന്മാരല്ലാതിരിക്കെ, തങ്ങൾ അപ്പൊസ്തലന്മാർ എന്നു പറയുന്നവരെ, നീ പരീക്ഷിച്ചു കള്ളന്മാർ എന്നു കണ്ടുമിരിക്കുന്നു:*

85 നോക്കു, ഈ ആദ്യയുഗത്തിൽ തന്നെ, വിശ്വാസത്യാഗം ആരംഭിച്ചിരുന്നു. അവിടെത്തന്നെ തുടങ്ങിക്കഴിഞ്ഞിരുന്നു; കാരണം, തിരഞ്ഞെടുക്കപ്പെട്ടതും സത്യവുമായ സഭ, വേദപുസ്തകത്തിലെ പ്രമാണങ്ങൾ പാലിക്കാൻ ആഗ്രഹിച്ചിരുന്നു, കൂടാതെ യേശു തൻ്റെ സാക്ഷ്യത്തിൽ പറഞ്ഞ വാക്കുകൾ പാലിക്കാനും ആഗ്രഹിച്ചിരുന്നു, അവർ ഇതിനകം പിന്മാറാൻ തുടങ്ങിയിരുന്നു. എന്തോ സംഭവിക്കാൻ തുടങ്ങിയിരുന്നു, അവിടെ തെറ്റായ ഉപദേഷ്ടാക്കൾ എഴുന്നേല്ക്കാൻ തുടങ്ങിക്കഴിഞ്ഞിരുന്നു, അത് തെറ്റായി പഠിപ്പിക്കുന്ന ആളുകളായിരുന്നു, തിരുവെഴുത്തുകൾക്ക് വിരുദ്ധമായി, എന്തെങ്കിലും അതിലേക്കു കൊണ്ട് വരാനോ അല്ലെങ്കിൽ എന്തെങ്കിലും കൂട്ടി ചേർക്കാനോ ശ്രമിക്കുന്നു.

86 ആ കാരണത്താലാണ് അവൻ ഈ വെളിപാട് സഭയ്ക്ക് നൽകിക്കൊണ്ട് പറഞ്ഞത്. "ആരെങ്കിലും എടുത്തുകളയുകയോ കൂട്ടിച്ചേർക്കുകയോ ചെയ്താൽ, ജീവൻ്റെ പുസ്തകത്തിൽ നിന്ന് നിങ്ങളുടെ അംശം എടുത്തുമാറ്റപ്പെടും." അത്, നഷ്ടപ്പെട്ടിരിക്കുന്നു, സഹോദരാ! ദൈവത്തിൻറെ വചനവുമായിട്ട് അനാവശ്യമായി കയ്യിടരുത്! അത് ആരെ വേദനിപ്പിച്ചാലും അല്ലെങ്കിൽ എന്ത് വേദനിപ്പിച്ചാലും, അത് എങ്ങനെയായാലും പറയുക. അവിടെ എഴുതിയിരിക്കുന്നതുപോലെ തന്നെ പറയുക, അതാകുന്നു വഴി. നമുക്ക്

മഹത്തായ മറ്റൊന്നും ആവശ്യമില്ല, നമുക്ക് അത് വ്യാഖ്യാനിക്കാൻ ഒരു പുരോഹിതനെയോ അല്ലെങ്കിൽ മറ്റൊന്നിനെയും ആവശ്യമില്ല, പരിശുദ്ധാത്മാവായ ദൈവമാകുന്നു വ്യാഖ്യാതാവ്. അവൻ വ്യാഖ്യാനം നൽകുന്നു.

87 ഇപ്പോൾ, നിങ്ങൾ ശ്രദ്ധിക്കുകയാണെങ്കിൽ, തിന്മകളിൽ നിന്ന് തിരിഞ്ഞ് വ്യാജ പ്രവാചകന്മാരെ കണ്ടെത്തുന്നത് ശ്രദ്ധിച്ചാൽ, അതിനുശേഷം അവർ വ്യാജമാണെന്ന് തെളിയിക്കപ്പെട്ടു. ദൈവഭക്തിയുടെ ഒരു രൂപമുണ്ട്. ആ സമയത്ത് സഭ എങ്ങനെ ഔപചാരികമായി തുടങ്ങുന്നു എന്ന് നോക്കൂ? പരിശുദ്ധാത്മാവിൻ്റെ പ്രചോദനത്താൽ അവർ ജനങ്ങളെ തകർത്തു കളയാൻ തുടങ്ങുന്നു, അവരെക്കുറിച്ച് ജനങ്ങളെ കൊണ്ട് ഒരുതരം കളിയാക്കാൻ പ്രേരിപ്പിക്കാൻ തുടങ്ങുന്നു.

88 ശരി, യേശു പറഞ്ഞില്ലേ, "നീതിക്കുവേണ്ടി നിങ്ങൾ പീഡിപ്പിക്കപ്പെടുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ"? അവൻ ഒരിക്കലും ഔപചാരികമായി തുടങ്ങണമെന്ന് പറഞ്ഞിട്ടില്ല. അവൻ പറഞ്ഞു, "ആനന്ദിപ്പിൻ, സന്തോഷിച്ചുല്ലസിപ്പിൻ, കാരണം നിങ്ങൾക്കു മുമ്പെയുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ അങ്ങനെതന്നെ ഉപദ്രവിച്ചുവല്ലോ. അവൻ ഇത് പറഞ്ഞത്, മലമുകളിലെ സന്ദേശത്തിലായിരുന്നു, മത്തായി 5, "നിങ്ങൾ അനുഗ്രഹിക്കപ്പെട്ടവൻ!" എന്തിന്, നിങ്ങൾ കർത്താവായ യേശുവിനെ സ്നേഹിക്കുന്നതിനാൽ നിങ്ങളെ പരിഹസിക്കാൻ ആളുകൾ ഉണ്ടായിരിക്കുന്നു, അത് പറയാൻ അവരെ പ്രാപ്തരാക്കുന്നത് ഒരു അനുഗ്രഹമാണ്. അവർ മാത്രം... അവർ നിങ്ങളെ ശപിക്കുമ്പോൾ, അവർ നിങ്ങളുടെ മേൽ ദൈവത്തിൻ്റെ അനുഗ്രഹങ്ങൾ കൊണ്ടുവരുകയാണ്. അത് അവർക്ക് തിരിച്ചടിയാകുന്നു, അതിപ്രകാരം ആ സമയത്ത് ബിലെയാമിൻ്റെ മേൽ ചെയ്തതുപോലെയാകുന്നു. അത്—അത് അവർക്ക് തിരിച്ചടിയാകുന്നു. നിങ്ങൾ ഒരു ക്രിസ്ത്യാനിയാണെന്ന് അവർ കളിയാക്കാൻ ശ്രമിക്കുമ്പോൾ, എന്തുകൊണ്ട്, അത് അവർക്ക് തിരിച്ചടിയാകുന്നു, ദൈവം ഒരു അനുഗ്രഹം നൽകുന്നു, കാരണം, "എൻ്റെ നാമം നിമിത്തം മനുഷ്യർ നിങ്ങളെ ഉപദ്രവിക്കുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ." അവൻ്റെ നാമത്തിനുവേണ്ടി, "നിങ്ങൾ നിങ്ങൾ ഭാഗ്യവാന്മാർ!"

89 ദൈവഭക്തിയുടെ ഒരു രൂപഭാവം ആരംഭിക്കാനും അതിലേക്ക് കടക്കാനും അവർ ആഗ്രഹിച്ചിരുന്നുവെന്ന് ഇപ്പോൾ നാം കണ്ടെത്തുന്നു.

90 ഇപ്പോൾ, എനിക്ക് ഇവിടെ ഒന്ന് നിർത്തിയിട്ട് എന്തെങ്കിലും പറയാനാ കഴിയും, ഞാൻ അത് ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു. നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ ഓരോ ഉണർവ്വും...ഇപ്പോൾ, ശുശ്രൂഷകരായ സഹോദരന്മാർ, നിങ്ങൾ ഇത് പരിശോധിക്കുക. എല്ലാ ഉണർവ്വും ഇരട്ടകളെ ഉത് പാദിപ്പിക്കുന്നു, അതിപ്രകാരം യാക്കോബും റിബേക്കയും ഇരട്ടകളെ ജനിപ്പിച്ചതുപോലെയാകുന്നു: ഏശാവും യാക്കോബും ആകുന്നു. ഞാൻ അർത്ഥമാക്കുന്നത് പകരം...അത് യാക്കോബിനു പകരം ഇസ്സഹാക്കും റിബേക്കയുമായിരുന്നു. ഇസ്സഹാക്കും റിബേക്കയും ഇരട്ടക്കുട്ടികളെ ജനിപ്പിച്ചു. പിതാവ് വിശുദ്ധനായിരുന്നു, മാതാവും വിശുദ്ധയായിരുന്നു, എന്നാൽ അവർക്ക് രണ്ട് ആൺകുട്ടികൾ ജനിച്ചു: ഏശാവും യാക്കോബും ആയിരുന്നു.

91 ഇപ്പോൾ ഇവർ രണ്ടുപേരും മതവിശ്വാസികളായിരുന്നു. എന്നാൽ ഏശാവ്, പ്രവൃത്തികളുടെയും കർമ്മങ്ങളുടെയും കാര്യത്തിൽ, ഒരു നല്ല നിയമാനുസൃതനായവൻ ആയിരുന്നു, അവൻ ഒരുപക്ഷേ യാക്കോബിനേക്കാൾ, എല്ലാ കാര്യങ്ങളിലും, വളരെ മികച്ച കുട്ടിയായിരുന്നു. അത് നിങ്ങൾക്കറിയാമോ? യാക്കോബ് എപ്പോഴും അമ്മക്ക് ചുറ്റും തൂങ്ങി നടന്നിരുന്ന ഒരു കൊച്ചു കുട്ടിയായിരുന്നു. എന്നാൽ ഏശാവ് പുറത്തു പോയി ജോലി ചെയ്തിരുന്നു, അവൻ പുറത്തു പോയി പ്രവാചകനായ തൻ്റെ വൃദ്ധനായ കാഴ്ചയില്ലാത്ത പിതാവിന് കൊടുക്കാൻ വേട്ടയിറച്ചി കൊണ്ടുവന്നു. അവൻ അവനെ പരിപാലിക്കാൻ ശ്രമിച്ചിരുന്നു. എന്നാൽ യാക്കോബിന് ഒരു കാര്യം മാത്രമേ മനസ്സിലുണ്ടായിരുന്നുള്ളൂ, അവന് ആ ജ്യേഷ്ഠാവകാശം ആവശ്യമായിരുന്നു! എത്ര നേരം ചുറ്റിക്കറങ്ങണം എന്നോ എന്തുചെയ്യണമെന്നോ അവൻ കാര്യമാക്കിയില്ല, അവൻ്റെ ജീവിതത്തിലെ പ്രധാന കാര്യം ജ്യേഷ്ഠാവകാശമായിരുന്നു! ഏശാവ് അതിനെ നിന്ദിച്ചിരുന്നു.

92 ഇപ്പോൾ നിങ്ങൾ പ്രാകൃതിക മനുഷ്യനെ കാണുന്നില്ലേ—സ്വാഭാവിക മനുഷ്യൻ? ഒരു ഉണർവ്വ് വരുമ്പോൾ, ഓരോ ഉണർവ്വിൽ നിന്നും രണ്ട് തരം ആളുകൾ പുറത്തുവരുന്നു. അവിടെ ഒരു സ്വാഭാവിക മനുഷ്യൻ ഉണ്ടായിട്ടു അത് പോകുന്നു, അവൻ യാഗപീഠത്തിങ്കൽ വന്ന് പറയും, "അതെ, ശ്രീമാൻ, ഞാൻ ക്രിസ്തുവിനെ എൻ്റെ രക്ഷകനായി സ്വീകരിക്കുന്നു." എന്നിട്ട് അവൻ പുറത്തുപോകുന്നു, പിന്നെ അവന് എന്ത് സംഭവിക്കുന്നു? ആദ്യത്തെ കാര്യം നിങ്ങൾക്കറിയാമോ, അവൻ നല്ല തണുപ്പുള്ള, ഔപചാരികമായ ഒരു സഭയിൽ ചെന്ന് അവസാനിക്കും, കാരണം അവൻ ചിന്തിക്കുന്നത്, "ശരി, ഞാൻ സഭയിൽ ചേരുകയാണെങ്കിൽ, മറ്റൊരു മനുഷ്യനെ പോലെ

ഞാനും നല്ലവനായിരിക്കും. ഞാനും അങ്ങനെ *ഇന്ന-ഈ-ഇന്ന* ആളെപ്പോലെ നല്ലവനല്ലേ? ഞാൻ സഭയിൽ അംഗമായിരിക്കുകയും കുമ്പസാരം നടത്തുകയും ചെയ്യുന്നിടത്തോളം എന്ത് വ്യത്യാസമാണ് ഉണ്ടാകുന്നത്?" എന്തിന്, ഇത് മുഴുവനായും വ്യത്യസ്തമാണ്. നിങ്ങൾ വീണ്ടും ജനിക്കണം. നിങ്ങൾക്ക് ജ്യേഷ്ഠാവകാശം ഉണ്ടായിരിക്കണം.

93 യാക്കോബ് എത്രയധികം പരിഹസിക്കപ്പെട്ടിട്ടും അവൻ അത് കാര്യമാക്കിയില്ല. അവൻ ആ ജ്യേഷ്ഠാവകാശം ആഗ്രഹിച്ചു, അത് എങ്ങനെ നേടണമെന്ന് അവൻ കാര്യമാക്കിയില്ല.

94 ഇപ്പോൾ, ജ്യേഷ്ഠാവകാശം പ്രാപിക്കാൻ വളരെയധികം പേരും ആഗ്രഹിക്കുന്നില്ല, കാരണം ഇത് കുറച്ച് ജനപ്രീതിയില്ലാത്ത കാര്യമാണെന്ന് അവർ കരുതുന്നു. അവർ അൾത്താരയിലേക്ക് ചെന്ന് മുട്ടിന്മേൽ ആയി അൽപ്പം കരയാനോ, അല്ലെങ്കിൽ ഭക്ഷണം ഒന്നും കഴിക്കാതെ പോകാനോ, കൂടാതെ—കൂടാതെ അതുപോലെ മറ്റെന്തെങ്കിലും അവർ ആഗ്രഹിക്കുന്നില്ല. അവർ—അവർ—അവർ—അവർ അത് ചെയ്യാൻ ആഗ്രഹിക്കുന്നില്ല. വളരെയധികം സ്ത്രീകൾ...വളരെയധികം, നിങ്ങൾക്കറിയാമോ, വളരെ-...കെട്ടിച്ചമയുന്നവരാകുന്നു, അവർ കരയുകയാണെങ്കിൽ അവർക്ക് അത് കഴുകിക്കളയേണ്ടി വരും, പിന്നെ വീണ്ടും അത് ചെയ്യേണ്ടി വരും എന്ന് അവർ ചിന്തിക്കുന്നു. എന്തിന്, അവർ... അത്...കൂടാതെ ഞാൻ അത് ദൈവനിന്ദയായിട്ട് പറയാൻ ഉദ്ദേശിക്കുന്നില്ല, അത് അങ്ങനെ കേഴ്വിക്കു തോന്നില്ലെന്ന് ഞാൻ ആശിക്കുന്നു, എന്നാൽ സത്യം അതാകുന്നു. അവർക്ക് അത് വേണ്ട എന്ന് മാത്രം. അവർക്ക് പുതിയ ജനനം ആവശ്യമില്ല, കാരണം പുതിയ ജനനം ഒരുതരത്തിൽ ഒരു കുഴപ്പം പിടിച്ച കാര്യമാകുന്നു. അതിപ്രകാരം മറ്റേതൊരു ജനനവും പോലെയാകുന്നു. ഏതൊരു ജനനവും ഒരു കുഴപ്പം പിടിച്ച കാര്യമാകുന്നു, അത് എവിടെ വച്ചായിരുന്നാലും ഞാൻ കാര്യമാക്കുന്നില്ല. അത് ഒരു പന്നി കൂട്ടിലായാലും അല്ലെങ്കിൽ ഒരു തൊഴുത്തിലോ അല്ലെങ്കിൽ ഒരു പിങ്ക് നിറത്തിൽ, അലങ്കരിച്ച ആശുപത്രി മുറിയിലായാലും, അതൊരു കുഴപ്പം പിടിച്ച കാര്യമാകുന്നു.

95 അതുപോലെ പുതിയ ജനനവും ഒരു കുഴപ്പമാണ്! ആമേൻ. നിങ്ങൾ ചെയ്യുമെന്ന് നിങ്ങൾ കരുതാത്ത കാര്യങ്ങൾ ചെയ്യാൻ ഇത് നിങ്ങളെ പ്രേരിപ്പിക്കും; ഒരു മൂലയിൽ നിന്നുകൊണ്ട് ഒരു തംബുരു അടിക്കുകയോ, അല്ലെങ്കിൽ പാടുകയോ, "ദൈവത്തിന് സ്തോത്രം! ഹല്ലേലൂയാ! ദൈവത്തിന് സ്തുതിയായിരിക്കട്ടെ! ദൈവത്തിനു മഹത്വം ഉണ്ടാകട്ടെ!" എന്തിന്, നിങ്ങൾ ഒരു ഭ്രാന്തനെപ്പോലെ പ്രവർത്തിക്കും. അതുതന്നെയാണ് അപ്പോസ്തലന്മാരോട് ചെയ്തത്,

അതുതന്നെയാണ് കന്യകയായ മറിയത്തോടും ചെയ്തത്, അവൾ മദ്യപിച്ചതുപോലെ പെരുമാറിയിരുന്നു. അവൾ സമൂഹത്തിൽ ഒരു കുഴപ്പക്കാരിയായിരുന്നു, എന്നാൽ ജീവിതത്തിൽ നിന്ന് പുറത്തുവരാൻ ഒരു കുഴപ്പം ആവശ്യമാണ്. ആമേൻ!

96 എന്തും നശിക്കാതെ ചീഞ്ഞഴുകിയില്ലെങ്കിൽ, അതിൽ നിന്ന് ജീവൻ കടന്നു വരുകയില്ല. ഒരു മനുഷ്യൻ മരിക്കുകയും സ്വന്തം ചിന്തകളിൽ അഴുകുകയും ചെയ്യുന്നില്ലെങ്കിൽ, ക്രിസ്തുവിന് അവൻ്റെ ഹൃദയത്തിൽ പ്രവേശിക്കാൻ കഴിയില്ല. നിങ്ങൾ സ്വയം നിങ്ങൾക്കുവേണ്ടി ചിന്തിക്കാൻ ശ്രമിക്കുമ്പോൾ, "ഇപ്പോൾ, ഞാൻ അൾത്താരയുടെ അടുത്തേക്ക് നടന്ന് പറയുകയാണെങ്കിൽ, 'അതെ, കർത്താവേ, ഞാൻ—ഞാൻ ഒരു നല്ല മനുഷ്യനാകുന്നു, ഞാൻ നിന്നെ സ്വീകരിക്കുന്നു, ഞാൻ എൻ്റെ ദശാംശം നൽകും. ഞാൻ ഇത് ചെയ്യും,'" നിങ്ങൾക്ക് നിങ്ങളുടെ ചിന്തകളുമായി അവിടെത്തന്നെ മരിച്ചു അഴുകേണ്ടത് ആവശ്യമാകുന്നു. പരിശുദ്ധാത്മാവ് അത് ഏറ്റെടുത്തിട്ട് അവൻ നിങ്ങളോട് ആഗ്രഹിക്കുന്നതെന്തും ചെയ്യട്ടെ. അതുമായി ഒരുതരം കുഴപ്പത്തിലാകട്ടെ. അത് കേൾക്കുവാൻ ഭയാനകമായി തോന്നും, അപഹാസ്യമല്ല, എന്നാൽ സത്യം അതാകുന്നു. നിങ്ങൾക്ക് അത് മനസിലാക്കാൻ ഈ കാര്യം എങ്ങനെ തള്ളി കയറ്റണമെന്ന് എനിക്കറിയാവുന്ന ഒരേയൊരു മാർഗ്ഗം ഇതാകുന്നു.

97 അന്നത്തെ ആ മാന്യരായ യഹൂദന്മാരുടെ ഒരു കൂട്ടത്തെക്കാൾ കുഴപ്പം കൂടിയത് മറ്റു എന്തായിരുന്നു, ഈ ജനങ്ങൾ വിക്കിവിക്കി പറയുന്ന അധരങ്ങളുമായി അവിടേക്ക് കടന്നു വരുന്നത് കാണുന്നതിനേക്കാൾ മറ്റെന്തായിരുന്നു? ഒരു വിക്കിവിക്കി പറയൽ എന്താണെന്ന് നിങ്ങൾക്കറിയാമോ? "ഹ, ഹ്, ആഹ്, ആഹ്, ആഹ്, ആഹ്...?..." അന്യഭാഷകൾ, മദ്യപിച്ചവരെപ്പോലെ പെരുമാറുക എന്നതാകുന്നു. "ഹ, ഹോ, ആഹ്, ആഹ്, ആഹ്." അത് തന്നെയാണ് അവർ ചെയ്തുകൊണ്ടിരുന്നത്. അവർ വൃത്തികെട്ടതായി കാണപ്പെട്ടു!

98 അവൻ ചോദിച്ചു, "ഈ മനുഷ്യരെല്ലാം പുതിയ വീഞ്ഞ് കുടിച്ചവരാണോ?"

എന്നാൽ ഒരാൾക്ക് ഒരുവിധം ബോധം വന്നിട്ട്, അവൻ പറഞ്ഞു, "ഇതു നിങ്ങൾ അറിഞ്ഞിരിക്കട്ടെ; എൻ്റെ വാക്കു ശ്രദ്ധിച്ചുകൊൾവിൻ, നിങ്ങൾ ഊഹിക്കുന്നതുപോലെ ഇവർ ലഹരി പിടിച്ചവരല്ല." എന്നാൽ അവൻ തിരുവെഴുത്തിലേക്ക് തിരികെ ചെന്ന്, "ഇത് ആകുന്നു *അത്* യോവേൽ പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതത്രേ.

'അതെന്തെന്നാൽ അന്ത്യകാലത്തു,' യഹോവ അരുളിച്ചെയ്യുന്നു, 'ഞാൻ സകല ജഡത്തിന്മേലും എൻറെ ആത്മാവിനെ പകരും.'"

99 അങ്ങനെയാണ് സഭ ആദ്യമായി ജനിച്ചത്. ദൈവം അനന്തമാണെന്ന് എത്രപേർ വിശ്വസിക്കുന്നു? അപ്പോൾ പിന്നെ അവന് മാറാൻ കഴിയില്ല. തുടക്കത്തിൽ ഒരു സഭയെക്കുറിച്ചുള്ള അവൻ്റെ ആശയം അതായിരുന്നുവെങ്കിൽ, അവസാനത്തിലും അത്തരത്തിലുള്ള ഒരു സഭയായിരിക്കും അവനു ഉണ്ടാകുന്നത്. അവന് മാറാൻ കഴിയില്ല. അപ്പോൾ നിങ്ങൾ കൈ കുലുക്കുകയോ തളിക്കുകയോ ചെയ്യുന്നത് എങ്ങനെ അതുമായി മാറ്റിസ്ഥാപിക്കും, അല്ലെങ്കിൽ—അല്ലെങ്കിൽ അവിടെ നടക്കാത്ത മറ്റെന്തെങ്കിലും കാര്യം? അപ്പോസ്തലന്മാരിൽ ഓരോരുത്തരും അതിലേക്ക് തിരിച്ചുപോയി.

100 അവർ ഇതെല്ലാം ചെയ്ത ശേഷം...പരിശുദ്ധാത്മാവ് അവരുടെമേൽ വീണിട്ടു, പത്രോസ് പറഞ്ഞു. "നമുക്ക് വെള്ളം വിലക്കുവാൻ കഴിയുമോ, നമ്മെപ്പോലെ തുടക്കത്തിൽ പരിശുദ്ധാത്മാവു ലഭിച്ചതുപോലെ ഇവർക്കും ലഭിച്ചിരിക്കുന്നില്ലേ? പത്രൊസ് അവരെ യേശുക്രിസ്തുവിൻറെ നാമത്തിൽ സ്നാനം കഴിപ്പിപ്പാൻ കല്പിച്ചു. അത് ശരിയാണ്.

101 പൌലോസ് ഉൾപ്രദേശങ്ങളിൽ കൂടി സഞ്ചരിച്ചു ചില ശിഷ്യന്മാരെ ഒച്ചവെച്ചു കണ്ടെത്തി, അവർക്ക് ഒരു വലിയ സമയമായിരുന്നു, ഒരു കൂട്ടം ബാപ്റ്റിസ്റ്റുകാർ ദൈവത്തെ മഹത്വപ്പെടുത്തുന്നത് കണ്ടു. അവൻ ചോദിച്ചു, പ്രവൃത്തികൾ 19, അവൻ ചോദിച്ചു, "നിങ്ങൾ വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?"

അവർ പറഞ്ഞു, "പരിശുദ്ധാത്മാവു ഉണ്ടെന്നുപോലും ഞങ്ങൾ കേട്ടിട്ടില്ല."

ചോദിച്ചു, "എന്നാൽ ഏതായിരുന്നു നിങ്ങളുടെ സ്നാനം?"

അവർ പറഞ്ഞു, "ഞങ്ങൾ യേശുവിനെ സ്നാനപ്പെടുത്തിയ അതേ മനുഷ്യനാൽ സ്നാനപ്പെട്ടിരിക്കുന്നു, യോഹന്നാൻ സ്നാപകൻ."

102 അവൻ പറഞ്ഞു, "അതെ, എന്നാൽ അത് ഇനിയും പ്രവർത്തിക്കുകയില്ല." നോക്കൂ? പെന്തക്കോസ്ത് നാളിൽ പത്രോസ് അത് മുദ്രവച്ചു. അവൻ്റെ കയ്യിൽ താക്കോൽ ഉണ്ടായിരുന്നു. നോക്കൂ?

പറഞ്ഞു, "ഇത് ഇനി പ്രവർത്തിക്കില്ല, നിങ്ങൾ വീണ്ടും സ്നാനമേൽക്കണം." അങ്ങനെ അവൻ അവരെ വീണ്ടും, കർത്താവായ

യേശുക്രിസ്തുവിൻ്റെ നാമത്തിൽ സ്നാനം കഴിപ്പിച്ചു. അവൻ അവരുടെ മേൽ കൈവെച്ചപ്പോൾ, അവർക്ക് തുടക്കത്തിൽ ഉണ്ടായിരുന്ന അതേ തരത്തിലുള്ള ഫലങ്ങൾ അവർക്കുണ്ടായി. പരിശുദ്ധാത്മാവ് അവരുടെമേൽ വീണു, അവർ അന്യഭാഷകളിൽ സംസാരിക്കാനും പ്രവചിക്കാനും തുടങ്ങി.

103 ഇപ്പോൾ, കാലാകാലങ്ങളിൽ കൂടി കടന്നു വന്ന സഭ അതാകുന്നു. ഇപ്പോൾ, ഇത് തുടക്കത്തിൽ നേരെ ഇവിടെ നിന്നും ആരംഭിച്ചു.

"ഞാൻ നിൻ്റെ സഹിഷ്ണത അറിയുന്നു. നീ ഭയങ്കര ദീർഘക്ഷമയുള്ളവനാണ്, ഞാൻ അത് അറിയുന്നു...ഇപ്പോൾ ഓർക്കുക, നിലവിളക്കുകൾക്കിടയിൽ നടക്കുന്നവൻ ഞാനാകുന്നു. ഞാൻ നിങ്ങളുടെ ക്ഷമയും ജോലിയും അധ്വാനവും സ്നേഹവും ഇത്യാദി എല്ലാം അറിയുന്നു. നീ ചെയ്തതെല്ലാം എനിക്കറിയാം. കൂടാതെ ഞാൻ അറിയുന്നു അതയത് അപ്പൊസ്തലന്മാരല്ലാതിരിക്കെ തങ്ങൾ അപ്പൊസ്തലന്മാർ എന്നു പറയുന്നവരെ നീ 'പരീക്ഷിച്ചു കണ്ടിരിക്കുന്നു,' നീ പരീക്ഷിച്ചു കള്ളന്മാർ എന്നു കണ്ടിരിക്കുന്നു." ഓ, അത് വളരെ തുറന്ന കാര്യമാകുന്നു, അത് അല്ലേ? ഞാൻ അതിന് ഉത്തരവാദിയല്ല, അവനാകുന്നു. അവർ കള്ളന്മാർ ആകുന്നു എന്ന് അവൻ പറഞ്ഞു.

104 എന്നാൽ തിരുവെഴുത്തു പറയുന്നു, "ഒരു മനുഷ്യനെ പരീക്ഷിക്കുക. നിങ്ങളുടെ ഇടയിൽ ഒരു ആത്മീയനോ പ്രവാചകനോ, അല്ലെങ്കിൽ അവൻ അത് ആണെന്ന് പറയുകയോ ചെയ്യുന്ന ഒരുവൻ ഉണ്ടെങ്കിൽ, കർത്താവായ ഞാൻ എന്നെത്തന്നെ അവനു വെളിപ്പെടുത്തും. ദർശനങ്ങളിലും സ്വപ്നങ്ങളിലും കൂടി ഞാൻ അവനോട് സംസാരിക്കും. അവൻ പറയുന്നതു സംഭവിക്കുന്നു എങ്കിൽ അവൻ്റെ വാക്കു കേൾക്കുക; അവനെ ഭയപ്പെടേണ്ട, നോക്കു, കാരണം ഞാൻ അവനോടുകൂടെയുണ്ട്. എന്നാൽ അത് സംഭവിക്കുന്നില്ലെങ്കിൽ, അവനെ കേൾക്കരുത്, അവന് എൻ്റെ വചനം ലഭിച്ചിട്ടില്ല." നോക്കു, അത് അവൻ്റെ വചനമാണെങ്കിൽ, അത് സംഭവിക്കും.

105 ഇപ്പോൾ, ഈ ആളുകൾ തിരുവെഴുത്തു അനുസരിച്ച് തുടരുന്നില്ലെന്ന് അവർ കണ്ടെത്തി. നോക്കു, അവർ മറ്റെന്തെങ്കിലും നേടാൻ ശ്രമിക്കുകയായിരുന്നു. (നിങ്ങൾ ഇപ്പോൾ നിങ്ങളുടെ ചിന്താ പരിധിയുടെ തൊപ്പി തുറന്നു വെക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു, അവിടെ കുറച്ച് നിമിഷങ്ങൾക്കുള്ളിൽ തന്നെ ആ സ്വർണ്ണക്കട്ടിയിലേക്ക് നാം ചെന്ന് എത്തുന്നതാണ്.) ഇപ്പോൾ, അതിനുശേഷം അവൻ പറഞ്ഞു, "നിങ്ങൾ എന്താണ് ചെയ്തതെന്ന് ഞാൻ കാണുന്നു...അതായത് നിങ്ങൾക്ക് ദീർഘക്ഷമയും, സഹിഷ്ണതയും ഉണ്ടെന്നു...അവരോടൊപ്പം ഉണ്ടായിരിക്കുന്നു. നിങ്ങൾ

അവരെ പരീക്ഷിച്ചു, അവർ അപ്പോസ്തലന്മാരല്ലെന്ന് കണ്ടെത്തി. അവർ ആകുന്നില്ല."

106 ഇപ്പോൾ, ഞാൻ ഇത് തുടക്കത്തിൽ പറഞ്ഞതുപോലെ, നമ്മൾ ഇത് വീണ്ടും ആരംഭിക്കുന്നതിന് മുമ്പ്, എല്ലാ ഉണർവ്വും ഒരു ജോടി ഇരട്ടകളെ ഉത്പാദിപ്പിക്കുന്നു. ഒന്ന് ഒരു ആത്മീയ മനുഷ്യനാകുന്നു; മറ്റൊന്ന് ഈ ഭൂമിയിലെ ഒരു സ്വാഭാവിക മനുഷ്യൻ ആകുന്നു, "ഞാൻ സഭയിൽ ചേർന്നിരിക്കുന്നു, ഞാൻ മറ്റ് ആരെയും പോലെ നല്ലവനാകുന്നു." അങ്ങനെ ഈ ഉണർവ്വും എന്താണോ സൃഷ്ടിച്ചത് അത് ഇത് തന്നെയാകുന്നു. അതാകുന്നു, എല്ലാ ഉണർവ്വും ആകുന്നു. അതാണ് ലൂഥർ ഉത്പാദിപ്പിച്ചത്, അതാണ് ഐറേനിയസ്' ഉത്പാദിപ്പിച്ചത്, അതാണ് വിശുദ്ധ മാർട്ടിൻ ഉത്പാദിപ്പിച്ചത്, അതാണ് കൊളംബ ഉത്പാദിപ്പിച്ചത്, അതാണ് വെസ്ലി ഉത്പാദിപ്പിച്ചത്, അതാണ് പെന്തക്കോസ്ത് ഉത്പാദിപ്പിച്ചത്. കൃത്യമായും അതാകുന്നു.

107 അവർ എങ്ങനെ വിത്തിലേക്ക് പോയി എന്ന് നിങ്ങൾ കാണുന്നുണ്ടോ? അവരുടെ പള്ളികൾ പണിതു, അങ്ങനെ അത് തുടർന്നുപോയി, വലിയ നല്ല സ്ഥലങ്ങൾ, കൂടാതെ നന്മയുണ്ടാകട്ടെ, എഴുന്നേറ്റ് നിന്ന് അപ്പോസ്തലന്മാരുടെ വിശ്വാസപ്രമാണം ആവർത്തിക്കുക. "ഞാൻ വിശുദ്ധ റോമൻ കത്തോലിക്കാ സഭയിലും വിശുദ്ധരുടെ കൂട്ടായ്മയിലും ഞാൻ വിശ്വസിക്കുന്നു." വിശുദ്ധരുടെ കൂട്ടായ്മയിൽ വിശ്വസിക്കുന്ന ഏതൊരു വ്യക്തിയും അദ്ധ്യാത്മവാദി ആകുന്നു. മരിച്ചവരുമായി ഇടപെടുന്ന എന്തും പിശാചിന്റെതാണ്. അത് കൃത്യമായി ശരിയാണ്. നമുക്ക് ദൈവത്തിനും മനുഷ്യർക്കും ഇടയിൽ ഒരു മധ്യസ്ഥനുണ്ട്, അതാണ് ആ മനുഷ്യൻ, യേശുക്രിസ്തു. അത് ശരിയാണ്. അതാണ് പത്രോസ് പറഞ്ഞത്. നിങ്ങൾ പ്രിയപ്പെട്ട കത്തോലിക്കരായ നിങ്ങൾ അവനെ വിളിക്കുന്നു "ആദ്യത്തെ മാർപാപ്പ, കൂടാതെ പത്രോസ് യേശുവിനൊപ്പം നടന്ന ആദ്യത്തെ മാർ പാപ്പയാകുന്നു."

108 എന്നിട്ട് പറഞ്ഞു, "ദൈവത്തിനും മനുഷ്യനും ഇടയിൽ മറ്റൊരു മദ്ധ്യസ്ഥനില്ല." ഇതും, അതുകൂടാതെ നിങ്ങൾക്ക് ഇന്ന് പതിനായിരം പേർ കൂടിയുണ്ട്. സഭ തെറ്റുപറ്റാത്തതും മാറ്റമില്ലാത്തതും ആണെങ്കിൽ, എന്തുകൊണ്ടാണ് ഇത് ഇത്രയധികം മാറിയത്? നിങ്ങളുടെ എല്ലാ കുർബ്ബാനകളും ലത്തീൻ ഭാഷയിൽ പറഞ്ഞിരിക്കുന്നതിനാൽ അത് മാറുന്നില്ല. എന്ത് സംഭവിച്ചു? വേദപുസ്തകത്തിൽ അപ്പോസ്തലന്മാരുടെ വിശ്വാസപ്രമാണം നിങ്ങൾ എവിടെയാണ് കണ്ടെത്തുന്നത്? അഥവാ അപ്പോസ്തലന്മാർക്ക് എന്തെങ്കിലും വിശ്വാസമുണ്ടെങ്കിൽ, അത്

"മാനസാന്തരപ്പെട്ടുക, നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തരും യേശുക്രിസ്തുവിൻ്റെ നാമത്തിൽ സ്നാനം ഏൽക്കുക." മറ്റു യാതൊരു വിശ്വാസ പ്രമാണവും അവർ അറിയുകയോ അല്ലെങ്കിൽ എപ്പോഴെങ്കിലും ഉരുവിടുകയോ ചെയ്യുന്നതായി ഞാൻ കേട്ടിട്ടില്ല.

109 എന്നാൽ "വിശുദ്ധ റോമൻ സഭകൾ" എന്നാ കാര്യത്തിൽ വരുമ്പോൾ ഈ മറ്റുള്ള കാര്യങ്ങളെല്ലാമാകുന്നു, കൂടാതെ "ആകാശത്തെയും ഭൂമിയെയും സംരക്ഷിക്കുന്ന സർവ്വശക്തനായ പിതാവായ ദൈവം," അത് അസംബന്ധമാണ്. നോക്കൂ? അത് ശരിയാണ്. അത് തിരുവെഴുത്തിൽ ഇല്ല. തിരുവെഴുത്തുകളിൽ അങ്ങനെയൊന്നില്ല. അവർ ഉണ്ടാക്കി-യെടുത്ത ഒരു വിശ്വാസപ്രമാണമാകുന്നു. എന്നാൽ അത്...എല്ലാ പ്രാർത്ഥനകളും മറ്റെല്ലകാര്യങ്ങളും ഉണ്ടാക്കി-യെടുത്ത കാര്യമാണ്.

110 നമ്മുടെ പ്രൊട്ടസ്റ്റൻ്റുകാരെ, നാം ഇവിടെ എത്തുമ്പോൾ, ഇവർക്ക് തൊട്ടു പിന്നാലെ പോയത് ഇന്ന് നമുക്ക് കാണാൻ കഴിയും. അതിപ്രകാരം ബില്ലി ഗ്രഹാം ഞായറാഴ്ച പറഞ്ഞതുപോലെയാകുന്നു, "ജനങ്ങൾ വളരെയധികം തെറ്റിലായിട്ട് അവർ തെറ്റ് ചെയ്യുമ്പോഴും തങ്ങൾ ശരിയാണെന്ന് കരുതുന്നു." അത് ശരിയാണ്. അത് സത്യം ആകുന്നു. ഞാൻ സന്തോഷിക്കുന്നു അതായതു ഞാൻ... കാരണം ബില്ലി ഗ്രഹാം പരിശുദ്ധാത്മാവ് പ്രാപിച്ചത് അവിടെ ജോർജ്ജ് ജെഫറീസിൻ്റെ കീഴിൽ വച്ചായിരുന്നു എന്ന് ഞാൻ അറിയുന്നു, എന്നാൽ ഈ വരുന്ന ദിവസങ്ങളിൽ ചിലത് അവൻ അതിൽ നിന്ന് പുറത്തുവരും. ദൈവം അവനെ ഇപ്പോൾ അവിടെ ഉപയോഗിക്കുന്നു, കാരണം മറ്റാർക്കും കരി ചെല്ലാൻ കഴിയാത്ത ആ രാജ്യം കുലുക്കാൻ അവനു കഴിയും. എന്നാൽ, അവൻ്റെ പ്രസംഗം കേൾക്കുമ്പോൾ, അതിന് പിന്നിൽ എന്തോ ഉണ്ടെന്ന് നിങ്ങൾക്ക് കാണാൻ കഴിയും. കാരണം, ഇവിടെയുള്ള ചിലർ കൈ പിടിച്ചു കുലുക്കുന്ന ബാപ്റ്റിസ്റ്റുകാരാകുന്നു. അതെ, ശ്രീമാൻ!

111 ഇപ്പോൾ:

> *ഞാൻ നിൻറെ പ്രവൃത്തിയും,...നിൻറെസഹിഷ്ണതയും,... എപ്രകാരം* അതായത് *നിനക്ക്* സഹിക്കാൻ *കഴിയാത്തതും...*

112 ഇപ്പോൾ നമുക്ക് നോക്കാം, എൻറെ പക്കൽ...

> *ഞാൻ നിൻറെ പ്രവൃത്തിയും, പ്രയത്നവും, സഹിഷ്ണതയും,... എപ്രകാരം നിനക്ക് കൊള്ളരുതാത്തവരെ* നിനക്കു *സഹിച്ചുകൂടാൻ കഴിയാത്തതും അറിയുന്നു:*

*അപ്പൊസ്തലന്മാരല്ലാതിരിക്കെ തങ്ങൾ അപ്പൊസ്തലന്മാർ, എന്നു പറയുന്നവരെ, നീ പരീക്ഷിച്ചു കള്ളന്മാർ എന്നു കണ്ടതും ഞാൻ അറിയുന്നു:*

113 അവർ കള്ളന്മാർ ആകുന്നുവെന്നു അവൻ കണ്ടെത്തി. അതെങ്ങനെ അവർ അറിഞ്ഞു? അവർ വചനം കൊണ്ട് ഉദ്ധരിക്കുകയായിരുന്നില്ല.

114 ഇപ്പോൾ, ഒരു മനുഷ്യൻ പറയുകയാണ് അതായത് "വേദപുസ്തകം പറയുന്നു എബ്രായർ 13:8, 'യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നേ,'" ആ മനുഷ്യൻ പറയുകയാണ്, "ഓ, അത്ഭുതങ്ങളുടെ നാളുകൾ കഴിഞ്ഞു പോയിരിക്കുന്നു," അപ്പോൾ ആ മനുഷ്യൻ ഒരു കള്ളനാകുന്നു.

115 വേദപുസ്തകം പറയുന്നു, "മാനസാന്തരപ്പെട്ടുവിൻ, നിങ്ങൾ ഓരോരുത്തരും യേശുക്രിസ്തുവിൻ്റെ നാമത്തിൽ സ്നാനം സ്വീകരിക്കുവിൻ നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി," വേദപുസ്തകത്തിൽ എല്ലായിടത്തും അതേ കാര്യം തന്നെ പറയുന്നു, അത് കൂടാതെ വേദപുസ്തക സമയത്ത് എപ്പോഴെങ്കിലും സ്നാനമേറ്റ എല്ലാവരും—യേശുക്രിസ്തുവിൻ്റെ നാമത്തിൽ സ്നാനമേറ്റിരിക്കുന്നു, എന്നാൽ ആ മനുഷ്യൻ അവരെ സ്നാനപ്പെടുത്താനും, തളിക്കാനും ചുമതലപ്പെടുത്തുന്നു, അല്ലെങ്കിൽ അതുപോലെ മറ്റെന്തെങ്കിലും ചെയ്യാൻ, എങ്കിൽ ആ മനുഷ്യൻ ഒരു കള്ളനാകുന്നു, ഒരു കള്ളപ്രവാചകനാണെന്ന് കണ്ടെത്തുന്നു.

116 ഞാൻ നിങ്ങളുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്നില്ലെന്ന് ഞാൻ പ്രതീക്ഷിക്കുന്നു, എന്നാൽ ഞാൻ...സഹോദരാ, നീ—നിങ്ങൾക്ക് ഇത് കുഞ്ഞുകളിക്കാൻ കഴിയില്ല കുഞ്ഞേ, ഇത് സമയമാകുന്നു, കയ്യുറകൾ അഴിച്ച് സുവിശേഷം കൈകാര്യം ചെയ്യുക. നോക്കു? അതാണ് സത്യം.

117 ഇപ്പോൾ, എനിക്ക് വ്യത്യസ്തമായ എന്തെങ്കിലും കാണിച്ച് തരുക. യേശുവിൻ്റെ നാമത്തിലല്ലാതെ മറ്റെന്തെങ്കിലും വിധത്തിൽ എപ്പോഴെങ്കിലും ഒരാൾ സ്നാനമേറ്റത് എവിടെയാണെന്ന് എന്നെ കാണിക്കു, നോക്കു, കത്തോലിക്കാ സഭയ്ക്ക് പുറത്താകുന്നു. അതിനാൽ നിങ്ങൾ ആ രീതിയിൽ സ്നാനമേറ്റാൽ, പിന്നെ നിങ്ങൾ ഒരു ക്രിസ്തീയ സഭയിലല്ല, നിങ്ങൾ കത്തോലിക്കാ സഭയിലാകുന്നു, കാരണം നിങ്ങൾ സ്നാനമേറ്റിരിക്കുന്നു. അവരുടെ സ്വന്തം *സൺഡേ വിസിറ്റർ,* ആ മതതത്വം ചോദിക്കുന്നു, ഈ ചോദ്യം, "ഏതെങ്കിലും പ്രൊട്ടസ്റ്റൻ്റുകാർ രക്ഷിക്കപ്പെടുമോ?" പറഞ്ഞു, "അവരിൽ ധാരാളം പേരും, കാരണം അവർക്ക് നമ്മുടെ സ്നാനവും അതുപോലുള്ള പല കാര്യങ്ങളും

ഉണ്ട്." പറഞ്ഞു, "അവർവേദപുസ്തകത്തെക്കുറിച്ച് അവകാശപ്പെടുന്നു, കൂടാതെ വേദപുസ്തകം പറയുന്നു, 'യേശുക്രിസ്തുവിൻ്റെ നാമത്തിൽ സ്നാനം ചെയ്യുക,' എന്നാൽ നമ്മൾ അത് അവിടെ നിന്ന് എടുത്ത് 'പിതാവിൻറെയും, പുത്രൻറെയും, പരിശുദ്ധാത്മാവിൻറെയും' ആക്കി, അവരും അതിലേക്ക് കുതിച്ചു ചാടിയിരിക്കുന്നു." തീർച്ചയായും. നോക്കൂ? ഒരു അല്ല—അല്ല...ഇത് ഒരു അല്ല—ഇത് ക്രിസ്തീയ സ്നാനമല്ല, ഇതൊരു കത്തോലിക്കാ സ്നാനമാകുന്നു.

118 ഒരു രാത്രി ഞാൻ ചോദിച്ചിരുന്നത് നിങ്ങൾ കേട്ടിരുന്നില്ലേ, "നിങ്ങൾ എപ്പോഴെങ്കിലും *ക്രിസ്തീയ* സ്നാനത്തിൽ സ്നാനം ഏറ്റിട്ടുണ്ടോ?" *ക്രിസ്തീയ* സ്നാനം, ക്രിസ്തു, "യേശുക്രിസ്തു," ഏതെങ്കിലും ചില തലപ്പേരിൽ അല്ല.

119 ഇപ്പോൾ, 3-ആം വാക്യം ഇപ്പോൾ. ശരി, 2 ഉം 3ഉം വാക്യങ്ങൾ. ഇപ്പോൾ മൂന്നാം വാക്യം:

> *നിനക്കു സഹിഷ്ണതയുള്ളതും, എൻറെ* നാമം *നിമിത്തം നീ സഹിച്ചതും, കൂടാതെ* തളന്നു *പോകാഞ്ഞതും* ഞാൻ *അറിയുന്നു.*

120 "എൻ്റെ നാമം നിമിത്തം." അവർക്ക് ക്ഷമയുണ്ടെന്നുള്ള കാര്യം നിങ്ങൾ ശ്രദ്ധിച്ചോ? എന്തിനു വേണ്ടി സഹിച്ചു? അവൻറെ നാമത്തിനു വേണ്ടി. ആ സഭയിൽ ആ നാമം നിൽക്കുന്നത് കണ്ടോ? ഇപ്പോൾ ഇത് ശ്രദ്ധിക്കുക, നമ്മൾ ഈ വരുന്ന ആഴ്ചയിൽ കടന്നു പോകുമ്പോൾ, അത് എപ്രകാരം മങ്ങിപ്പോകുകയും മറ്റൊരു നാമത്തിലേക്ക് മാറി പോകുകയും ചെയ്യുന്നു. നോക്കൂ? "*നിനക്കു സഹിഷ്ണതയുള്ളതും, എൻറെ നാമംനിമിത്തം, നീ സഹിച്ചതും, ഇത്യാദി എല്ലാം ഞാൻ അറിയുന്നു.*" അവൻ...അവർ അവൻ്റെ നാമത്തിനായി പരിശ്രമിച്ചു, യേശുക്രിസ്തുവിൻ്റെ നാമം ഏതൊരു സഭയ്ക്കും മുകളിലായി, മറ്റെന്തിനേക്കാളും മീതെ നിലനിർത്താൻ ആയിരുന്നു.

121 അത് ആദ്യം ആകട്ടെ, "എന്തുതന്നെയായാലും," വേദപുസ്തകം പറയുന്നു, "വാക്കിലൂടെയോ പ്രവൃത്തിയിലൂടെയോ നിങ്ങൾ ചെയ്യുന്നതെല്ലാം യേശുക്രിസ്തുവിൻ്റെ നാമത്തിൽ ചെയ്യുക." അതു ശരിയാണോ? "നിങ്ങൾ വാക്കിലോ പ്രവൃത്തിയിലോ എന്തു ചെയ്താലും ആകുന്നു." നിങ്ങൾ വിവാഹം കഴിക്കുകയാണെങ്കിൽ, ഒരു വ്യക്തിയെ വിവാഹം കഴിക്കുക; നിങ്ങൾക്ക് കഴിയുന്നില്ലെങ്കിൽ, അവരെല്ലാം അവരുടെ ദാമ്പത്യത്തിൽ താല്പ്പര്യമില്ലാത്തവരാണെങ്കിൽ, അവരെ വിവാഹം കഴിക്കരുത്. നോക്കൂ? നിങ്ങൾക്ക് സ്വതന്ത്രമായി പറയാൻ കഴിയുന്നില്ലെങ്കിൽ, "യേശുക്രിസ്തുവിൻ്റെ നാമത്തിൽ ഞാൻ നിങ്ങളെ

ഭാര്യാഭർത്താക്കന്മാരായി പ്രഖ്യാപിക്കുന്നു," അവരെ പോകാൻ അനുവദിക്കുക. ശരി ആകുന്നു. അവരെ സ്നാനപ്പെടുത്താൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, അവരെ യേശുവിൻ്റെ നാമത്തിൽ സ്നാനം ചെയ്യുക.

122 യേശുവിൻ്റെ നാമത്തിൽ നിങ്ങൾക്ക് ചെയ്യാൻ കഴിയാത്ത എന്തെങ്കിലും ചെയ്യണമെങ്കിൽ, അത് ഒറ്റയ്ക്ക് വിടുക! ആരോ പറഞ്ഞു, "ഒരു സ്വൽപ്പം മദ്യം എടുക്കുക." യേശുവിൻ്റെ നാമത്തിൽ നിങ്ങൾക്ക് അത് ചെയ്യാൻ കഴിയില്ല, അതിനാൽ അത് ഒറ്റയ്ക്ക് വിടുക! ആരോ പറഞ്ഞു, "കുറച്ച് ചീട്ട് കളിക്കുക." യേശുവിൻ്റെ നാമത്തിൽ നിങ്ങൾക്ക് അത് ചെയ്യാൻ കഴിയില്ല, അതിനാൽ അത് ഒറ്റയ്ക്ക് വിടുക! ഒരു ചെറിയ, അഴുക്ക്, വൃത്തികെട്ട തമാശ നിങ്ങളുടെ ബ്രിജ് ചീട്ടുകളിയിൽ, നിങ്ങൾക്ക് അത് യേശുവിൻ്റെ നാമത്തിൽ പറയാൻ കഴിയില്ല, അതിനാൽ അത് ഒറ്റയ്ക്ക് വിടുക! നോക്കൂ? നിങ്ങൾക്ക് യേശുവിൻ്റെ നാമത്തിൽ മുട്ടുവരെയുള്ള കാലുറകൾ ധരിക്കാൻ കഴിയില്ല, അതിനാൽ അത് ഒറ്റയ്ക്ക് വിടുക! എനിക്ക് ഇങ്ങനെ പോകാൻ കഴിയും, എന്നാൽ നമ്മൾ...ഞാൻ എന്താണ് സംസാരിക്കുന്നതെന്ന് നിങ്ങൾക്കറിയാം. ശരി. നിങ്ങൾക്ക് അത് ചെയ്യാൻ കഴിയില്ല. അവൻ്റെ നാമത്തിൽ നിങ്ങൾക്ക് ചെയ്യാൻ കഴിയാത്തത്, വെറുതെ വിടുക! കാരണം, അവൻ പറഞ്ഞു, "നിങ്ങൾ വാക്കിലും പ്രവൃത്തിയിലും എന്തുചെയ്താലും, അതെല്ലാം യേശുക്രിസ്തുവിൻ്റെ നാമത്തിൽ ചെയ്യുക." ശരി, ഇപ്പോൾ.

123 ഇപ്പോൾ നമ്മൾ പോകുന്നത്...അതാണ്...അതിനുവേണ്ടി അവൻ അവരെ അദ്ദേഹം അഭിനന്ദിച്ചു. ഇപ്പോൾ ഞാൻ നാലാം അധ്യായത്തിൽ പരാതിയെക്കുറിച്ച് സംസാരിക്കാൻ പോകുന്നു... അല്ലെങ്കിൽ നാലാമത്തെ വാക്യം, എന്നതാണ് ശരി.

> *എങ്കിലും നിൻറെ ആദ്യസ്നേഹം വിട്ടുകളഞ്ഞു* എന്നു *ഒരു കുറ്റം നിന്നെക്കുറിച്ചു പറവാനുണ്ടു.*

124 ഓ!"എനിക്ക് നിന്നോട് എന്തോ വിരോധമുണ്ട്. നിങ്ങൾ ക്ഷമയോടെ കാത്തിരിക്കുന്നു, എൻ്റെ നാമത്തെ നിങ്ങൾ ഉയർത്തിപ്പിടിച്ചു നിന്നു." അത് ഇന്ന് ഈ കൂടാരത്തിൻ്റെ ഒരു നല്ല കാര്യം മാത്രമായിരിക്കില്ലേ? അതെ, ശ്രീമാൻ! "നിങ്ങൾക്ക് എല്ലാം നന്നായി ചെയ്തിരിക്കുന്നു, നിങ്ങൾക്ക് വളരെയധികം ക്ഷമയുണ്ട്, വളരെക്കാലം കാത്തിരുന്നു, എന്നാൽ ഈ കാര്യം എന്താണെന്നാൽ... നിങ്ങൾ എൻ്റെ നാമത്തിനുവേണ്ടി പിടിച്ചുനിന്നു. ഞാൻ അതെല്ലാം അഭിനന്ദിക്കുന്നു. ഞാൻ—ഞാൻ അതിന് നിങ്ങളെ അഭിനന്ദിക്കുന്നു, അത് എല്ലാം ശരിയാണ്. അവർ അപ്പോസ്തലന്മാരാണെന്നും മറ്റു

പറയുന്നവരെ നിങ്ങൾ പരീക്ഷിച്ചതായി ഞാൻ കണ്ടിരിക്കുന്നു, അവർ കള്ളന്മാർ എന്ന് കണ്ടെത്തി, അവർ വചനവുമായി പൊരുത്തപ്പെടുന്നില്ല. ഞാൻ—ഞാൻ അതെല്ലാം അഭിനന്ദിക്കുന്നു. പക്ഷെ എനിക്ക് നിന്നോട് എതിരായി എന്തോ ഉണ്ട്, അതാണ് നീ നിൻ്റെ ആദ്യ സ്നേഹം ഉപേക്ഷിച്ചു കളഞ്ഞു. നിനക്ക് ഒരിക്കൽ ഉണ്ടായിരുന്ന ആ നല്ല, പഴയ രീതിയിലുള്ള, പരിശുദ്ധാത്മാവിൻറെ യോഗങ്ങൾ ആ സ്നേഹം നീ ഉപേക്ഷിച്ചു കളഞ്ഞു, നിങ്ങൾ ആ ഔപചാരികതയിലേക്ക് ഒരുതരം പിന്നിലേക്ക് വഴുതി വീഴാൻ തുടങ്ങിയിരിക്കുകയും, കൂടാതെ 'ഞങ്ങളുടെ പിതാവ്…'" അതുമായി കടന്നു വരാൻ തുടങ്ങി ഇരിക്കുന്നു. അസംബന്ധം! നോക്കൂ?

125 ഇവിടെയുള്ള ഈ സമൂഹങ്ങളെല്ലാം, കൂടാതെ ആരെങ്കിലും ഒരു വലിയ കുപ്പായമിട്ട് പുറത്തിറങ്ങണം (നിങ്ങൾക്കറിയാമല്ലോ, ഗായകസംഘത്തിൽ പാടാൻ വേണ്ടി അത്, നിങ്ങൾക്കറിയാം), കൂടാതെ അവരുടെ മുടിയിലും എല്ലായിടത്തും ചായം പൂശിയവരാകുന്നു. കൂടാതെ അവരുടെ മുഖത്തിന് ചുറ്റും ധാരാളം കെട്ടിചമയവും, എന്നിട്ട് അവർ ഇപ്രകാരം പാടുന്നു എനിക്കറിയില്ല എന്താണ് അവർ പാടുന്നത്.

126 ഇവിടെ അധിക സമയമായിട്ടില്ല, അത് ഓറൽ റോബർട്ട്സിൻ്റെ മീറ്റിംഗ് അല്ലായിരുന്നില്ലെങ്കിൽ, ഞാൻ തീർച്ചയായും ആ ഒരു കൂട്ടത്തെ വിളിച്ചു പുറത്താക്കുമായിരുന്നു. ഞാൻ അപ്പോൾ—ഞാൻ വ്യവസായക്കാരുടെ യോഗത്തിലായിരുന്നു അത് നടന്നത്…ഞങ്ങൾക്ക്…അന്ന് രാത്രി ഞാൻ സംസാരിക്കാൻ പോവുകയായിരുന്നു. അവർക്ക് അത് ഹോട്ടലിൽ നടത്താൻ കഴിഞ്ഞില്ല, അതിനാൽ അവർ എന്നെ—ഓറൽ റോബർട്ട്സിൻ്റെ കെട്ടിടത്തിലേക്ക് കൊണ്ടുപോയി. അങ്ങനെ ഞാൻ ഓറലിൻറെ പഠന മുറിയിലായിരിക്കുമ്പോൾ, അവിടെ ഒരു കൂട്ടം പെന്തക്കോസ്ത് കുട്ടികൾ ഉണ്ടായിരുന്നു (ഓ, യുവാക്കളും യുവതികളും, പതിനാറ്, പതിനേഴ വയസ്സ്, പതിനെട്ടും) എല്ലാവരും അവിടെ നിന്നിരുന്നു; അവരിൽ ഏകദേശം മുപ്പതോ നാൽപ്പതോ പേർ ഏതോ തരത്തിലുള്ള ഒരു പാട്ട് പാടാൻ പോയിരുന്നു ഒരു—ഒരു ചെറിയ…ബെക്കി സംസാരിക്കുന്നത് പോലെയുള്ള ഒരാളുടെ ഒരുതരം പദ പ്രയോഗം പോലെയാണ് എനിക്ക് തോന്നിയത്, ടെക്കോവ്സ്കി അല്ലെങ്കിൽ അവരിൽ ചിലർ അത്തരം കാര്യങ്ങൾ ഉണ്ടായിരിക്കുന്നു; എനിക്കറിയില്ല, അവയിൽ ചിലത് അത്തരത്തിലുള്ള പാട്ടുകളായിരുന്നു, ശാസ്ത്രീയ സംഗീതം. ഇവിടെ അവർ, സഹോദരന്മാർ യോഗത്തിൽ ഒരു വഴിപാട് എടുക്കാൻ

പോകുകയായിരുന്നു. അവർ ഓരോരുത്തരായി കടന്നു വരുകയും അവരുടെ പക്കൽ ഒരു ചെറിയ പാത്രവുമായി കടന്നുപോയി. അവർ ഇപ്രകാരം അന്ധരായവരെപ്പോലെ പെരുമാറുകയും, അവർക്കിടയിൽ ആൺകുട്ടികളും പെൺകുട്ടികളും ആയിട്ട്, നിങ്ങൾ ഒരിക്കലും കേട്ടിട്ടില്ലാത്ത എല്ലാ വിധ തമാശകളുമായി പോയിരുന്നു, അങ്ങനെ എല്ലാം മാതിരി സംസാരിക്കുകയും ചെയ്തിരുന്നു. ഈ പെൺകുട്ടികൾക്ക് അവരുടെ മേൽ അത്രയും ചായം ഉണ്ടായിട്ടു, ഓറലിൻ്റെ കെട്ടിടം തന്നെ മിക്കവാറും ചായം തേക്കാമായിരുന്നു അങ്ങനെ അവിടെ അവർ ഇപ്രകാരമായിരുന്നു, എന്നിട്ട് സ്വയം അവരെ വിളിച്ചിരുന്നു "പെന്തക്കോസ്തുകാർ." അവർക്ക് അവരുടെ ആദ്യ സ്നേഹം നഷ്ടപ്പെട്ടിരിക്കുന്നു!

127 ഞാൻ തീർച്ചയായും ഡേവിഡ് ഡുപ്ലെസിസിനോടൊപ്പം പോകുന്നു. "ദൈവത്തിന് പേരക്കുട്ടികളില്ല." ഇല്ല ശ്രീമാൻ! ഞങ്ങൾക്ക് മെഥഡിസ്റ്റ് പേരക്കുട്ടികൾ ഉണ്ടായിരിക്കുന്നു. നമുക്ക് ബാപ്റ്റിസ്റ്റ് പേരക്കുട്ടികൾ ഉണ്ടായിരിക്കുന്നു. നമുക്ക് ഞങ്ങൾക്ക് പെന്തക്കോസ്ത് പേരക്കുട്ടികൾ ഉണ്ടായിരിക്കുന്നു. എന്നാൽ ദൈവത്തിന് ഒന്നുമില്ല! അവനു നിങ്ങൾ പുത്രന്മാരും പുത്രിമാരുമാണ്. നിങ്ങളുടെ അമ്മയുടെയോ അപ്പൻ്റെയോ അടുത്തേക്ക് വരാൻ നിങ്ങൾക്ക് കഴിയില്ല, കാരണം അവർ നല്ല പുരുഷന്മാരും സ്ത്രീകളും ആയിരുന്നു, അവർ നൽകിയ അതേ വില നിങ്ങൾ നൽകണം. അവരെപ്പോലെ നിങ്ങളും ജനിക്കണം. ദൈവത്തിന് പേരക്കുട്ടികൾ എന്നാ ഒരു കാര്യമേ ഇല്ല. നിങ്ങൾ ഒരു പുത്രനോ അല്ലെങ്കിൽ ഒരു പുത്രിയോ ആകുന്നു; അല്ലെങ്കിൽ, നിങ്ങൾ ഒരു കൊച്ചുമകനല്ല, അത് ഒരു കാര്യം ഉറപ്പാകുന്നു.

128 അവിടെ ഒരു യോഗത്തിനു പോയി, അവർ അവിടെ അവർ...അതൊരു നല്ല പെന്തക്കോസ്തുകാരുടെ അസംബ്ലി സഭയായിരുന്നു. മനുഷ്യാ, ഞാൻ വരുന്നതു കാണുമ്പോൾ സ്ത്രീകൾ ചിന്നിചിതറി ഓടുന്നത് ഒന്ന് കാണേണ്ടിയത് ആകുന്നു; ആ വെട്ടിക്കുറച്ച, മുടി കത്രിച്ച, ആ പാതിവസ്ത്രധാരികളായ ഇവർ, മിക്കവാറും ഒരു പുരുഷനെപ്പോലെ, നിങ്ങൾക്കറിയാമോ, അത്തരം വസ്ത്രങ്ങളിൽ ഇപ്രകാരം മെലിഞ്ഞു, പെന്തക്കോസ്ത് സ്ത്രീകൾ, വളരെ കാമാഭാവനയോടെ വസ്ത്രം ധരിക്കുന്നു.

129 ന്യായവിധിയുടെ ദിവസം, നിങ്ങൾക്ക് അതിന് ഉത്തരം പറയേണ്ടിവരും, വ്യഭിചാര കുറ്റത്തിന് നിങ്ങൾ അപരാധി ആകാൻ പോകുന്നു, യേശു പറഞ്ഞു, "സ്ത്രീയെ മോഹിക്കേണ്ടതിന്നു അവളെ നോക്കുന്നവൻ എല്ലാം, ഹൃദയംകൊണ്ടു അവളോടു

വ്യഭിചാരം ചെയ്തുപോയി. നിങ്ങൾ അതുപോലെ ഒരു മനുഷ്യനോട് അവതരിപ്പിക്കുകയാണെങ്കിൽ, ആരാണ് കുറ്റക്കാരൻ? നിങ്ങളോ അല്ലെങ്കിൽ ആ മനുഷ്യനോ? ശരിയാകണം! തിന്മയുടെ രൂപം തന്നെ ഒഴിവാക്കുക! നോക്കൂ? അതിനാൽ നിങ്ങൾ അവിടെയുണ്ട്.

130 നിങ്ങൾ എന്തു ചെയ്യും? അവരുടെ *ആദ്യ* സ്നേഹം നഷ്ടപ്പെട്ടു. ഓ, നിങ്ങൾക്ക് അവരെ ഒരു തംബുരുവുമായി ഒരു മൂലയിൽ കൈകൊട്ടാനും ദൈവത്തെ സ്തുതിക്കാനും കിട്ടുകയില്ല. ഓ, ഇല്ല! അവർക്ക് ചുറ്റും ഒരു കൂട്ടം കുപ്പായം ധരിച്ച മനുഷ്യരുമായി വന്നു എന്തെങ്കിലും ശാസ്ത്രീയ സംഗീതം പാടും. നോക്കൂ, അവർക്ക് അവരുടെ *ആദ്യ* സ്നേഹം നഷ്ടപ്പെട്ടു. അതാകുന്നു ആദ്യത്തെ സഭയുടെ കാര്യം. നോക്കൂ?

131 അവർ ലോകത്തെപ്പോലെ പ്രവർത്തിക്കണം. അവർ ലോകത്തെപ്പോലെ വസ്ത്രം ധരിക്കണം, ലോകത്തെപ്പോലെ കാണണം, ലോകത്തെപ്പോലെ പ്രവർത്തിക്കണം. അവർക്ക് അവരുടെ പ്രിയപ്പെട്ട ടെലിവിഷൻ താരവും ഉണ്ട്, നിങ്ങൾക്കറിയാമോ, അവർക്ക് അത് കാണാതിരിക്കാൻ കഴിയില്ല. *ഞങ്ങൾ സൂസിയെ സ്നേഹിക്കുന്നു* അല്ലെങ്കിൽ മറ്റെന്തെങ്കിലും, നിങ്ങൾക്കറിയാമോ, അവർ അത് കണ്ടാൽ മതി. അത് കാണാൻ വേണ്ടി പ്രാർത്ഥനായോഗവും മറ്റെല്ലാ കാര്യങ്ങളും കഴിഞ്ഞ് അവർ വീട്ടിലിരിക്കും. അവർക്ക് അങ്ങനെ ചെയ്തില്ലെങ്കിൽ, പിന്നെ അവർ അവരുടെ പാസ്റ്ററിന് ഒരു നല്ല ഏറു കൊടുക്കുന്നു. അത് അവരെ ആ പ്രോഗ്രാം വരുന്നതുവരെ കൃത്യസമയത്ത് പുറത്തു വിടുന്നതിനും, അങ്ങനെ അവർക്ക് അത് കാണാൻ വീട്ടിലെത്താൻ കഴിയും. ദൈവസ്നേഹത്തേക്കാൾ ലോകസ്നേഹം ആകുന്നു!

132 ഓ, അത്രയും ഔപചാരികമായിട്ട്, അവർക്ക് പറയാൻ കഴിയില്ല, "ആമേൻ!" ഒട്ടും കഴിയില്ല. എൻ്റെ, നന്മയുണ്ടാകട്ടെ, അത് അവരുടെ കെട്ടിച്ചമക്കലിനെ തകർത്ത് കളയും. നോക്കൂ? അവർക്ക് ഇനിയും ആ കാര്യങ്ങളില്ല. അതാണ് പെന്തക്കോസ്ത്. അത് ബാപ്റ്റിസ്റ്റ് അല്ല. അവർക്ക് ഒരിക്കലും ഇത് ആരംഭിക്കാൻ ഉണ്ടായിരുന്നില്ല,—പ്രെസ്ബിറ്റീരിയൻകാർക്കും. ഞാൻ പെന്തക്കോസ്തുകാരെക്കുറിച്ചാണ് സംസാരിക്കുന്നത്. അത് ശരിയാണ്. ഇത് ഭയങ്കരമായും അസഹനീയമാകുന്നു എന്ന് എനിക്കറിയാം, സഹോദരാ, എന്നാൽ നമുക്ക് ഇതിൽ നിന്ന് ഒരു ജനനം വേണം; നിങ്ങൾക്ക് ഒരു ജനനം ഉണ്ടാകുന്നതുനു മുമ്പ് മരണം കൊണ്ടുവരണം. നോക്കൂ? നോക്കൂ? ഇത് സത്യം ആകുന്നു. എന്നാൽ ഇതാ നിങ്ങൾ അവിടെയാകുന്നു, നിങ്ങളുടെ ആദ്യ സ്നേഹം

വിട്ടുകളഞ്ഞിരിക്കുന്നു. ഞാൻ...

133 ഈ സഭയ്ക്കെതിരെ ദൈവത്തിന് *അത്* ഉണ്ടായിരുന്നുവെങ്കിൽ, അതിനോടും അവൻ *അത്* ഉണ്ടായിരിക്കും! "കാരണം നീ നിൻ്റെ ആദ്യ സ്നേഹം ഉപേക്ഷിച്ചതിനാൽ, എനിക്കത് നിനക്കെതിരെ ആയിരിക്കുന്നു. എനിക്ക് നിന്നോട് എതിരായി ചില കാര്യങ്ങളുണ്ട്, അതാകുന്നു എൻ്റെ പരാതി. നിങ്ങൾക്ക് ഒരിക്കൽ ഒരു വലിയ സമയം ഉണ്ടായിരുന്നു, പക്ഷേ നിങ്ങൾ—നിങ്ങൾ ലോകത്തെ ഇഴഞ്ഞു കയറാൻ അനുവദിച്ചു, നിങ്ങൾ കുറച്ച് ഔപചാരികമായി പ്രവർത്തിക്കണം. നിങ്ങൾ ഇപ്പോഴും എൻ്റെ നാമം മുറുകെ പിടിക്കുന്നു, നിങ്ങൾ ഇപ്പോഴും ശരിയായ കാര്യങ്ങൾ ചെയ്യുന്നു, നിങ്ങൾക്ക് വളരെയധികം ക്ഷമയും മറ്റെല്ലാം ഉണ്ടായിരിക്കുന്നു, കൂടാതെ നിങ്ങൾ അധ്വാനിക്കുന്നു, നിങ്ങൾ ഒരു കോവർകഴുതയെപ്പോലെയാണ്, നിങ്ങൾ അധ്വാനിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്നു."

134 എൻ്റെ! എൻ്റെ! എൻ്റെ! നോക്കു, നിങ്ങൾ അധ്വാനത്തിനും പ്രവൃത്തിക്കുമായി മാറ്റാൻ, കൃപയും വിശ്വാസവും ശക്തിയും ഉപേക്ഷിച്ചു കളഞ്ഞു. "ശരി, ഞാൻ നിങ്ങളോട് പറയട്ടെ, സഹോദരൻ ബ്രൺഹാം, ഞാൻ—ഞാൻ എനിക്ക് കഴിയുന്ന എല്ലാ വിധവ സ്ത്രീകളെയും സഹായിക്കുന്നുണ്ട്." ശരി, അതൊരു നല്ല കാര്യമാണ്, അതിന് ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു. എന്നാൽ ഒരിക്കൽ നിങ്ങൾക്കുണ്ടായിരുന്ന ആദ്യസ്നേഹം എവിടെയാകുന്നു? ഉഹ്-ഹും, ഉഹ്-ഹും. നിങ്ങൾക്കുണ്ടായിരുന്ന ആ സന്തോഷം എവിടെയായിരിക്കുന്നു? ഒരിക്കൽ ദാവീദ് കരഞ്ഞതുപോലെ, "കർത്താവേ, എൻ്റെ രക്ഷയുടെ സന്തോഷം എനിക്ക് തിരികെ നൽകേണമേ." നിങ്ങൾക്കുണ്ടായിരുന്ന രാത്രി മുഴുവൻ പ്രാർത്ഥനാ യോഗങ്ങളും, നിങ്ങളുടെ കവിളിൽ കണ്ണുനീരും എവിടെയാകുന്നു? എൻ്റെ, നന്മയുണ്ടാകട്ടെ, വേദപുസ്തകം പോലും പൊടിപിടിച്ചു, അതിൽ ചിലന്തിവലകൾ ആയിരിക്കുന്നു. നിങ്ങൾ പ്രണയ കഥകളും വാർത്തകളും കാര്യങ്ങളും വായിക്കുന്നു; കൂടാതെ പ്രസിദ്ധീകരിക്കാനും പുറത്തുവിടാനും പോലും അനുവദിക്കാൻ പാടില്ലാത്ത കാര്യങ്ങൾ—ഒരു ചവറ്റുകുട്ടയിലേക്ക് കളയേണ്ട കാര്യങ്ങൾ, പെന്തക്കോസ്തുകാരായ നമ്മൾ അവയെ പെറുക്കി ചവറ്റുകുട്ടയിൽ ഈച്ചകൾ കൂട്ടം കൂട്ടമായി കൂടുന്നതുപോലെ കയറ്റുന്നു. അത് ശരിയാണ്. ഓ, കരുണയുണ്ടാകട്ടെ! നമുക്ക് വേണ്ടത് എന്താകുന്നു: ഞങ്ങളുടെ ആദ്യസ്നേഹത്തിലേക്ക് തിരികെ എത്തുക! തിരികെ പെന്തക്കോസ്തിലേക്ക് മടങ്ങുക! ഓ, ഞാൻ അവിടെ നിന്ന്

രക്ഷപ്പെട്ടുന്നതാണ് നല്ലത്. എല്ലാം ശരി. എന്നാൽ, നിങ്ങൾ മനസ്സിലാക്കുന്നു, "ആ ആദ്യസ്നേഹം വിട്ടുകളയുന്നതെന്താകുന്നു."

135 നാലാമത്തെ വാക്യം, ഇപ്പോൾ അഞ്ചാമത്തെ വാക്യം. ഒരു മുന്നറിയിപ്പ്, അഞ്ചാം വാക്യം, ഒരു മുന്നറിയിപ്പ് ആകുന്നു: "ഓർക്കുക, പശ്ചാത്തപിക്കുക!" നോക്കൂ?

> *നീ ഏതിൽനിന്നു വീണിരിക്കുന്നു*...(നിങ്ങൾ എവിടെ നിന്നാണ് വന്നത്? പെന്തക്കോസ്ത് മുതൽ നിങ്ങൾ ഇപ്പോൾ ആയിരിക്കുന്ന പിന്മാറ്റം വരെ, വീണിരിക്കുന്നു)... *മാനസാന്തരപ്പെട്ടു ആദ്യത്തെ* നിൻറെ *പ്രവൃത്തി ചെയ്ക;* (വീണ്ടും പെന്തക്കോസ്തിലേക്ക് മടങ്ങുക)...*അല്ലെങ്കിൽ ഞാൻ വേഗം നിൻ്റെ അടുക്കൽ വരും. അല്ലാഞ്ഞാൽ* ഞാൻ *വരികയും നീ* നി-ൻ-ൻറെ...(നോക്കൂ ആരാകുന്നു അത്, അല്ലേ?) *നിലവിളക്കു അതിന്റെ നിലയിൽനിന്നു നീക്കുകയും ചെയ്യും.*

136 മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നിങ്ങൾക്ക് ദൈവത്താൽ നിറഞ്ഞ ഒരു പാസ്റ്ററെ ലഭിച്ചാൽ, പരിശുദ്ധാത്മാവിനാൽ നിറഞ്ഞു, നിങ്ങൾ അവനെ നിങ്ങളുടെ വിരലിനടിയിൽ പിടിക്കാൻ ശ്രമിച്ചിട്ട്, പറയുകയാണ്, "ശരി, ഞങ്ങൾ വസ്ത്രം ധരിച്ച ഗായകസംഘത്തെ കുറിച്ച് അവൻ എന്തെങ്കിലും പറഞ്ഞാൽ, ഞങ്ങളുടെ കെട്ടിച്ചമയലിനെക്കുറിച്ചു എന്തെങ്കിലും പറഞ്ഞാൽ, ഞങ്ങൾ അവനെ പുറത്താക്കും." നിങ്ങൾ വിഷമിക്കേണ്ട, നിങ്ങൾക്ക് അവസരം ലഭിക്കുന്നതിന് മുമ്പ് ദൈവം അത് ചെയ്യും. അത്തരം കാര്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യുന്നതിനുമുമ്പ് അവൻ തെരുവിലെ കല്ലുകളോട് പ്രസംഗിക്കും. നിങ്ങൾക്ക് യഥാർത്ഥത്തിൽ സത്യം പറയുന്ന ഒരു പാസ്റ്ററുണ്ടെങ്കിൽ, നിങ്ങൾ ദൈവത്തെ ബഹുമാനിക്കുകയും ആത്മാവിൽ നിലനിൽക്കുകയും വേണം, ഇല്ലെങ്കിൽ നിങ്ങൾ നഷ്ടപ്പെട്ടുമെന്ന് മനസ്സിലാക്കി ദൈവത്തെ ആരാധിക്കുക. നോക്കൂ?

137 എന്നാൽ ജനങ്ങൾ ഇന്ന് ജീവിക്കുന്നത് ഇത് പോലെയാണ്... ഈ ഒരു കാര്യം മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ, "ഈ ഭൂമിയിൽ ഇവിടെ ജീവിക്കുക, അത്രമാത്രം." ഈ ലോകം വിട്ടിട്ട് ഇവിടെ നിന്നും എങ്ങോട്ടോ പോകാൻ പോകുന്ന ഒരു പ്രാണൻ നിങ്ങൾക്കുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കുന്നില്ല. നിങ്ങൾ ഇവിടെത്തന്നെ നിങ്ങളുടെ ലക്ഷ്യസ്ഥാനം മുദ്രയിടുന്നു, നിങ്ങൾ ജീവിക്കുന്ന രീതിയും നിങ്ങൾ ചെയ്യുന്ന രീതിയും ആകുന്നു. പക മനസ്സിൽ വച്ചു കൊണ്ട്, കൂടാതെ

ഹീനവും, അങ്ങനെ എല്ലാമായിട്ട്, പിന്നെ പള്ളിയിലേക്ക് ഓടുന്നു. ഓ, കരുണയുണ്ടാകട്ടെ! ശ്ശോ! നിങ്ങൾ ലജ്ജിക്കേണ്ടിയിരിക്കുന്നു.

138 നിങ്ങൾ ഒരു നിന്ദ കൊണ്ടുവരുന്നു—ക്രിസ്തുവിൻ്റെ കാരണത്താൽ. അത് ശരിയല്ലേ? നമ്മൾ അത് ചെയ്യുന്നില്ലേ? കള്ളവാറ്റുകാരൻ സഭയെ വേദനിപ്പിക്കുന്നില്ല; *അത്* ശരിയല്ലേ. വേശ്യയല്ല സഭയെ വേദനിപ്പിക്കുന്നത്. ക്രിസ്ത്യാനികൾ എന്ന് അവകാശപ്പെടുന്നവരാണ് സഭയെ വേദനിപ്പിക്കുന്നത്. കള്ളവാറ്റുകാരൻ എന്താണെന്നും വേശ്യ എന്താണെന്നും നമുക്കറിയാം. നമ്മുടെ സഹോദരിമാർ ഒരു വേശ്യയെപ്പോലെ വസ്ത്രം ധരിക്കുമ്പോൾ, അത് വ്യത്യസ്തമാണ്, *അതാണ്* സഭയെ വേദനിപ്പിക്കുന്നത്. മനുഷ്യൻ കള്ളവാറ്റുകാരനെപ്പോലെ മദ്യപിക്കുമ്പോൾ, ശരി, അപ്പോൾ, അതാണ് സഭയെ വേദനിപ്പിക്കുന്നത്. അവർ ഒരു ക്രിസ്ത്യാനിയാണെന്ന് അവകാശപ്പെടുന്നു, എന്നിട്ട് അവർ അത് ചെയ്യുന്നു. ആ നാമത്തിൽ ജനങ്ങൾ നിങ്ങളെ കണ്ടെത്താൻ നോക്കുന്നു..."യേശുക്രിസ്തുവിൻ്റെ നാമം പോലും വിളിക്കുന്നവൻ പാപത്തിൽ നിന്ന് അകന്നുപോകട്ടെ." നോക്കൂ? അതിൽ നിന്ന് ഒഴിഞ്ഞുമാറുക.

139 ഓ, ഞങ്ങൾ വളരെ ചെറുതാണ്, സഹോദരന്മാരേ. ഞാനും, നിങ്ങളും, നമ്മൾ എല്ലാവരും, നമ്മൾ—നമ്മൾ എല്ലാവരും നാം എന്തായിരിക്കണമെന്ന് ക്രിസ്തു ആഗ്രഹിക്കുന്നതിൽ നിന്നും നമ്മൾ ചെറുതാണ്. ഈ ദിവസം തന്നെ നമ്മെ അലട്ടുന്ന എല്ലാ പാപങ്ങളും ഉപേക്ഷിക്കാനുള്ള സമയമാണിത്, നമ്മുടെ മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം ക്ഷമയോടെ ഓടുക. പ്രസംഗകരേ, അത് ശരിയാണ്, സഹോദരന്മാരേ. അത് കൃത്യമായി ശരിയാണ്.

140 "ഓർക്കുക, അനുതപിക്കുക, അല്ലെങ്കിൽ നക്ഷത്രത്തിൻ്റെ പ്രകാശം ഞാൻ അവൻ്റെ സ്ഥലത്തുനിന്നു നീക്കും." അവൻ്റെ സ്ഥലം എന്താണ്? അത് സഭയിലാകുന്നു. "എന്നാൽ നിങ്ങൾ പശ്ചാത്തപിക്കാതെ നിങ്ങൾ ആദ്യം ആയിരുന്നിടത്തേക്ക് മടങ്ങിപ്പോകുകയാണെങ്കിൽ, ഞാൻ നിങ്ങളുടെ ഇടയനെ ഉടൻ തന്നെ നിങ്ങളിൽ നിന്ന് എടുത്ത് അവൻ്റെ സ്ഥാനത്ത് നിന്ന് മാറ്റും; ഞാൻ അവനെ അവൻ്റെ സ്ഥലത്ത് മറ്റെവിടെയെങ്കിലും ആക്കും...അവിടെ ഞാൻ എൻ്റെ പ്രകാശം പ്രതിഫലിപ്പിക്കും, അത് പ്രകാശിക്കും." ഹ്ം! അത് ഗംഭീരമായിരുന്നില്ലേ?

141 സഭകൾ മാനസാന്തരപ്പെടേണ്ട സമയമാണിത്. ഈ ചെറിയ മിനുക്കിയ പണ്ഡിതന്മാരെ പ്രസംഗപീഠങ്ങളിൽ നിന്ന് പുറത്താക്കാൻ പെന്തക്കോസ്തുകാർക്ക് സമയമായിരിക്കുന്നു, എന്നിട്ട് നിങ്ങളോട്

സത്യം പറയുന്ന പഴയ രീതിയിലുള്ള പ്രസംഗികനെ അവിടെ കൊണ്ട് വരുക; ഒരു ആഹാരത്തിനുള്ള ടിക്കറ്റ്, വലിയ ശമ്പളം, അതുപോലുള്ള എന്തെങ്കിലും, മനഃശാസ്ത്രം എന്നിവയ്ക്കായി അവൻറെ തോളിൽ തട്ടി സഭയെ ഉപയോഗിക്കരുത്, കൂടാതെ കുറച്ച് കുതിരപ്പന്തയങ്ങളും, സൂപ്പ് അത്താഴങ്ങളും, അങ്ങനെ എല്ലാമാകുന്നു. സുവിശേഷത്തിലേക്ക് മടങ്ങാനുള്ള സമയമാണിത്. നിങ്ങൾ എത്ര ചെറിയവരാണെന്ന് ഞാൻ കാര്യമാക്കുന്നില്ല, "രണ്ടോ മൂന്നോ പേർ കൂടുന്നിടത്ത്, ഞാൻ—ഞാൻ അവരുടെ മദ്ധ്യേ ഉണ്ടാകും."

142 "ഞാൻ വന്ന് നിലവിളക്ക് നീക്കം ചെയ്യുന്നതിനു മുമ്പേ മാനസാന്തരപ്പെടുക; അവനെ പറഞ്ഞയയ്ക്കുക, മറ്റെവിടെയെങ്കിലും അവൻ്റെ പ്രകാശം പ്രകാശിപ്പിക്കുക."

ഇപ്പോൾ ആറാം വാക്യം. ഇപ്പോൾ ഇവിടെ നമുക്ക് പ്രശ്നമുണ്ടാകാൻ പോകുന്നതായ ഒന്ന് ഇതാകുന്നു. ഇപ്പോൾ, നിങ്ങൾ മാനസാന്തരപ്പെട്ടില്ലെങ്കിൽ, അവൻ വന്ന് നിങ്ങളുടെ ഇടയനെ മാറ്റിക്കളയും.

*എങ്കിലും ഇത് നിനക്കുണ്ട്,...*

143 ഇപ്പോൾ, ഓർക്കുക. ഓ, ഇത് ഇപ്പോൾ വിട്ടുകളയരുത്. ഇത് ബാക്കിയുള്ള കാര്യങ്ങളെ ഒരുമിച്ച് പൂട്ടാൻ പോകുകയാണ്, നമ്മൾ ഇതിൻറെ ആഴത്തിലേക്ക്...ഇപ്പോൾ ഈ സഭയുഗത്തിലാകുന്നു എല്ലാവർക്കും നന്നായി അനുഭവപ്പെടുന്നില്ലേ, ആദ്യം? [സഭ പറയുന്നു, "ആമേൻ."—Ed.] നിങ്ങൾക്ക് ധൃതിയിലാണോ? ["അല്ല."] ശരി, ഇപ്പോൾ. ശരി, എങ്കിൽ അൽപ്പം സഹിക്കുക. [ഒരു സഹോദരൻ പറയുന്നു, "രാത്രി മുഴുവൻ നിൽക്കാം."] ഇപ്പോൾ...നന്ദിയുണ്ട്.

> *എങ്കിലും ഇത് നിനക്കുണ്ടു.* (അപ്പോൾ അവരുടെ പക്കൽ എന്തോ ഉണ്ടായിരുന്നു, അല്ലേ? ഇപ്പോൾ, അവരുടെ പക്കൽ എന്താണ് ഉണ്ടായിരുന്നത്?) *എങ്കിലും നിക്കൊലാവ്യരുടെ നടപ്പ നീ പകെക്കുന്നു, അതു ഞാനും പകെക്കുന്നു.*

144 "നിക്കൊലാവ്യരുടെ നടപ്പ നീ പകെക്കുന്നു." ഇന്ന് അവിടെയുള്ള പഠനത്തിന് ശേഷം, ഞാൻ ഈ വിഷയത്തിൽ ചില കാര്യങ്ങൾ എഴുതി, നിങ്ങൾ ഇപ്പോൾ ശ്രദ്ധയോടെ കേൾക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു, അത് ഇവിടെ രണ്ട് താളുകളിലായിട്ടാകുന്നു. 6 ആം വാക്യം, സ്തുതികളും സമ്മതവും ആകുന്നു; അതായത്, ദൈവവും സഭയും തമ്മിൽ ഒരു കാര്യത്തിൽ സമ്മതിക്കുകയുണ്ടായി. അതായത് അവർ "നിക്കൊലാവ്യരുടെ നടപ്പ നീ പകെക്കുന്നു"; ഈ

എഫേസൊസു സഭയിൽ ഉണ്ടായിരുന്ന യഥാർത്ഥ മുന്തിരിവള്ളി, യഥാർത്ഥ മുന്തിരിവള്ളിയും, യഥാർത്ഥ സഭയും ആകുന്നു.

145 ഇപ്പോൾ, ഓർക്കുക, ഓരോ സഭയ്ക്കും അതിൻ്റേതായ ഔപചാരികതകളുണ്ട്, ഓരോ സഭയ്ക്കും അതിൻ്റേതായ ആത്മീയതയുണ്ട്. അതാണ് ഓരോ ഉണർവ്വിലും ജനിക്കുകയും എല്ലാ സഭകളിലും ജീവിക്കുകയും ചെയ്യുന്ന ഇരട്ടകൾ ആകുന്നു. അവർ *ഈ* യുഗത്തിൽ നേരെ ആരംഭിച്ച് *ഈ* യുഗത്തിൽ തന്നെ അവസാനിക്കുന്നു. അവസാനം, ഈ ഔപചാരികർ അത് തുയഥൈരയിലെ സഭയുടെ യുഗത്തിലേക്ക് എടുത്തു കൊണ്ട് പോയി. ലൂഥർ അത് വീണ്ടും വലിച്ചു എടുത്തു പുറത്താക്കി. ഇപ്പോൾ അത് വീണ്ടും ഉള്ളിലേക്ക് ചാഞ്ചാടുകയാണ്. നിങ്ങൾക്ക് ആ ഔപചാരിക മതം കാണാൻ കഴിയുന്നുണ്ടോ? അതും ആ കത്തോലിക്കാ മതവും തമ്മിൽ യാതൊരു വ്യത്യാസമില്ല. അത് എല്ലാം ഒരേ കാര്യമാകുന്നു. എല്ലാ സഭാ സംഘടനകളും നേരെ അതിലേക്ക് തന്നെ കശാപ്പ് ചെയ്യപ്പെടുന്നു. ദൈവം ഒരിക്കലും തൻ്റെ സഭയെ സംഘടിപ്പിച്ചില്ല. അത് തന്നെയാണ് കൃത്യമായും അവർ ഇവിടെ ചെയ്യാൻ ശ്രമിച്ചത്. നിങ്ങൾ അത് ഇപ്പോൾ ശ്രദ്ധിച്ചിട്ട് കാണുക അത് ശരിയല്ലെങ്കിൽ, ഒരു സഭാ സംഘടന എത്രമാത്രം ശപിക്കപ്പെട്ടതാണെന്ന് നിങ്ങൾ കാണുക. ഇത് അപ്പോൾ—ഇത് സഭയ്ക്ക് അപരിചിതമായിരുന്നു, ഈ പുതിയ നിയമ സഭയ്ക്ക് വേറൊരു കാര്യമായിരുന്നു. നോക്കൂ?

> *എങ്കിലും...നീ...നിക്കൊലാവ്യരുടെ നടപ്പ നീ പകെക്കുന്നു എന്നൊരു നന്മ നിനക്കുണ്ടു, അതു ഞാനും പകെക്കുന്നു.*

146 ആ യഥാർത്ഥ മുന്തിരിവള്ളി നിക്കൊലാവ്യരുടെ ഔപചാരിക പ്രവൃത്തികളെ വെറുത്തിരുന്നു, അതുപോലെ ദൈവവും ചെയ്തിരുന്നു, എഫെസിയരുടെ സഭയിൽ ആ പ്രവർത്തികൾ എന്തായിരുന്നു, എഫെസിയരുടെ സഭയിലെ പ്രവൃത്തികൾ പെർഗാമോസ് സഭയിലേക്ക് ഒരു ഉപദേശമായി മാറി. ആദ്യത്തെ സഭയായ എഫെസൊസിൽ, അതൊരു പ്രവൃത്തിയായിരുന്നു, അടുത്ത സഭയിൽ അതൊരു ഉപദേശമായി മാറി. നിങ്ങൾക്ക് അത് കേൾക്കാമോ? ഇപ്പോൾ നിങ്ങൾക്ക് ഇത് മനസ്സിലായോ? ഇത് എഫെസോസിൽ ഒരു പ്രവൃത്തിയായിരുന്നു, കൂടാതെ ശ്രദ്ധിക്കുക, പെർഗ്ഗമൊസിൽ, ഇവിടെ അതൊരു ഉപദേശമായി മാറി. ഇത് ഇവിടെ ഒരു ചെറിയ കുഞ്ഞിൻ്റെ രൂപത്തിൽ ആരംഭിച്ചു. ഇപ്പോൾ, ഒരു മിനിറ്റിനുള്ളിൽ നമ്മൾ അത് എന്തായിരുന്നു എന്ന് കണ്ടെത്താൻ പോകുകയാണ്. ഇവിടെയാകുന്നു പൌലോസിൻ്റെ *ചെന്നായ്ക്കൾ*, “നിക്കൊലാവ്യരുടെ പ്രവൃത്തികൾ.”

147 ഇപ്പോൾ എന്താകുന്നു...നമുക്ക് ആ വാക്കിനെ തുറന്നു നോക്കാം, നമ്മൾ കൂടുതൽ മുമ്പോട്ട് പോകുന്നതിന് മുമ്പ് നമുക്ക് എന്താണ് ലഭിച്ചതെന്ന് കണ്ടെത്താം. ഈ വാക്കായ *നിക്കൊലാവ്യർ* എനിക്ക് ഒരു രീതിയിൽ അന്യമാകുന്നു. എനിക്ക് കണ്ടെത്താൻ കഴിയുന്ന എല്ലാ യവന നിഘണ്ടുവും ഞാൻ നോക്കി. *നിക്കൊലാവ്യർ* എന്ന വാക്ക് *നിക്കാവോ* എൻ-ഐ-സി-കെ-ഓ, എന്ന വാക്കിൽ നിന്നാണ് വന്നത്, നിക്കു, ഞാനത് ഇവിടെ എഴുതിയിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു, എൻ-ഐ-സി-കെ-ഓ, *നിക്കാവോ*, അതിൻറെ അർഥം "കീഴടക്കാൻ, അല്ലെങ്കിൽ അട്ടിമറിക്കാൻ." *നിക്കൊലാവ്യർ*, "അട്ടിമറിക്കുക, അല്ലെങ്കിൽ സാധാരണക്കാരെ കീഴടക്കുക." അവർ ഇവിടെ ചെയ്യാൻ ശ്രമിച്ചത് എന്തായിരുന്നു എന്ന് വച്ചാൽ ദൈവത്തിന് ഇടയന്മാരുള്ള സഭയെ കൈയ്യിലാക്കാൻ ശ്രമിക്കുകയായിരുന്നു, ജീവനുള്ള ദൈവത്തിൻ്റെ സഭയിൽ ദൈവത്തിൻ്റെ ആത്മാവ് കൃപാവരങ്ങളിൽ കൂടെ പ്രവർത്തിക്കുന്നു. കൂടാതെ, അവർക്ക് തുടക്കത്തിൽ ഒരു ഉപദേശം ഉണ്ടായിട്ടു അതായതു അവർക്ക് കുറച്ചു പുരോഹിതന്മാരും, ബിഷപ്പുമാരും, മാർപ്പാപ്പമാരും, മറ്റും ഉണ്ടായിരിക്കുന്നു. അത്, ദൈവം പറഞ്ഞു, അവൻ വെറുക്കുന്നു! അവൻ ഇന്നും അത് വെറുക്കുന്നു. *നിക്കൊലാവ്യർ*: *നിക്കാവോ*, "ജയം പ്രാപിക്കുക, അല്ലെങ്കിൽ അട്ടിമറിക്കുക" സാധാരണക്കാരായ ജനങ്ങളെ ആകുന്നു. ഈ *ലാവ്യർ* എന്നത് "സഭയാകുന്നു." ഈ ലാവ്യർ എന്നത് സഭയാകുന്നുവെന്ന് എത്രപേർക്കറിയാം? ശരി ആകുന്നു, "അട്ടിമറിക്കുക, അല്ലെങ്കിൽ കീഴടക്കുക, അല്ലെങ്കിൽ ലാവ്യരുടെ സ്ഥാനം എടുക്കുക."

148 മറ്റൊരു വിധത്തിൽ പറഞ്ഞാൽ, എല്ലാ പവിത്രതയും, എല്ലാ ശക്തിയും സഭയിൽ നിന്ന് എടുത്ത്, പുരോഹിതന്മാരുടെ മേൽ വയ്ക്കുക; "സഭ അവർ ആഗ്രഹിക്കുന്ന രീതിയിൽ ജീവിക്കട്ടെ, എന്നാൽ പുരോഹിതൻ മാത്രം വിശുദ്ധനാകുന്നു." അടയാളങ്ങളോടും അത്ഭുതങ്ങളോടും കൂടി ജനങ്ങളെ പിന്തുടരുന്ന പരിശുദ്ധാത്മാവിനെ എടുത്തു മാറ്റിക്കളയുന്നു, അതു എടുത്തു മാറ്റിയിട്ടു അവർക്കു ഒരു വിശുദ്ധ പൗരോഹിത്യം കൊടുക്കുന്നു. പരിശുദ്ധാത്മാവിനെ എടുത്തുമാറ്റി ഒരു പൗരോഹിത്യത്തിനായി അതിനെ മാറ്റിക്കളയുന്നു. അത് എന്താണെന്ന് നിങ്ങൾ കാണുന്നില്ലേ? അതൊരു...ഒടുവിൽ അത് എന്തായി...ഇവിടെ *ഈ* സഭയിൽ, അത് ഒരു പ്രവൃത്തികൾ ആയിരുന്നു; പിന്നെ അത് *ഈ* സ്ഥലത്ത് ഒരു ഉപദേശമായിത്തീർന്നു; തുടർന്ന്, അത് ഏറ്റെടുക്കുകയും ചെയ്തു. ലൂഥർ പുറത്തു കടന്നു വന്നപ്പോൾ, അതിന് അങ്ങനെ തുടരാൻ കഴിഞ്ഞില്ല, അത് നേരെ

തിരികെ പോയി വീണ്ടും അതിനെ ഏറ്റെടുത്തു: ബിഷപ്പമാരും, കർദ്ദിനാൾമാരും, ആർച്ച് ബിഷപ്പമാരും ആയിത്തീർന്നു. ഈ ലോകത്തിൽ ദൈവസഭയുടെ തലവൻ അവനല്ലാതെ മറ്റാരാകുന്നു? ആമേൻ! ഹ്യ! ഇപ്പോൾ എനിക്ക് ആത്മാവിൽ അനുഭവപ്പെടുന്നു. സഭയെ ഭരിക്കാൻ പരിശുദ്ധാത്മാവിനെ അയച്ചു; പ്രസംഗികൻ മാത്രമല്ല, മുഴുവൻ സഭയും!...പ്രസംഗികൻ മാത്രം വിശുദ്ധനായിരിക്കുക, ഇത് ആകുന്നു, സഭയ്ക്ക് മുഴുവൻ പരിശുദ്ധാത്മാവുണ്ട്.

149 അതിനുപകരം, അത് നിർമ്മിക്കാനുള്ള ആത്മാവിന് പകരം, അവർ ഒരു ചെറിയ മധുര ബിസ്ക്കറ്റും കൂടെ ഒരു കുഞ്ഞു ബിസ്ക്കറ്റും എടുക്കുന്നു, കുറച്ച് വീഞ്ഞും, അതിനെ അവർ വിളിക്കുന്നത് *വിശുദ്ധ കുർബാന* എന്നാകുന്നു അതിൻറെ അർത്ഥം ആകുന്നു 'പരിശുദ്ധാത്മാവ്.'" ഈ ലോകത്ത് എങ്ങനെ ഒരു കുഞ്ഞു ബിസ്ക്കറ്റും ഒരു സ്വൽപ്പം വീഞ്ഞും എങ്ങനെ ഒരു ആത്മാവാകും? ഇപ്പോൾ, അത്—അത് അങ്ങനെയാണെങ്കിൽ, നിങ്ങൾക്ക് പ്രവൃത്തികൾ 2 ഇതുപോലെ വായിക്കണം: "പെന്തെക്കൊസ്തനാൾ വന്നപ്പോൾ, ഇതാ, അവിടേക്ക് ഒരു റോമൻ പുരോഹിതൻ വഴിയിൽ നിന്നും കടന്നു വന്നു. അവൻ പറഞ്ഞു 'നിൻ്റെ നാവ് നീട്ടുക' അപ്പോൾ അവൻ ഈ ചെറിയ മധുര ബിസ്ക്കറ്റ വെച്ചുകൊടുത്തു, എന്നിട്ട് അവൻ വീഞ്ഞ് കുടിച്ചു, പറഞ്ഞു, 'ഇപ്പോൾ നിനക്ക് പരിശുദ്ധാത്മാവ് ലഭിച്ചിരുന്നു.'" ഇപ്പോൾ, ഇപ്പോൾ അത് ഭയങ്കരമാണെന്ന് നമ്മൾ കരുതുന്നു. അത് ആകുന്നു.

150 ഇപ്പോൾ നമുക്ക് താഴോട്ട് നോക്കാം; ഞാൻ ബാപ്റ്റിസ്റ്റ് സഭയിൽ നിയമിക്കപ്പെട്ടിരുന്നു, നമുക്ക് ബാപ്റ്റിസ്റ്റുകാരെ എടുക്കാം. ഊഹ്. ഹം? മെഥഡിസ്റ്റുകാർ, നമ്മൾ എന്താണ് ചെയ്യേണ്ടത്? "നിങ്ങൾ ഏറ്റു പറഞ്ഞാൽ അതായത് 'യേശുക്രിസ്തു ദൈവപുത്രനാകുന്നു,' എങ്കിൽ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു." പിശാചും അവൻ ദൈവപുത്രനാണെന്ന് വിശ്വസിക്കുകയും, അതിൽ വിറയ്ക്കുകയും ചെയ്യുന്നു; ഒരുപക്ഷെ ധാരാളം സഭയിലെ അംഗങ്ങൾ വിശ്വസിക്കുന്നതിനേക്കാൾ കൂടുതൽ അവൻ വിശ്വസിക്കുന്നു. പിശാച് അതേ കാര്യം വിശ്വസിക്കുകയും വിറയ്ക്കുകയും ചെയ്യുന്നു, കാരണം താൻ നശിച്ചുപോകുമെന്ന് അവനറിയാം.

151 ഇപ്പോൾ നമ്മൾ അതിനെ മെഥഡിസ്റ്റുകാരുടെ രൂപത്തിൽ എടുക്കുന്നു, അവർ—അവർ പറയുന്നു അതായത് "യോഹന്നാൻ സ്നാനം കഴിപ്പിച്ചില്ല," അതായത്, "അവൻ തളിക്കുകയാണ് ചെയ്തത്." പറഞ്ഞു, "ദേശത്ത് ധാരാളം നിലയണ്ണാൻ ഉണ്ടായിരുന്നു, അതോടൊപ്പം—ഒപ്പം വെള്ളം പലയിടത്തുനിന്നും

കയറി വന്നിരുന്നു. അവൻറെ പക്കൽ നിലയണ്ണാൻറെ മാളത്തിൽ നിന്നും മിനുസപ്പെടുത്തി എടുത്ത ഒരു മുത്ത്ചിപ്പി ഉണ്ടായിരുന്നു." അവർ യഥാർത്ഥത്തിൽ അതാണ് പ്രസംഗിച്ചിരുന്നത്. "കൂടാതെ നിലയണ്ണാൻറെ മാളത്തിൽ കുറച്ച് വെള്ളം ഉണ്ടായിരുന്നു, അല്ലെങ്കിൽ ഈ മുത്തുചിപ്പിയിൽ നിന്നും, നിലയണ്ണാൻറെ മാളത്തിൽ നിന്നും, ആ വെള്ളം കൊണ്ട് അവർ ജനങ്ങളെ തളിച്ചിരുന്നു." അസംബന്ധം! ഓ, സഹോദരാ!

152 ശരി, ഇവിടെ നാം അത് എടുക്കുന്നു, "പെന്തെക്കൊസ്ത നാൾ വന്നപ്പോൾ, എല്ലാവരും ഒരു സ്ഥലത്തു, ഒന്നിച്ചു കൂടിയിരുന്നു. പാസ്റ്റർ കടന്നു വന്നു ഒരു നല്ല പ്രസംഗം നടത്തി, എന്നിട്ട് പറഞ്ഞു: 'എനിക്ക് കൂട്ടായ്മയുടെ വലംകൈ തരൂ, ഞങ്ങൾ നിങ്ങളുടെ പേര് പുസ്തകത്തിൽ ഇടാം.'" അത് കേഴ്വിക്ക ശരിയായി തോന്നുന്നില്ല, അത് അല്ലേ? നിങ്ങൾക്ക് അത് ലഭിച്ചേക്കാനിടയുണ്ട്...നിങ്ങൾക്കതൊരു പഞ്ചഭൂതത്തിൽ ലഭിക്കാൻ കഴിയില്ല, അതിനേക്കാൾ നന്നായി അവർ അത് അറിഞ്ഞിരുന്നു. ആ പഴയ *മാന്യമഹിളയുടെ ജന്മദിന പഞ്ചാംഗം* അത് ആകേണ്ടതിനേക്കാൾ കൂടുതൽ ശരിയാകുന്നു.

153 ശരി, എന്താണ് അതിന് കാരണമായത്, അപ്പോൾ? തിരുവെഴുത്തുകളെ വളച്ചൊടിക്കാൻ നിക്കോലാവ്യർ ഒരു കൂട്ടം ആളുകളെ കൊണ്ടുവന്നിരുന്നു, എന്നിട്ട് ദൈവത്തിന് അതിൽ പ്രവർത്തിക്കാൻ അനുവാദമില്ലാത്ത ഒരു സഭാവിഭാഗത്തെ ഉണ്ടാക്കുന്നു. അത് അവിടെത്തന്നെ മരിക്കുന്നു! അപ്പോൾ അവൻ ഇവിടെ പറഞ്ഞു, "നീ മരിച്ചവനാകുന്നു! ജീവനുള്ളവൻ എന്നു നിനക്കു പേർ ഉണ്ടു എങ്കിലും നീ മരിച്ചവനാകുന്നു!" അവരിൽ വളരെയധികം പേർ മരിച്ചവരാകുന്നു, അങ്ങനെയെന്നു അറിയുന്നുമില്ല.

154 ഞാനും എൻ്റെ സഹോദരനും കൂടി മീൻ പിടിക്കുകയായിരുന്നു, ഞങ്ങൾ ചെറിയ കുട്ടികളായിരുന്നു, മേലെ ഇവിടെയായിരുന്നു. ഞാൻ ഒരു ഞൊടിക്കുന്ന ആമയെ പിടികൂടിയിട്ട്, അതിൻ്റെ തല വെട്ടിക്കളഞ്ഞു; അതിനെ ചൂണ്ടയിൽ നിന്നും മുറിച്ചു മാറ്റി, അതുമായിട്ടു സമയം കളയാൻ ആഗ്രഹിച്ചില്ല; എന്നിട്ട് അതിനെ അവിടെയുള്ള കരയിലേക്ക് എറിഞ്ഞു കളഞ്ഞു. എൻ്റെ അനിയൻ സഹോദരൻ വന്നിട്ട്, അവൻ ചോദിച്ചു, "കുറച്ച് മുമ്പ് നീ എന്താണ് പിടിച്ചത്?"

ഞാൻ പറഞ്ഞു, "ഒരു ആമ."

അവൻ ചോദിച്ചു, "അതിനെ നീ എന്തു ചെയ്തു?"

ഞാൻ പറഞ്ഞു, "അത് അതാ അവിടെ *കിടക്കുന്നു*, അതിൻ്റെ തല അതാ അവിടെ *കിടക്കുന്നു*."

അവൻ അവിടെ നോക്കാൻ പോയി. എന്നിട്ട് അവൻ ചോദിച്ചു, “ഇത് ചത്തുപോയോ?”

ഞാൻ പറഞ്ഞു, “തീർച്ചയായും! അതിൻറെ ശരീരത്തിൽ നിന്ന് തല വേർപെടുത്തിയപ്പോൾ, അത് തീർച്ചയായും ചത്തിരിക്കണം.”

155 അങ്ങനെ അവൻ ഒരു വടി എടുത്ത്, ഈ ആമയുടെ തല തിരികെ നദിയിലേക്ക് എറിയാൻ അതിൻറെ അടുത്തേക്ക് എത്തി. അപ്പോൾ... അല്ലെങ്കിൽ അരുവി എന്ന് പറയാം. അങ്ങനെ അവൻ ചെയ്തപ്പോൾ ആമ അതിനെ കടന്നു പിടിച്ചു. നിങ്ങൾക്കറിയാമോ, അവക്ക് ഒന്നോ അല്ലെങ്കിൽ രണ്ടോ മണിക്കൂർ പിടിച്ചു നിൽക്കാൻ പറ്റും. അവൻ പിന്നോട്ട് ചാടി, അവൻ പറഞ്ഞു, “ഹേയ്! നീ പറഞ്ഞിട്ടു ഞാൻ കരുതി, ‘അത് ചത്തിരുന്നു.’”

ഞാൻ പറഞ്ഞു, “അത് ആകുന്നു.”

അവൻ പറഞ്ഞു, “ശരി, എന്നാൽ അവനത് അറിയില്ല. ഇല്ല.”

156 അതിനാൽ, വളരെയധികം ജനങ്ങൾ അങ്ങനെയാകുന്നു: മരിച്ചിട്ട്, അത് അങ്ങനെയെന്ന് അറിയില്ല! നിക്കോലാവ്യർ! ഓ, എൻ്റെ! ഓ, അവൻ പറഞ്ഞു, “നീ അത് പകെക്കുന്നു.” നല്ല വിശുദ്ധരായ വൈദികരെയും, പരിശുദ്ധ കർദിനാളും, വിശുദ്ധ ബിഷപ്പിനെയും, അവരെ മുഴുവനായും നീ പകെക്കുന്നു.

157 നിങ്ങളിൽ ചില പെന്തക്കോസ്തുകാരും, “വലിയ മേൽവിചാരകൻ, അവൻ കടന്നു വരട്ടെ. പൊതുവായ മേൽവിചാരകൻ, നിങ്ങൾക്ക് ഇവിടെ രോഗശാന്തി ശുശ്രൂഷ വേണമോ അല്ലെങ്കിൽ വേണ്ടായോ എന്ന് അദ്ദേഹം നിങ്ങളോട് പറയും. ഹാ, ഹാ.” ഹല്ലേലൂയാ! പരിശുദ്ധാത്മാവാണ് അത് വേണമോ അല്ലെങ്കിൽ വേണ്ടായോ എന്ന് പറയേണ്ടത്, ദൈവത്തിൻ്റെ നിത്യ വചനം.

158 “ശരി, സഹോദരൻ ബ്രൺഹാം, വേദപുസ്തകം നമ്മളെ പഠിപ്പിക്കുന്നുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു ‘യേശുവിൻ്റെ നാമത്തിൽ സ്നാനം കഴിപ്പിക്കുക,’ എന്നാൽ പൊതുവായ മേൽവിചാരകൻ പറഞ്ഞു ഞങ്ങളുടെ സഭയിൽ ഇത് ആരംഭിച്ചാൽ, അദ്ദേഹം ഞങ്ങളെ എല്ലാവരെയും പുറത്താക്കിക്കളയും.” മുന്നോട്ടുപോകുക. അത് ശരിയാണ്. അവിടെ നിന്ന് പുറത്താക്കപ്പെടുന്നതിനേക്കാൾ എനിക്ക് ഇവിടെ നിന്ന് പുറത്താക്കുന്നതാണ് നല്ലത്. അതിനാൽ, നിങ്ങൾ *ഇവിടെ* നിന്ന് എന്തെങ്കിലും എടുത്താൽ, നിങ്ങൾ അവിടെ നിന്ന് പുറത്താക്കപ്പെടാൻ പോകുകയാണ്, എന്തായാലും, അതിനാൽ നിങ്ങളെ ഇവിടെ നിന്ന് പുറത്താക്കി കളഞ്ഞേക്കാനിടയുണ്ട്. അവൻ നിങ്ങളെ ഇവിടെ നിന്ന്

പുറത്താക്കിയാൽ, നിങ്ങൾ അവിടെ അകത്താക്കപ്പെട്ടും. അതിനാൽ ഇത് ഒരേ കാര്യമാകുന്നു, അതുകൊണ്ട് ഇതിനൊപ്പം തന്നെ ഉറച്ചു നിന്നുകൊള്ളുക.

159 നമ്മൾ ശരിയായിരിക്കാൻ ആഗ്രഹിക്കുന്നു. ഓ, എൻറെ, ഇത് വളരെ ഗൗരവമുള്ള കാര്യമാണ്, സഹോദരാ. നമുക്ക് ഈ കാര്യങ്ങൾ ശരിയായി കിട്ടേണ്ടത് ആവശ്യമാകുന്നു. ഒരു സഭയെ സ്ഥാപിക്കുന്നതിന് വേണ്ടി ദൈവം നമുക്ക് ഒരു അടിസ്ഥാനം ഉണ്ടാക്കി ഇട്ടു തരുന്നത് വരെ നമുക്ക് ഒരിക്കലും ഒരു സഭ ഉണ്ടാകില്ല. അവൻ ഒരിക്കലും തൻ്റെ സഭയെ ഒരു കൂട്ടം അസംബന്ധങ്ങളുടെ മേൽ പണിയുകയില്ല. അവന് അവൻ്റെ വചനത്തിൽ വരണം അല്ലെങ്കിൽ അവൻ വരില്ല എന്ന് മാത്രം; നേരെ അവൻ്റെ വചനത്തിന്മേൽ ആയിരിക്കണം.

160 ആരോ ഒരാൾ, അധിക നാളുകളായിട്ടില്ല, അവിടെ മേലെ വെച്ചു, പറഞ്ഞു, "സഹോദരൻ ബ്രൺഹാം, ചൗട്ടാവിക്കയിലേക്ക് കടന്നു വരിക." ചൗട്ടാവിക്കയിൽ എത്ര പേർ ഉണ്ടായിരുന്നു? എന്തിന്, ഇവിടെ നോക്കിയാൽ മതി, ഈ സഭയിൽ ഉള്ളതിൻറെ മൂന്നിലൊന്നോ അതിലധികമോ ചൗട്ടാവിക്കയിൽ ഉണ്ടായിരുന്നു. അത്...ഇപ്പോൾ, അന്ന് ഉച്ചതിരിഞ്ഞ് അവിടെ എഴുന്നേറ്റു നിന്ന ആ മനുഷ്യൻ, നിങ്ങൾ എല്ലാവരും അദ്ദേഹത്തെ കേട്ടിരുന്നു, എനിക്ക് അതിനെക്കുറിച്ച് അറിയാമെന്ന് അറിയില്ലായിരുന്നു. അവർ അവിടെ താഴെ എന്താണ് പറയുന്നതെന്ന് ദൈവത്തിന് മുകളിലെ മുറിയിൽ എനിക്ക് വെളിപ്പെടുത്താൻ കഴിയും, കൂടാതെ, നിങ്ങൾക്കറിയാം, അവൻ അത് ചെയ്യുകയും ചെയ്തു. അവിടേക്ക് കയറി വന്നിട്ട്, പറഞ്ഞു. "ഇപ്പോൾ, സഹോദരൻ ബ്രൺഹാം, ഓ, അദ്ദേഹം കർത്താവിൻ്റെ ഒരു ദാസനാണ്. ആത്മാവ് അദ്ദേഹത്തിൻറെ മേൽ ആയിരിക്കുമ്പോൾ, അദ്ദേഹം അഭിഷിക്തനായ പ്രവാചകനാകുന്നു, അദ്ദേഹത്തിന് നന്നായി അത് അറിയാം, ദൈവം അദ്ദേഹത്തോട് എന്താണെന്നും എന്തായിരിക്കുമെന്നും പറയുന്നു; എന്നാൽ അദ്ദേഹത്തിൻറെ വേദശാസ്ത്രം, അത് കേൾക്കരുത്."

161 എന്തൊരു മനസ്സാക്ഷിയില്ലാത്ത ആശയം ആകുന്നു! ഒരു മനുഷ്യന് അത് എങ്ങനെ പറയാൻ കഴിയും! എന്തുകൊണ്ട്, എനിക്ക് ആവില്ല...ശരി, നിങ്ങൾക്ക് കാപ്പി കുരുവിൽ നിന്ന് പരിപ്പ് തിരിച്ചറിയാൻ കഴിയില്ലെങ്കിൽ, നിങ്ങൾ—നിങ്ങൾക്ക് അതിനേക്കാൾ നന്നായി അറിയാം. അത്തരമൊരു കാര്യത്തെക്കുറിച്ച് നിങ്ങൾക്ക് എപ്പോഴെങ്കിലും എങ്ങനെ ചിന്തിക്കാൻ കഴിയും?

എന്തുകൊണ്ട്? എന്തുകൊണ്ട്, *പ്രവാചകൻ* എന്ന വാക്കിൻ്റെ അർത്ഥം തന്നെ "വചനത്തിൻ്റെ ദൈവീക വെളിപ്പെടുത്തലുകാരൻ എന്നാകുന്നു." നിങ്ങൾക്കെങ്ങനെ കഴിയും...? "കർത്താവിൻ്റെ വചനം പ്രവാചകൻ്റെ അടുക്കൽ എത്തുന്നു." ഞാൻ അങ്ങനെ ഒരാളാണെന്ന് ഒരിക്കലും പറഞ്ഞിട്ടില്ല, അവർ അത് പറഞ്ഞിരിക്കുന്നു. എന്നാൽ അവിടെയാണ് നിങ്ങൾ. നോക്കൂ?

162 എപ്രകാരം ഒരു മനുഷ്യന്, എവിടെയെങ്കിലും ഒരു ചെറിയ സഭയുടെ മത സിദ്ധാന്തം ഉയർത്തിപ്പിടിക്കുന്നതിനു വേണ്ടി, കാരണം അവരുടെ സഭാ സംഘടന അതിനോട് യോജിക്കുകയില്ല, നിങ്ങളുടെ ജ്യേഷ്ഠാവകാശം ഒരു ചുവന്ന പായസത്തിന് വേണ്ടി വിറ്റു കളയുന്ന, എശാവാകുന്നു, നിങ്ങൾ നികൃഷ്ടരായ കപടഭക്തിക്കാരാകുന്നു! അത് ശരിയാണ്. നിങ്ങളുടെ ജന്മാവകാശങ്ങൾ വെറുമൊരു പായസത്തിനുവേണ്ടി വിറ്റു കളയുന്നു, ഒരു കൂട്ടം സഭാ സംഘടനക്ക് വേണ്ടി, ദൈവം വെറുക്കുന്ന ഒരു കൂട്ടം മത വിഭാഗങ്ങളാകുന്നു. ഓർക്കുക, നിങ്ങൾ പറയുന്നു "സംഘടന," ദൈവം അത് വെറുക്കുന്നു! സഹോദരങ്ങളെ വേർപെടുത്തിയതും, തകർത്തുകളഞ്ഞതുമായ കാര്യം അത് തന്നെയാകുന്നു...ധാരാളം മെഥഡിസ്റ്റുകാരും, ബാപ്റ്റിസ്റ്റുകാരും, പ്രെസ്ബിറ്റേറിയൻകാരും, ഇന്ന് രാത്രിയിൽ ഇവിടെയുണ്ട്, അവർ ദൈവത്തിൻ്റെ മേശയ്ക്കു ചുറ്റും കൂട്ടായ്മയിൽ ആകാൻ ആഗ്രഹിക്കുന്നു. എന്നാൽ അവർ അങ്ങനെ ചെയ്യുകയാണെങ്കിൽ, അവർ ആദ്യമായി അതിൽ പ്രവേശിക്കുമ്പോൾ തന്നെ പുറത്താക്കപ്പെടും. അത് കൃത്യമായും ശരിയാകുന്നു.

163 "അമ്മ അതിൽ ഉൾപ്പെട്ടിരുന്നു," അങ്ങനെ അവർ ഒരു പേരക്കുട്ടി മാത്രമായി തുടങ്ങുന്നു. ഓ, എൻ്റെ! അമ്മ എന്തിൽ ഉൾപ്പെട്ടിരുന്നു എന്നത് എനിക്ക് പ്രശ്നമല്ല, അമ്മ അവരുടെ കാലത്തായിരുന്ന മുഴുവൻ വെളിച്ചത്തിൽ ജീവിച്ചിരുന്നു, നിങ്ങൾ മറ്റൊരു കാലത്താണ് ജീവിക്കുന്നത്.

164 ഏകദേശം മുന്നൂറ് വർഷങ്ങൾക്ക് മുമ്പ്, ഒരു പന്ത് ഒരു ഭൂഗോളത്തിന് ചുറ്റും കറക്കി, ശാസ്ത്രം തെളിയിച്ചു, പറഞ്ഞു, "ഏതെങ്കിലും വാഹനം എപ്പോഴെങ്കിലും മണിക്കൂറിൽ മുപ്പത് മൈൽ അതിഗംഭീരമായ വേഗതയിൽ സഞ്ചരിക്കുകയാണെങ്കിൽ, ഗുരുത്വാകർഷണം അതിനെ ഭൂമിയിൽ നിന്ന് ഉയർത്തുകയും അന്തരീക്ഷത്തിലേക്ക് ഉയർത്തുകയും ചെയ്യും." ഇന്നത്തെ ശാസ്ത്രം അത് വിശ്വസിക്കുന്നുവെന്ന് നിങ്ങൾ കരുതുന്നുണ്ടോ? അവർ മണിക്കൂറിൽ ആയിരത്തി തൊള്ളായിരം മൈൽ വേഗതയിൽ ഓടുന്നു. അവർ എന്താണ് പറഞ്ഞതെന്ന് കാണുന്നതിനുവേണ്ടി അവർ തിരിഞ്ഞുനോക്കുന്നില്ല, അവർ

പിന്നിലേക്ക് തിരിഞ്ഞുനോക്കുന്നു, മുമ്പോട്ട് എന്താണ് കാണാൻ കഴിയുന്നതെന്ന് അവർ നോക്കുന്നു.

165 എന്നാൽ സഭ എപ്പോഴും പിന്നിലേക്ക് തിരിഞ്ഞു നോക്കാൻ ആഗ്രഹിക്കുന്നു, വെസ്ലി എന്താണ് പറഞ്ഞതെന്നും, മൂഡി എന്താണ് പറഞ്ഞതെന്നും, സാങ്കി എന്താണ് പറഞ്ഞതെന്നും നോക്കുന്നു. “വിശ്വസിക്കുന്നവരാൽ എല്ലാം സാധ്യമാകുന്നു,” നമുക്ക് മുന്നോട്ട് നോക്കാം! വേദപുസ്തകത്തിൽ പിന്നിലേക്ക് നോക്കുന്ന ഒരേയൊരു കാര്യം എന്നത്...നിങ്ങൾക്കറിയാമോ ഏതുതരത്തിലുള്ള ജീവിയാണ് എപ്പോഴും പിന്നിലേക്ക് തിരിഞ്ഞുനോക്കുന്നത്? ഏറ്റവും താഴ്ന്ന ജീവിതം അവിടെയാകുന്നു. ഏറ്റവും താണ തരത്തിലുള്ള ജീവിതം നയിക്കുന്നത് എന്താണെന്ന് എത്ര പേർക്ക് അറിയാം? ഒരു തവള ആകുന്നു. ഏറ്റവും താഴ്ന്ന ജീവിതമുള്ളത് ഒരു തവളക്കാകുന്നു, അതോടൊപ്പം, ഏറ്റവും ഉയർന്ന ജീവിതം ഒരു മനുഷ്യനാകുന്നു. ഒരു തവള പുറകോട്ടു തിരിഞ്ഞു നോക്കുന്നു. ആ പഴയ താഴ്ന്ന ജീവിതം എനിക്ക് ഇഷ്ടമല്ല. ഞാൻ മുമ്പോട്ട് നോക്കാൻ ആഗ്രഹിക്കുന്നു, വിശ്വസിക്കുകയും, പ്രത്യാശിക്കുകയും, അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ വെളിച്ചത്തിൽ നടക്കാനും, ആമേൻ, അവൻ വെളിച്ചം പ്രകാശിക്കുന്നു.

166 ഒരിക്കൽ കെന്റക്കിയിൽ വച്ച് ഞാൻ ഒരു യോഗം നടത്തുകയായിരുന്നു, ഒരു വൃദ്ധനായ മനുഷ്യൻ പുറത്തു വന്നിട്ട്, അദ്ദേഹം പറഞ്ഞു, “ഓ, ആ രോഗശാന്തിയിൽ ഞാൻ വിശ്വസിക്കുന്നില്ല.”

അപ്പോൾ ഞാൻ പറഞ്ഞു, “ശരി, അതൊക്കെയും കൊള്ളാം, നിങ്ങൾ അമേരിക്കക്കാരനാണ്.”

അദ്ദേഹം പറഞ്ഞു, “ഞാൻ—ഞാൻ യാതൊന്നും കാണാതെ ഒന്നും വിശ്വസിക്കുന്നില്ല.”

അപ്പോൾ ഞാൻ പറഞ്ഞു, “ശരി, അതൊക്കെ ശരി തന്നെ.”

അദ്ദേഹം പറഞ്ഞു, “ഇപ്പോൾ, എനിക്ക് നിങ്ങളോട് യാതൊരു വിരോധവുമില്ല, പക്ഷേ ഞാൻ—നിങ്ങൾ പറയുന്നത് ഞാൻ വിശ്വസിക്കുന്നില്ല.”

ഞാൻ പറഞ്ഞു, “ഇത് നിങ്ങൾ അമേരിക്കക്കാരൻറെ സ്വന്തം അവകാശമാണ്, നിങ്ങൾക്ക് ചെയ്യേണ്ടതില്ല.”

അദ്ദേഹം പറഞ്ഞു, “ഇപ്പോൾ, ഞാൻ ഒരിക്കലും ഒന്നും എനിക്ക് വ്യക്തമായി കാണാൻ കഴിയാതെ അംഗീകരിക്കുന്നില്ല.” ഹ്മ്!

ഞാൻ പറഞ്ഞു, “ശരി, ഇപ്പോൾ ഞാൻ...അത്—അത് കൊള്ളാം, നിങ്ങൾ മിസോറിയിൽ നിന്നായിരിക്കണം.”

പറഞ്ഞു, “അല്ല, ഞാൻ ഒരു കെൻ്റുക്കിക്കാരനാകുന്നു.” വ്യ!

“കെൻ്റക്കിക്ക് വളരെ നന്നായി ഇത് കേഴ്വിക്കു തോന്നുന്നില്ല,” ഞാൻ പറഞ്ഞു. “പക്ഷേ, എന്തായാലും,” ഞാൻ പറഞ്ഞു, “നിങ്ങൾ... അങ്ങനെയാണ് നിങ്ങൾ ചിന്തിക്കുന്നത്, നിങ്ങൾ മുന്നോട്ട് പോകുക.” അദ്ദേഹം പറഞ്ഞു—അദ്ദേഹം പറഞ്ഞു...ഞാൻ പറഞ്ഞു, “നിങ്ങൾ എങ്ങനെയാണ് വീട്ടിലേക്ക് പോകുന്നത്?”

167 അദ്ദേഹം പറഞ്ഞു, “ഞാൻ ഈ മലയുടെ അപ്പുറത്തേക്കാണ് പോകുന്നത്. ഞാൻ താമസിക്കുന്നത് അപ്പുറത്താണ്...ശരി, എന്നോടൊപ്പം വരാം.” നല്ല മനുഷ്യനാകുന്നു. പറഞ്ഞു, “എന്നോടൊപ്പം വീട്ടിലേക്ക് വരൂ, രാത്രി മുഴുവൻ താമസിക്കാം, സഹോദരൻ ബ്രൺഹാം.”

ഞാൻ പറഞ്ഞു, “എനിക്ക് കഴിയുമായിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു, സഹോദരാ.” എന്നാൽ, ഞാൻ പറഞ്ഞു, “ഞാൻ എൻറെ അമ്മാവനോടൊപ്പം ഇവിടേക്ക് പോകുകയാണ്.” അദ്ദേഹം ചോദിച്ചു...ഞാൻ പറഞ്ഞു, “നിങ്ങൾ വണ്ടി ഓടിച്ചാണോ മുകളിലേക്ക് പോകുന്നത്?”

പറഞ്ഞു, “അല്ല, എനിക്ക് അവിടെയുള്ള ഈ മലയുടെ അപ്പുറത്തേക്കാണ് പോകണ്ടിയത്, ഈ വഴി മുകളിലേക്ക്, പിന്നെ അവിടെ താഴെയായി ഒരു മലയിടുക്കുണ്ട്, പിന്നെ മുകളിലേക്ക്,” അവിടെ അത് എപ്രകാരമാണെന്ന് നിങ്ങൾക്കറിയാമല്ലോ.

പിന്നെ ഞാൻ പറഞ്ഞു, “നന്നായി,” ഞാൻ ചോദിച്ചു, “നിങ്ങൾ എങ്ങനെ അവിടെ ചെന്നെത്തും?”

അദ്ദേഹം പറഞ്ഞു, “ഞാൻ അവിടെ മുകളിലേക്കുള്ള പാതയിൽക്കൂടെ പോകുന്നു.”

“അതെങ്ങനെ,” ഞാൻ പറഞ്ഞു, “നിങ്ങളുടെ മുൻപിൽ നിങ്ങളുടെ കൈ പോലും നിങ്ങൾക്ക് കാണാൻ കഴിയില്ല.” ഞാൻ ചോദിച്ചു, “നിങ്ങൾ എങ്ങനെ അവിടെ മുകളിൽ ചെന്നെത്തും?”

പറഞ്ഞു, “എനിക്ക് ഒരു റാന്തൽ വിളക്ക് ഉണ്ട്!”

ഞാൻ ചോദിച്ചു, “ശരി, നിങ്ങൾ എങ്ങനെയാണ്...നിങ്ങൾ എന്താണ് ചെയ്യുന്നത്, ആ വിളക്ക് കത്തിച്ചിട്ട് അതുമായിട്ടാണോ നടന്നു പോകുന്നത്?”

അദ്ദേഹം പറഞ്ഞു, “അതെ, ശ്രീമാൻ.”

ഞാൻ ചോദിച്ചു "നിങ്ങൾ ആ റാന്തൽ വിളക്ക് കൊളുത്തുമ്പോൾ *ഇതുപോലെ* ഒന്ന് ഉയർത്തി പിടിക്കാമോ? ഞാൻ നിങ്ങളുടെ വീട് കാണാൻ ആഗ്രഹിക്കുന്നു."

അദ്ദേഹം പറഞ്ഞു, "നിങ്ങൾക്കത് കാണാൻ കഴിയില്ല."

ഞാൻ ചോദിച്ചു, "പിന്നെ നിങ്ങൾ എങ്ങനെയാണ് അവിടെ എത്താൻ പോകുന്നത്?"

"ഓ," അദ്ദേഹം പറഞ്ഞു, "ഞാൻ ഈ റാന്തൽ വിളക്ക് കത്തിക്കും; എന്നിട്ട് ഞാൻ നടക്കുമ്പോൾ, ഇത്...വെളിച്ചം കാണിച്ചു തരുന്നു..."

ഞാൻ പറഞ്ഞു, "അത് തന്നെയാണ് കാര്യം. ആമേൻ, വെളിച്ചത്തിൽ മാത്രം നടക്കുക."

168 മുമ്പോട്ട് തുടർന്ന് നടക്കുക! നിശ്ചലമായി നിൽക്കരുത്, നിങ്ങൾ ഒരിക്കലും ഒരിടത്തും ചെന്ന് എത്തുകയില്ല. നിങ്ങൾ രക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, വിശുദ്ധീകരണത്തിലേക്ക് നടക്കുക. നിങ്ങൾ പറയും, "നിങ്ങൾ എങ്ങനെയാണ് അവിടെ എത്തുന്നത്?" മുമ്പോട്ട് നടന്നു കൊണ്ടിരിക്കുക. "വിശുദ്ധീകരണത്തിനു ശേഷമാണോ പരിശുദ്ധാത്മാവിൻ്റെ സ്നാനം ലഭിക്കുന്നത്? എനിക്ക് അത് എങ്ങനെ ലഭിക്കും?" മുമ്പോട്ട് വെളിച്ചത്തിൽ നടന്നാൽ മതി. "അടയാളങ്ങളും അത്ഭുതങ്ങളും ആശ്ച്ചര്യങ്ങളും...?" വെളിച്ചത്തിൽ മുമ്പോട്ട് നടക്കുക മാത്രം. നോക്കു? മുമ്പോട്ട് തുടരുക! ഓരോ തവണയും നിങ്ങൾ ഒരു ചുവട് വെയ്ക്കുമ്പോൾ, വെളിച്ചം നിങ്ങൾക്ക് അൽപ്പം മുന്നിലേക്ക് കുതിക്കും, കാരണം അവൻ എപ്പോഴും നിങ്ങൾക്ക് മുന്നിലായി പോകുന്നു. അവൻ തള്ളുന്നില്ല, അവൻ നയിക്കുന്നു. അവൻ വെളിച്ചമാണ്. ഓ, ഞാൻ അതിൽ എത്രയധികം സന്തോഷവാനാകുന്നു. നിങ്ങളല്ലേ? അവൻ വെളിച്ചമാകുന്നു, അവനിൽ യാതൊരു ഇരുട്ടുമില്ല.

169 "എങ്കിലും നിക്കൊലാവ്യരുടെ നടപ്പ നീ പകെക്കുന്നു." അതൊരു ഉപദേശമായി കഴിഞ്ഞു. ഇപ്പോൾ പൗലോസ് എന്താണ് പറയുന്നതെന്ന് നോക്കാം...ഇപ്പോൾ, ആരുടെ സഭയാണ്...ആരാണ് ഇപ്പോൾ ഈ സഭ സ്ഥാപിച്ചത്? പൌലോസ്, എഫെസൊസ്.

170 നമുക്ക് ഇപ്പോൾ പ്രവൃത്തികൾ 20 ആം അദ്ധ്യായത്തിലേക്ക് തിരിക്കാം. ഒരു നിമിഷത്തേക്ക് മാത്രം. പ്രവൃത്തികൾ 20 ആം അധ്യായത്തിൽ, പൗലോസ് എന്താണ് പറയുന്നതെന്ന് കാണുക...പൗലോസ് ഒരു പ്രവാചകനായിരുന്നു എന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? തീർച്ചയായും, അവൻ ആയിരുന്നു. തീർച്ചയായും, അവൻ ആയിരുന്നു. അന്ന് രാത്രിയിൽ കൊടുങ്കാറ്റുള്ള

കടലിൽ ദർശനങ്ങളും, അതുപോലുള്ള കാര്യങ്ങളും ഉണ്ടായതു നിങ്ങൾ ഓർക്കുന്നുണ്ടോ? ഇപ്പോൾ,...അങ്ങനെ അതിനെക്കുറിച്ച് എല്ലാമാകുന്നു. ഇപ്പോൾ 20 ആം അധ്യായം...പുറപ്പാ-...പ്രവൃത്തികൾ, അതിൻറെ ഇപ്പോൾ നമുക്ക് തുടങ്ങാം അതിൻറെ—അതിൻറെ 27 ആം വാക്യം, നാം ഇത് വായിക്കുമ്പോൾ ശ്രദ്ധിച്ചു കേൾക്കുക. ഇപ്പോൾ, ഇത് പൌലോസ് ആകുന്നു, ഒരു പ്രവാചകൻ, എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് മുൻകൂട്ടി പറയുകയാണ്.

> *ദൈവത്തിൻറെ ആലോചന ഒട്ടും മറെച്ചുവെക്കാതെ* ഞാൻ മുഴുവനും *അറിയിച്ചുതന്നിരിക്കുന്നുവല്ലോ.*

171 ആ അനുഗ്രഹീതനായ മനുഷ്യൻ! ഓ, അന്ന് ഞാൻ അവിടെ നിന്നുകൊണ്ട് ആ രക്തസാക്ഷിയുടെ കിരീടം അവൻറെ തലയിൽ വയ്ക്കുന്നത് കാണാൻ ആഗ്രഹിക്കുന്നു. എനിക്ക് കരയാൻ കഴിയുന്ന എന്തെങ്കിലും ഉണ്ടെങ്കിൽ, പിന്നെ ഞാൻ കരയും. ഞാൻ ഉച്ചത്തിൽ നിലവിളിക്കും, അത് പൌലോസിനെ കാണുമ്പോഴായിരിക്കും.

> വിശുദ്ധ പൗലോസിനെ കാണുക, ആ മഹാനായ അപ്പോസ്തലൻ,
> അവൻ്റെ വസ്ത്രം ശോഭയുള്ളതും മനോഹരവുമാക്കിക്കൊണ്ട്;
> അവിടെ കുറച്ചു ഒച്ച വെക്കൽ ഉണ്ടാകുമെന്ന് എനിക്ക് ഉറപ്പാകുന്നു
> നമ്മൾ എല്ലാവരും അവിടെ എത്തുമ്പോൾ. (നിങ്ങൾ ഉണ്ടാകില്ലേ?)

172 ഇപ്പോൾ:

> *...ദൈവത്തിൻറെ ആലോചന ഒട്ടും മറെച്ചുവെക്കാതെ... ഞാൻ മുഴുവനും അറിയിച്ചുതന്നിരിക്കുന്നുവല്ലോ.*

173 അതു ശരിയാണോ? ഇപ്പോൾ, ക്രിസ്ത്യാനികളേ, ഈ രീതിയിൽ നോക്കു; നിങ്ങളോട് ചില കാര്യങ്ങൾ ചോദിക്കാൻ ആഗ്രഹിക്കുന്നു. ആരായിരുന്നു യേശുക്രിസ്തുവിൻ്റെ നാമത്തിൽ അല്ലാതെ മറ്റൊരു മാർഗ്ഗത്തിൽ സ്നാനമേറ്റ ജനങ്ങളോട് വന്ന് വീണ്ടും സ്നാനം ഏൽക്കുക എന്ന് ആജ്ഞാപിച്ചത്? [സഭ പറയുന്നു, "പൌലോസ്."—Ed.] അവൻ മുഴുവൻ ആലോചനയും പ്രസംഗിച്ചു. അതു ശരിയാണോ? ഓ? പിന്നെ പൌലോസ് എന്താണ് പറഞ്ഞത്...ഞാൻ വിശ്വസിക്കുന്നത്...ഇത് തെസ്സലോനിക്യർ ഒന്നാം അധ്യായവും എട്ടാം വാക്യവും ആണോ എന്ന് എനിക്ക് ഇപ്പോൾ ഉറപ്പില്ല. "ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽനിന്നു ഒരു

ദൂതനാകട്ടെ നിങ്ങളോട്ടു സുവിശേഷം അറിയിച്ചാൽ, എന്നാൽ ഞങ്ങൾ നിങ്ങളോട്ടു അറിയിച്ചിതിന്നു വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽനിന്നു ഒരു ദൂതനാകട്ടെ" (ജനങ്ങളോട് യേശുക്രിസ്തുവിൻ്റെ നാമത്തിൽ വീണ്ടും സ്നാനം ഏൽക്കാൻ കൽപ്പിക്കുന്നതിനേക്കാൾ, അതാണ് പൗലോസ് പ്രസംഗിച്ച സുവിശേഷം)..."സ്വർഗ്ഗത്തിൽനിന്നു ഒരു ദൂതനാകട്ടെ" (ഒരു... ഒരു ബിഷപ്പോ, അല്ലെങ്കിൽ ഒരു കർദ്ദിനാളോ ചെയ്യതിരിക്കട്ടെ, അല്ലെങ്കിൽ ഒരു പൊതു മേൽവിചാരകൻ, അല്ലെങ്കിൽ ഒരു ഇടയൻ, അല്ലെങ്കിൽ—അല്ലെങ്കിൽ എന്തെങ്കിലും)..."സ്വർഗ്ഗത്തിൽനിന്നു ഒരു ദൂതനാകട്ടെ നിങ്ങളോട്ടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ." അത് ശരിയാണ്. അതു ശരിയല്ലേ? അവൻ എന്താണ് പറഞ്ഞത്, അത് ഗലാത്യർ 1:8 ആകുന്നു. ഞാൻ അതിനെക്കുറിച്ച് ചിന്തിക്കാൻ ഇടയായി. ശരി, ഗലാത്യർ 1:8, നിങ്ങൾക്ക് അത് കുറിച്ചെടുക്കാൻ താൽപ്പര്യമുണ്ടെങ്കിൽ, പൗലോസ് എന്താണ് പറഞ്ഞതെന്ന് കാണുക.

174 ഇപ്പോൾ അദ്ദേഹം ഇവിടെ പറയുന്നു...ഇപ്പോൾ 27 ആകുന്നു, അത് 27-ആം വാക്യമാകുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു:

> *ദൈവത്തിൻറെ ആലോചന* ഒട്ടും *മറെച്ചുവെക്കാതെ... ഞാൻ* മുഴുവനും *അറിയിച്ചുതന്നിരിക്കുന്നുവല്ലോ.*

175 ഇപ്പോൾ ഇത് എന്താണെന്ന് കേൾക്കുക...ഇതൊരു പ്രവചനമാണ്:

> *നിങ്ങളെത്തന്നേയും, പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷരാക്കിവെച്ച...ആട്ടിൻ കൂട്ടം മുഴുവനെയും... സൂക്ഷിച്ചുകൊൾവിൻ. താൻ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന, ദൈവത്തിൻറെ* സഭയെ *മേയ്പ്പാൻ ആകുന്നു.*

176 ആരാണ് വിലക്ക് വാങ്ങിയത്? അത് ആരുടെ രക്തമായിരുന്നു? അത് ദൈവത്തിൻ്റെ രക്തമായിരുന്നു എന്ന് വേദപുസ്തകം പറയുന്നു. ദൈവം, തൻറെ സ്വന്തം രക്തം കൊണ്ട് വാങ്ങിയതാകുന്നു. അതു ശരിയാണോ?

> *...നിങ്ങളെത്തന്നേയും,* താൻ *സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിൻറെ സഭയെയും മേയ്പിൻ,*

177 നാം ദൈവത്തിൻ്റെ രക്തത്താൽ രക്ഷിക്കപ്പെട്ടിരിക്കുന്നുവെന്ന് തിരുവെഴുത്തു പറയുന്നു. അത് നിങ്ങൾക്കറിയാമോ? തീർച്ചയായും, അത് ആകുന്നു. ശരി:

*...താൻ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്നതാകുന്നു.*

*ഞാൻ പോയ ശേഷം ആട്ടിൻ കൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും എന്നു ഞാൻ അറിയുന്നു.*

*നിങ്ങളെത്തന്നേയും...*(ശ്രദ്ധിക്കുക, ആ മനുഷ്യന് അതിൽ കൂടെ താഴേക്ക് നോക്കിയിട്ടു ആ കാര്യം വരുന്നതായി കാണാൻ കഴിഞ്ഞിരുന്നു.) *...ശിഷ്യന്മാരെ തങ്ങളുടെ* പിന്നാലെ, *വലിച്ചുകളവാനായി വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ, നിങ്ങളുടെ ഇടയിൽ നിന്നും എഴുന്നേല്ക്കും.*

178 [ടേപ്പിൽ ശൂന്യമായ സ്ഥലം—Ed.] വർഷങ്ങൾക്ക് ശേഷം അവൻ...അല്ലെങ്കിൽ ഒരു സംഘടന ഉണ്ടാക്കാൻ ആഗ്രഹിക്കുന്ന ഒരു കൂട്ടം മനുഷ്യർ എടുക്കുകയും—പവിത്രതയും പരിശുദ്ധാത്മാവും സഭയിൽ നിന്ന് എടുത്തു മാറ്റുകയും, അതിനെ ബിഷപ്പുമാരുടേയും മാർപ്പാപ്പമാരുടേയും പുരോഹിതന്മാരുടേയും മേൽ ഇടുകയും, അത്...അവർ വിശുദ്ധരായിരിക്കുകയും, സഭ ഏതു രീതിയിലും ജീവിക്കുകയും—അവർ ആഗ്രഹിക്കുന്ന രീതിയിൽ ആകുന്നു. അവർ പുരോഹിതന്മാർക്ക് പണം നൽകുകയും അവൻ അവരെ നരകത്തിൽ നിന്ന് രക്ഷിക്കാൻ പ്രാർത്ഥിക്കുകയും, അങ്ങനെ എല്ലാക്കാര്യങ്ങളും അതുപോലെ ആകുന്നു. അതൊരു നിക്കോലാവ്യ ഉപദേശമാകുന്നു! ദൈവം പറഞ്ഞു, "അതു ഞാനും പകെക്കുന്നു!" ഇപ്പോൾ ശ്രദ്ധിക്കുക.

"ഞാൻ നോക്കട്ടെ, നിങ്ങൾ പറയുന്നു, 'അവൻ അത് പകെക്കുന്നു എന്ന് ദൈവം പറഞ്ഞോ?"

179 അവൻ അത് ചെയ്തോ എന്ന് നോക്കാം:

*എങ്കിലും നിക്കൊലാവ്യരുടെ നടപ്പു* നീ, *പകെക്കുന്നു എന്നൊരു നന്മ നിനക്കുണ്ടു, അതു ഞാനും പകെക്കുന്നു.*

180 ദൈവം ഒരു സംഘടനയെ വെറുക്കുന്നു. അതു ശരിയല്ലേ? അവർ എന്താണ് ചെയ്യാൻ പോകുന്നതെന്ന് ഇപ്പോൾ നിങ്ങൾ കൃത്യമായി കാണുന്നു, അവർ എന്താണ് ചെയ്തതെന്നും നിങ്ങൾ കാണുന്നു. ഇപ്പോൾ അവർ അത് ചെയ്യുന്നില്ലെങ്കിൽ കടന്നുപോയ കാലങ്ങളിലൂടെ നോക്കുക. അവൻ ഒരു സംഘടനയെ വെറുക്കുന്നു!

*ആത്മാവു സഭകളോടു* പറയുന്നതു *എന്തെന്നു, ചെവിയുള്ളവൻ കേൾക്കട്ടെ;...*

181 ഇപ്പോൾ, പൌലോസിൻറെ *ചെന്നായ്ക്കൾ* മാറി "നിക്കോലാവ്യരായിരിക്കുന്നു." അവർ ലേവ്യരുടെ

പൗരോഹിത്യം പോലെയുള്ള ഒരു പൗരോഹിത്യം രൂപീകരിക്കാൻ ശ്രമിക്കുകയായിരുന്നു, പുതിയ നിയമ ഉപദേശത്തിന് യോജിക്കാത്തതായിരുന്നു. ആമേൻ! ഈ വാക്കായ *നിക്കാവോ*, അത് യവന ഭാഷയിലെ വാക്കായ *നിക്കാവോ* അർത്ഥമാക്കുന്നത് ആകുന്നു "പിടിച്ചടക്കുക, ജയം പ്രാപിക്കൽ." എന്താണ് ജയം പ്രാപിക്കുക? സാമാന്യ ജനങ്ങളും പരിശുദ്ധാത്മാവും ആകുന്നു. സഭയിലെ വിശ്വാസികൾക്കിടയിൽ നിന്നും അടയാളങ്ങളും അത്ഭുതങ്ങളും നടത്തുന്ന ഉയിർത്തെഴുന്നേറ്റ കർത്താവായ യേശുവിനെ പുറത്താക്കുക. എന്നിട്ട് ഒരു മാർപാപ്പയെ അല്ലെങ്കിൽ ഒരു കർദ്ദിനാളിനെ ആകാൻ വോട്ട് ചെയ്ത് മനുഷ്യരെ ഇടുന്നു, അല്ലെങ്കിൽ ഒരു മേൽവിചാരകൻ പരിശുദ്ധാത്മാവിനെ സാധാരണക്കാരിൽ നിന്ന് അകറ്റാനും മനുഷ്യരുടെ വിശുദ്ധ ക്രമം എന്ന് വിളിക്കപ്പെടുന്ന ഒരു കൽപ്പന നൽകാനും ശ്രമിക്കുന്നു. അവരെ സാധാരണ ജനങ്ങളുടെ *മേൽ* സ്ഥാപിക്കുകയും, അവരെ *പാസ്റ്റർമാർ* എന്ന് വിളിക്കാൻ ഇടയാക്കാതെ അതിൻറെ അർത്ഥം "ഇടയന്മാർ," എന്നാൽ *പിതാവാകുന്നു*, അതിനെപ്പറ്റി യേശു പറഞ്ഞത്, "ഈ ഭൂമിയിൽ ആരെയും *പിതാവ്* എന്ന് വിളിക്കരുത്." ആ ദുഷ്ടകാര്യം കണ്ടോ? എങ്കിൽ നമ്മൾ എന്താണ് ചെയ്യുക?

182 ഓ, നമുക്ക് നിർത്താൻ കഴിയുമെങ്കിൽ! ഈ രാത്രികളെല്ലാം ഇതുപോലെ കുട്ടിക്കെട്ടിയിരുന്നില്ലെങ്കിൽ, വെളിപാടിൻ്റെ 12 ആം അധ്യായത്തിൽ നിന്നും നാളെ രാത്രി എടുക്കാൻ ഞാൻ ആഗ്രഹിക്കുന്നു അവിടെ ആ പഴയ വേശ്യയായ സ്ത്രീ അവിടെ ഒരുങ്ങി ഇരിക്കുന്നത് കാണാം, മഹാ വേശ്യ. അവളും...അവൾ പരസംഗം ചെയ്തതുകൊണ്ടാണ് അവൾ ആകാൻ കാരണം... ദൈവത്തോടൊപ്പം, സ്വയം ഒരു വിധവ എന്നു വിളിച്ചു. അവൾ വേശ്യകളുടെ മാതാവും ആയിരുന്നു. അതു ശരിയാണോ? ഇപ്പോൾ, അത് റോം ആയിരുന്നുവെന്ന് നമുക്കറിയാം, കാരണം അവൾ ഏഴ് കുന്നുകൾക്ക് മുകളിലായിരുന്നു, എല്ലാം കൃത്യമാകുന്നു, അതിലെ ഒരു മനുഷ്യൻ മൃഗത്തിൻ്റെ സംഖ്യയും മറ്റുകാര്യങ്ങളും ആയിരുന്നു. നമ്മുടെ മുൻ പഠിപ്പിക്കലുകളിൽ നിന്ന് അത് ആരായിരുന്നുവെന്ന്, നമുക്കെല്ലാവർക്കും അറിയാം. എന്നാൽ സങ്കടകരമായ കാര്യം, അവൾ വേശ്യകളുടെ മാതാവായിരുന്നു. ക്രിസ്ത്യാനികൾ എന്ന് വിളിക്കപ്പെടുന്ന ഒരു കൂട്ടം ക്രിസ്ത്യാനികളായി റോമിൽ ആരംഭിക്കുന്ന അവളുടെ തുടക്കം ഇതാണ്.

183 കേൾക്കു! അത് യാഥാർത്ഥ്യമാക്കാൻ ദൈവം എന്നെ സഹായിക്കട്ടെ! ഇതുപോലൊരു സഭയിൽ ഒരു കൂട്ടം ക്രിസ്ത്യാനികൾ.

അവർ ഔപചാരികമായി, നിസ്സംഗരായി, പിൻവാങ്ങി, സ്വയം ഒരു സംഘടന സ്ഥാപിച്ചു. എന്നിട്ട് അത് ഇരുണ്ട യുഗത്തിൽ ഭരണകൂടവുമായി ഒന്നിച്ചു. പിന്നെ ഭരണകൂടവും സഭയും ഒന്നായി മാറിയത് എന്താണ്? ക്രിസ്തീയ സഭ, "വിശുദ്ധ കത്തോലിക്കാ സഭ" അതിനെ വിളിച്ചിരുന്നു, ഈ വാക്കായ (ഈ വാക്കായ *കത്തോലിക്ക* എന്നതിൻറെ അർത്ഥം, "സാർവത്രികമായ"), "മഹത്തായ സാർവത്രിക ക്രിസ്തീയ സഭ." അന്യഭാഷകളിൽ സംസാരിക്കുകയും നിലവിളിക്കുകയും രോഗികളെ സുഖപ്പെടുത്തുകയും മറ്റും ചെയ്യുന്നവരെ ജനങ്ങൾ വിളിച്ചിരുന്നു. "പാഷണ്ഡികൾ." ഒടുവിൽ ആ വഴിക്ക് ആരാധന നടത്തുന്നവരെ പിടികൂടി സിംഹക്കൂട്ടിലേക്ക് വലിച്ചെറിയുന്നതുവരെ അത് വളരെ ബുദ്ധിമുട്ടുണ്ടാക്കി. അവർ കത്തോലിക്കാ മതം സ്വീകരിക്കുന്നില്ലെങ്കിൽ. ആ പീഡനത്തിൻ്റെ നൂറുകണക്കിനു വർഷങ്ങൾ പിന്നോട്ട് പോയി. എന്നാൽ ആ സഭ ഒരിക്കലും മരിച്ചിട്ടില്ല. നിങ്ങൾക്ക് അതിനെ കൊല്ലാൻ കഴിയില്ല. അത് അവസാനം വരെ ജീവിക്കുമെന്നും പിന്നീട് അതിന് ജീവകിരീടം നൽകുമെന്നും ദൈവം പറഞ്ഞു. പീഡനത്തിൻ്റെ ആ യുഗങ്ങളിലൂടെ ഇറങ്ങിവരിക.

184 പിന്നീട് യുഗം തുടരാൻ മാർട്ടിൻ ലൂഥർ വരികയും അദ്ദേഹം സഭയെ ന്യായീകരിക്കുകയും ചെയ്തു. ലൂഥർ മരിച്ചപ്പോൾ എന്താണ് സംഭവിച്ചത്? അവർ അത് സംഘടിപ്പിച്ചു, അതിനെ ഒരു ലൂഥറൻ പള്ളിയാക്കി; അവർക്ക് ഒരു സിദ്ധാന്തം ലഭിച്ചു. അവർ അത് സംഘടിപ്പിച്ചപ്പോൾ, അവർ എന്താണ് ചെയ്തത്? വീണ്ടും റോമാക്കാരുടെ മത സിദ്ധാന്തത്തിലേക്ക് ഒരു ജന്മം നൽകുക. കൃത്യം ശരിയാണ്.

185 അപ്പോൾ പരിശുദ്ധാത്മാവ് അതിൽ നിന്ന് മാറി, വെസ്ലി അത് കണ്ടു. ഒപ്പം വെസ്ലി, വിറ്റ്ഫീൽഡ്, ജോർജ്ജ് വിറ്റ്ഫീൽഡ്, കൂടാതെ മറ്റ പലരും—അസ്ബറി, അവരിൽ പലരും വലിയ നവോത്ഥാനവാദികളായിരുന്നു. അവർ അന്ന് ലോകത്തെ രക്ഷിച്ചു. ഇംഗ്ലണ്ടിനെയും അമേരിക്കയെയും രക്ഷിച്ച ആ ഫിലാഡൽഫിയൻ യുഗത്തിൽ അവർക്ക് ഒരു പുനർജ്ജീവനമുണ്ടായി. അവരെ പുറത്താക്കി വിളിക്കുന്ന യോഗങ്ങൾ ഉണ്ടായിരുന്നു "വിശുദ്ധ-ഉരുളുകാർ." നിങ്ങൾ മെഥഡിസ്റ്റ് ആയിരുന്നു, അത് ചെയ്തു; അവർ ദൈവത്തിൻ്റെ ശക്തിയിൽ തറയിൽ വീഴുന്നു, അവർ അവരുടെ മുഖത്ത് വെള്ളം ഒഴിച്ച് അവരുടെ മേൽ കാറ്റടിച്ചു. അത് ശരിയാണ്. അവർ അതിനടിയിൽ വളരെ ശക്തമായി കുതിച്ചു, അവർ എത്തുന്നതുവരെ...അവർ പറഞ്ഞു അത് വരെ "അവർക്ക്

വിറയൽ ഉണ്ടായിരുന്നു." പരിശുദ്ധാത്മാവിൻ്റെ ശക്തിയാൽ ജനങ്ങൾ കുലുങ്ങുകയും ഇളകുകയും ചെയ്യുമായിരുന്നു. അതാണ് മെഥഡിസ്റ്റ് ചരിത്രം. അവിടെ നിന്ന് കള്ളവൈദ്യന്മാർ മറ്റും വരുന്നു; ഇപ്പോൾ അവർ അത് സംഘടിപ്പിച്ചു.

186 അവർ *ഈ* മെഥഡിസ്റ്റം, പ്രാകൃത മെഥഡിസ്റ്റം, ഇത്തരത്തിലുള്ള *ഈ* മെഥഡിസ്റ്റം, അത്തരത്തിലുള്ള *ഒരു* മെഥഡിസ്റ്റം ഉണ്ടാക്കി, മെഥഡിസ്റ്റ് ആളുകൾ എടുക്കാൻ ആഗ്രഹിക്കുന്നത് വരെ അത് വളരെ താഴ്ന്ന നിലയിലാകുന്നതുവരെ "രക്തം" അവരുടെ പാട്ടുപുസ്തകങ്ങളിൽ നിന്ന്.

187 ഇവിടെ കഴിഞ്ഞ ദിവസം രാത്രി ഒരു ടെലിവിഷൻ പരിപാടിയിൽ (എൻ്റെ അമ്മ എന്നെ വിളിച്ചിരുന്നു.) അവർക്ക് ഇവിടെ ഇന്ത്യാനയിൽ പള്ളിയിൽ റോക്ക് ആൻഡ് റോൾ പഠിപ്പിക്കുന്ന ഒരു മെഥഡിസ്റ്റ് പാസ്റ്റർ ഉണ്ടായിരുന്നു. പറഞ്ഞു, "പള്ളിയിൽ കയറുന്ന ഈ മനോഹരമായ കല കാണാതെ പോയത് ലജ്ജാകരമാണ്."

188 അതാണ് കള്ളപ്രവാചകനിലെ പിശാച്! ശരിയാണ്! നിങ്ങളുടെ വികാരങ്ങളെ വ്രണപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല, സഹോദരാ, അതാണ് ദൈവത്തിൻ്റെ സത്യം. ഈ രീതിയിൽ നിങ്ങളെ അൽപ്പം ദേഷ്യം പിടിപ്പിച്ച് തിരുവെഴുത്ത് പഠിക്കാൻ ഞാൻ ആഗ്രഹിക്കുന്നു, അവസാനം നഷ്ടപ്പെടുന്നതിനേക്കാൾ ദൈവവുമായി ശരിയായിരിക്കാം. നിങ്ങൾക്ക് ഇപ്പോൾ എന്നെ ഇഷ്ടമായേക്കില്ല, പക്ഷേ എന്നെങ്കിലും നിങ്ങൾ എൻ്റെ ചുറ്റും കൈ വയ്ക്കും, പറയുക, "സഹോദരൻ ബ്രാൻഹാം, അതാണ് സത്യം." അത് ഇവിടെ തന്നെയുണ്ട്, അവർ അതിലേക്ക് പോകുന്നു. അവിടെയാണ് അവർ...അത് അവിടെ തന്നെയുണ്ട്. അവർ അങ്ങനെ ചെയ്യുമെന്ന് തിരുവെഴുത്ത് പറയുന്നു.

189 അതിനുശേഷം വെസ്ലിയിൽ നിന്നും, വെസ്ലി അത് ചെയ്തെങ്കിൽ, പിന്നെ പെന്തക്കോസ്തുകാരും അതോടൊപ്പം വരുന്നു. അവർ കൃപാവരങ്ങൾ യഥാസ്ഥാനത്താക്കി, അന്യഭാഷകളിൽ സംസാരിക്കാനും, പരിശുദ്ധാത്മാവിൻ്റെ സ്നാനം തുടങ്ങുകയും ചെയ്തു.

190 ഒരു ധാന്യമണി നിലത്തുനിന്നും ഉയർന്നുവരുന്നത് പോലെയാകുന്നു. ആദ്യത്തെ കാര്യം, അത് ചീഞ്ഞഴുകിപ്പോകുന്നു. അതിൽ നിന്നും അത് ഒരു ജോടി ഇതളുകൾ പുറപ്പെടുവിക്കുന്നു. അതിനുശേഷം അത്...നിങ്ങൾക്ക് ഒരു ധാന്യ മണിയുടെ നിലം കിട്ടുന്നു, എന്ന് നിങ്ങൾ വിചാരിക്കുന്നു. ആ ഇതളുകൾ വളർന്ന് ഒരു തൊങ്ങൽ ഉത്പാദിപ്പിക്കുന്നു. ഇത് ആദ്യം, ലൂഥറൻ ആയിരുന്നു. തൊങ്ങൽ, എന്തായിരുന്നു? മെഥഡിസ്റ്റ്; പൂമ്പൊടി,

സഹോദരസ്നേഹം ആകുന്നു, സുവിശേഷവൽക്കരണമാകുന്നു, പൂമ്പൊടി മറ്റുള്ളവരിലേക്ക് പോകുന്നു.

191 എന്തിന്, പ്രകൃതി പോലും ഈ സഭായുഗങ്ങൾ അവകാശപ്പെടുന്നു. മെഥഡിസ്റ്റ് ഇരുട്ടിൽ നിന്ന് പുറത്തു വരുന്നു...അല്ലെങ്കിൽ, ലൂഥറൻ ഇരുട്ടിൽ നിന്ന് പുറത്തുവരുന്നു. മെഥഡിസ്റ്റ് അതിൻ്റെ സഹോദര സ്നേഹവും, സുവിശേഷ ദിവസങ്ങളും, കൂടാതെ—ആ ദിവസങ്ങളും അത്—അത് സുവിശേഷ പ്രവർത്തനത്തിൻറെ ദിവസങ്ങളും തട്ടിക്കളയുന്നു. ലോകത്തിലെ ഏറ്റവും വലിയ സുവിശേഷ പ്രവർത്തനങ്ങളുടെ ദിവസങ്ങൾ മെഥഡിസ്റ്റ് കാലമായിരുന്നു. അത് ശരിയാണ്. അതിൻ്റെ പൂമ്പൊടി തട്ടിക്കളയുന്നു.

192 അവിടെ നിന്ന് എന്താണ് സംഭവിച്ചത്? ആ പൂമ്പൊടിയിൽ നിന്ന് ഒരു വിത്ത് മണിയുടെ കതിരു വരുന്നു, അത് പെന്തക്കോസ്തുകാർ ആകുന്നു. ഒരു ധാന്യം.അതിപ്രകാരം ഒന്ന് മണ്ണിലേക്ക് പോയതുപോലെയാകുന്നു. ഒരു ഇതളല്ല, ഒരു തൊങ്ങലല്ല, എന്നാൽ ഒരു ധാന്യം ആകുന്നു. ഇപ്പോൾ ഈ—ഈ പെന്തക്കോസ്തുകാർക്ക് ആ ധാന്യത്തിൽ മുഴുവൻ കുമിളുകൾ ആയിരിക്കുന്നു, അത് വരെ...നിങ്ങൾക്ക് ആ ധാന്യം കാണാൻ പോലും കഴിയില്ല. അത് വൃത്തിയാക്കേണ്ട സമയമായിരിക്കുന്നു! ആമേൻ! അവർ എന്താണ് ചെയ്തത്? മെഥഡിസ്റ്റുകൾ ചെയ്ത അതേ കാര്യം തന്നെ ചെയ്തു. ഒന്ന് അവയെല്ലാം കൂടി ഒരു കൂട്ടമായി സംഘടിപ്പിച്ചു, പറഞ്ഞു, "ഞങ്ങൾ അസംബ്ലീസ് ഓഫ് ഗോഡ് ആകുന്നു." അവരിൽ വേറൊന്ന്, "ഞങ്ങൾ പെന്തക്കോസ്ത് ഹോളിനെസ്സുകാരാകുന്നു." അവരിൽ മറ്റൊന്ന്, "ഞങ്ങൾ വൺനെസ്സുകാരാകുന്നു." "ഞങ്ങൾ ടുനെസ്സുകാരാകുന്നു." കൂടാതെ—അങ്ങനെ വളരെയധികം ഉണ്ടായിരിക്കുകയും *ഇതിൽ*, അവർ ധാരാളം ആയിരിക്കുകയും ആകുന്നു. എൻറെ! പിന്നിൽ ഒരു കൂനുള്ള-ഒട്ടക സവാരിയും, രണ്ടു-കൂനുള്ളതും, മൂന്ന്-കൂനുള്ളതും, അങ്ങനെ എല്ലാമാകുന്നു. ഓ, അവരിൽ തന്നെ അറുപതോ, അല്ലെങ്കിൽ മുപ്പതോ, അല്ലെങ്കിൽ നാൽപ്പതോ വ്യത്യസ്ത സംഘടനകളുണ്ട്.

193 അവർ എന്താണ് ചെയ്തത്? അത് വീണ്ടും റോമാക്കാരുടെ സിദ്ധാന്തത്തിലേക്ക് നേരെ തിരികെ വലിച്ചെറിഞ്ഞു, സ്നാനം റോമൻ കത്തോലിക്കാ സഭയുടെ സ്നാനമേറ്റു. ഞാൻ ഏതൊരു പെന്തക്കോസ്തുകാരനോടും വേദപുസ്തകത്തിൽ ആരെങ്കിലും എവിടെയാണ് സ്നാനം "പിതാവിൻറെയും, പുത്രൻറെയും, പരിശുദ്ധാത്മാവിൻറെയും നാമത്തിൽ എടുത്തിട്ടുള്ളതെന്നു കാണിക്കാൻ ആവശ്യപ്പെടുന്നു." ഞാൻ ഏതൊരു ബിഷപ്പിനോടും,

കർദ്ടിനാളോടും, ഏതെങ്കിലും ഉപദേഷ്ടാവിനോടും, കത്തോലിക്കാ സഭയ്ക്ക് പുറത്ത് എപ്പോഴെങ്കിലും ഇത് എവിടെയാണ് ചെയ്തിട്ടുള്ളതെന്ന് കാണിക്കാൻ ആവശ്യപ്പെടുന്നു. ലൂഥർ അത് തന്നോടൊപ്പം കൊണ്ടുവന്നു, അവൻ മതബോധനവും അതിൽ നിന്ന് മറ്റെല്ലാം കൊണ്ടുവന്നു. മെഥഡിസ്റ്റുകാർ അതുമായി തുടർന്നു. പെന്തക്കോസ്തുകാരേ, നിങ്ങൾ ലജ്ജിക്കണം! വൃത്തിയാക്കുക! തിരികെ വചനത്തിലേക്ക് മടങ്ങുക! മാനസാന്തരപ്പെടുക അല്ലെങ്കിൽ ദൈവം നിങ്ങളിൽ നിന്നും ആ വിളക്ക് എടുത്തു കളയും, അത് നിങ്ങൾക്ക് ലഭിച്ച വെളിച്ചം ആകുന്നു. ആമേൻ! ശരി.

194 പരിശുദ്ധാത്മാവിനെ നായകത്വത്തിൽ നിന്നും എടുത്ത് കളഞ്ഞിട്ട്, അവർക്ക് മനുഷ്യ നിർമ്മിതമായ ഒരു വിശുദ്ധ ക്രമം നൽകുക, എന്നിട്ട് അതിനെ സാധാരണക്കാരുടെ മേൽ സ്ഥാപിക്കുക. പിന്നെ അവരെ “പാസ്റ്ററെന്നും, ഇടയന്മാരെന്നും വിളിക്കരുത്,” (നമ്മൾ *പാസ്റ്റർമാർ* എന്ന് വിളിക്കാൻ സങ്കല്പ്പിക്കപ്പെട്ടിരിക്കുന്നു, “ഇടയൻ,” ആ വാക്ക് *പാസ്റ്റർ* എന്ന് അർത്ഥമാക്കുന്നു.) എന്നാൽ പകരം “പിതാവ്, കർദ്ദിനാൾ, ആർച്ച് ബിഷപ്പ് അല്ലെങ്കിൽ പൊതുമേൽ വിചാരകൻ ആകുന്നു.” സത്യ വിശ്വാസികൾ ഈ കാര്യം വെറുത്തിരുന്നു! ദൈവം അവർക്കായി അത് അംഗീകരിച്ചു, എന്നിട്ട് പറഞ്ഞു, “ഞാനും വെറുക്കുന്നു!” കാരണം, അവൻ പൊതു മേൽ വിചാരകനും, ആർച്ച് ബിഷപ്പും, മാർപാപ്പയും ആയിരിക്കണം അവൻ ഓരോ വ്യക്തിയുമായി പ്രവർത്തിക്കുന്നു; ഒരു സംഘടനയുമായിട്ടല്ല, ഒരു വ്യക്തിയുമായിട്ടാകുന്നു.

195 ഇപ്പോൾ, വിചിത്രമായിരിക്കുന്നു...ശ്രദ്ധിക്കുക, നാമിപ്പോൾ സമാപിക്കുകയാണ്. നമ്മുടെ പക്കൽ ഒരു വാക്യം കൂടി ഉണ്ട്.

196 ഇവിടെ നമുക്ക് കത്തോലിക്കാ മതത്തിൻ്റെ ആരംഭമായ ഉപദേശങ്ങളും, അപ്പോസ്തോലിക പിന്തുടർച്ചയുടെ സിദ്ധാന്തമുണ്ട്. അത് എത്ര പേർക്ക് അറിയാം? അപ്പസ്തോലികം. ഇപ്പോൾ കത്തോലിക്കർ പറയുന്നു അതായത് “ഇന്ന് മാർപാപ്പ പത്രോസിൻ്റെ പിൻഗാമിയാകുന്നു, അപ്പസ്തോലിക പിന്തുടർച്ചയാകുന്നു.” അങ്ങനെ യാതൊരു കാര്യവും ഇല്ല. നിങ്ങളുടെ ജഡികവും ലൈംഗികവുമായ ആഗ്രഹം...എശാവും യാക്കോബും രണ്ടുപേരും ഒരു വിശുദ്ധ പിതാവിനും ഒരു വിശുദ്ധ മാതാവിനും ജനിച്ചത് എങ്ങനെയാണ്? അവരിൽ ഒരാൾ ക്രിസ്ത്യാനിയും മറ്റേയാൾ പിശാചും ആയിരുന്നില്ലേ? ഊ-ഹും. അതെങ്ങനെ കഴിയും? കാരണം പാപം പാപമാണ്, ലൈംഗികത ലൈംഗികതയാണ്, എന്നാൽ ദൈവം ജന്മം നൽകുന്നു.

197 ലോകസ്ഥാപനത്തിന് മുമ്പേ ദൈവം നമ്മെ തിരഞ്ഞെടുക്കുന്നു.

അത് നിങ്ങൾക്കറിയാമോ? ഈ ചരിത്രകാരന്മാരെ വായിക്കുന്നത് വരെ കാത്തിരിക്കുക, എപ്രകാരം ഐറേനിയസ് അത് ശ്രദ്ധിക്കുക... ലോകസ്ഥാപനത്തിന് മുമ്പ് തന്നെ തിരഞ്ഞെടുത്തതിന് അവൻ ദൈവത്തെ എപ്രകാരം സ്തുതിക്കുന്നു; എപ്രകാരം വിശുദ്ധ മാർട്ടിനും മറ്റുള്ള എല്ലാവരും, അവനെ സ്തുതിക്കുന്നു; ദൈവമേ, നിനക്ക് സ്തുതി. പറഞ്ഞു, "കാരണം..." അവനെക്കുറിച്ച് ജനങ്ങൾ സംസാരിച്ചുകൊണ്ട്, പറഞ്ഞു, "ലോക സ്ഥാപനത്തിനുമുമ്പേ അവൻ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു." അത് തിരുവെഴുത്താകുന്നു. ആ സഹോദരന്മാർ ദൈവത്തോടൊപ്പം അണിനിരന്നു. എന്നാൽ ഈ പഴയ കറുത്ത പള്ളി അവരിൽ കൂടി കടന്നുവരുന്നത് വെറും ആയിരത്തി അഞ്ഞൂറ് വർഷത്തെ ഇരുണ്ട യുഗത്തിലൂടെയാണ്. ഒരു വിളക്ക് പുകയുന്നതുപോലെ, ആ മുഴുവൻ കാര്യങ്ങളും അഴുക്കാക്കിക്കൊണ്ട്, വെളിച്ചത്തെ അന്ധമാക്കിക്കളഞ്ഞു. "എന്നാൽ സന്ധ്യാ സമയത്തോ വെളിച്ചമായിരിക്കും," കർത്താവ് ഇപ്രകാരം പറഞ്ഞു.

198 അപ്പസ്തോലിക പിന്തുടർച്ച, ഒന്നിനുപുറകെ ഒന്നായി വന്നു; ഒരു മാർപാപ്പ, നിങ്ങൾ ഒരു മാർപ്പാപ്പയാകുന്നതിന് മുമ്പ് നിങ്ങൾ മാർപ്പാപ്പമാരുടെ പരമ്പരയിൽ ആയിരിക്കണം. ഓ, എൻ്റെ, എൻ്റെ! അത് അസംബന്ധമാണ്. ഈ—സാധാരണക്കാർ... വിശുദ്ധനും നീതിമാനും അല്ല, എന്നാൽ...അത്...അത്—അത് പുരോഹിതന്മാർ അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരുടെ പാപങ്ങളിൽ നിന്ന് അവരെ കരകയറ്റുകയും ചെയ്യട്ടെ. അവരുടെ പാപങ്ങൾ ക്ഷമിക്കുന്നു, ഒരു ഏറ്റുപറച്ചിലിന് വേണ്ടി പണം നൽകുന്നു.

199 പ്രൊട്ടസ്റ്റൻ്റുകാരും അതുതന്നെ ചെയ്യുന്നു! അവർ ശ്രമിക്കുന്നത്...അവരുടെ പാസ്റ്ററെ തോളത്തു തട്ടി ബാക്കിയുള്ള ലോകം ജീവിക്കുന്നത് പോലെ ജീവിക്കുക. അത് മാത്രമല്ല, ദൈവത്തെക്കുറിച്ച് അവനേക്കാൾ കൂടുതൽ ഒന്നും അറിയില്ല... അവരെ അവൻ്റെ സഭയിൽ നിൽക്കാൻ അനുവദിക്കുകയും അവരെ തൻ്റെ സഭയിലെ അംഗങ്ങൾ എന്ന് വിളിക്കുകയും ചെയ്യുന്നു, അവരെ അവിടെ തന്നെ നിൽക്കാൻ അനുവദിക്കുകയും അവർ രക്ഷിക്കപ്പെട്ടു എന്ന് അവരോട് പ്രഖ്യാപിക്കുകയും ചെയ്യുന്നു. അവർ വീണ്ടും ജനിച്ചില്ലെങ്കിൽ ആ ദിവസം അവർ ഇപ്രകാരം നിരാശരാകപ്പെടും! പരിശുദ്ധാത്മാവ് ഇല്ലാതെ നിങ്ങൾ നഷ്ടപ്പെട്ടവരാകുന്നു. ഒരു മനുഷ്യനും പറയാൻ കഴിയില്ല, "യേശു ക്രിസ്തുവാകുന്നു," പരിശുദ്ധാത്മാവിനാൽ മാത്രം.

200 ഈ മിനുക്കിയ ബൗദ്ധിക പ്രസംഗങ്ങളാൽ എഫെസസിലെ

യഥാർത്ഥ സഭ വഞ്ചിക്കപ്പെട്ടില്ല. അവൻ...അവർ അത് വെറുത്തു. അവർ വഞ്ചിക്കപ്പെട്ടിട്ടില്ല, അവർക്കറിയാം; യഥാർത്ഥ സഭ ആയിരുന്നില്ല.

201 ദൈവവചനത്തോട് സഹകരിക്കാത്ത നിക്കോലാവ്യർ എന്ന് വിളിക്കപ്പെടുന്ന ഈ കൂട്ടാളികൾക്ക് ഉണ്ടായിരുന്ന തെറ്റായ വെളിപ്പെടുത്തൽ ആയിരുന്നു. നിങ്ങൾ എവിടെ കണ്ടാലും പറയൂ "കുമ്പസാരത്തിൽ ഒരു വൈദികൻ" ഇവിടെ ബൈബിളിൽ പഠിപ്പിച്ചു. നിങ്ങൾ എപ്പോഴെങ്കിലും എവിടെയാണ് കാണുന്നത് "തളിക്കുന്നു" പാപമോചനത്തിനായി ഇവിടെ ബൈബിളിൽ പഠിപ്പിച്ചിട്ടുണ്ടോ? എന്ന പേരിൽ സ്നാനമേറ്റവരെ എവിടെയാണ് നിങ്ങൾ കാണുന്നത് "പിതാവും പുത്രനും പരിശുദ്ധാത്മാവും" നിൻ്റെ പാപമോചനത്തിനുവേണ്ടിയോ? നിങ്ങൾ ഇത് എവിടെയാണ് കണ്ടത്, "കൂട്ടായ്മയുടെ വലംകൈ നൽകി, അവരുടെ പേര് പള്ളി പുസ്തകത്തിൽ ഇടുന്നു" അവിടെ? ഈ സാധനങ്ങളെല്ലാം നിങ്ങൾ എപ്പോഴെങ്കിലും എവിടെയാണ് കാണുന്നത്? എന്താണിത്? അതൊരു പൗരോഹിത്യമാണ് അല്ലെങ്കിൽ ഒരു—വചനം ശരിയല്ലാത്ത ഒരു പുരോഹിതൻ, അവർ നിക്കോലാവ്യർ ആകുന്നു, ദൈവം പറഞ്ഞു." ഞാൻ അവരെ വെറുക്കുന്നു!" വചനത്തിലേക്ക് മടങ്ങുക. ഓ, അത്...അത് ശക്തമാണെന്ന് എനിക്കറിയാം, സഹോദരന്മാരേ, പക്ഷേ ഞാൻ—ഒരു—ഞാൻ ഉത്തരവാദിയല്ല; യേശുവിനോട്, അവനോട് കലഹിക്കുക.

202 തെറ്റായ വെളിപ്പെടുത്തൽ, വചനം കൊണ്ടല്ല, മറിച്ച്, അവരെ വിളിച്ചു "കള്ളം പറയുന്നവർ, വ്യാജ അപ്പോസ്തലന്മാർ, വ്യാജ പ്രവാചകന്മാർ." എന്നാൽ യഥാർത്ഥ സഭ വിശുദ്ധ പൗലോസിൻ്റെ യഥാർത്ഥ ഉപദേശവും പരിശുദ്ധാത്മാവിൻ്റെ സ്നാനവും മുറുകെപ്പിടിച്ചു. പൗലോസ് പഠിപ്പിച്ച വചനം പിന്തുടരുകയും സ്ഥിരീകരിക്കുകയും ചെയ്യുന്ന അടയാളങ്ങളോടെ. ആമേൻ! ദൈവം എപ്പോഴെങ്കിലും തളിക്കൽ എന്ന വചനം സ്ഥിരീകരിക്കുമെന്ന് എന്നെ കാണിക്കൂ. ദൈവം എപ്പോഴെങ്കിലും സ്ഥിരീകരിക്കുന്ന സ്ഥലം എന്നെ കാണിക്കൂ, കൂടാതെ അന്യഭാഷകളിലും വലിയ കാര്യങ്ങളിലും സംസാരിക്കുക. എവിടെയെങ്കിലും പാസ്റ്ററുമായി കൈകൊടുത്ത് നിങ്ങളുടെ പേര് പുസ്തകത്തിൽ ഇടുക; ഇപ്പോഴും ചവയ്ക്കുന്നു, പുകവലിക്കുന്നു, മദ്യപിക്കുന്നു, കള്ളം പറയുന്നു, കാർഡ് പാർട്ടികൾ, അൽപ്പം രസിക്കുന്നു, പോകുന്നു...ഓ, കരുണ! അത് ജഡികനാണ്, കള്ളപ്രവാചകൻ, സുഹൃത്ത്. അതെ ശ്രീമാൻ.

203 ദൈവത്തിൻ്റെ വഴി വിശുദ്ധിയാണ്. ക്രിസ്തുവിൻ്റെ

ശരീരത്തിലെ എല്ലാ അവയവങ്ങളും ഇത് അറിയട്ടെ: നിങ്ങൾ ഒരു വിശുദ്ധ ജീവിതം നയിക്കുന്നതുവരെ, ദൈവം നിങ്ങളുടെ ത്യാഗം നിരസിക്കുന്നു. വിശുദ്ധ കരങ്ങളാൽ ബലി അർപ്പിക്കണം. അതാണ്...?...ശരിയാണ്. യാഗം അർപ്പിക്കാൻ വരുന്നതിനു മുമ്പേ മഹാപുരോഹിതൻ, അവൻ വിശുദ്ധനും സമർപ്പിതനും അഭിഷേകം ചെയ്യപ്പെട്ടവനും സുഗന്ധപൂരിതനും എല്ലാം ആയിരിക്കണം, യാഗം അർപ്പിക്കാൻ ദൈവസന്നിധിയിൽ നടക്കാൻ പോലും കഴിയുന്നതിന് മുമ്പ്. അതു ശരിയാണോ? പിന്നെ എങ്ങനെ ഇവിടെ പോയി ചതിക്കാനും മോഷ്ടിക്കാനും ബഹളമുണ്ടാക്കാനും അയൽക്കാരോട് വഴക്കുണ്ടാക്കാനും കഴിയും. മറ്റെല്ലാം, നിങ്ങൾ ചെയ്യുന്ന വഴിയിൽ തുടരുക, എന്നിട്ട് അകത്ത് വന്ന് പറയുക, "ദൈവമേ! യേശുവിനെ സ്തുതിക്കുക! ഹല്ലേലൂയാ!"?

204 ആളുകൾ പറയുന്നു, "അവർ അന്യഭാഷകളിൽ സംസാരിക്കുന്നത് ഞാൻ കാണുന്നു." അതിനർത്ഥം അവർക്ക് പരിശുദ്ധാത്മാവ് ലഭിച്ചു എന്നല്ല. "അവർ നിലവിളിക്കുന്നത് ഞാൻ കേൾക്കുന്നു." അതിനർത്ഥം അവർക്ക് പരിശുദ്ധാത്മാവ് ലഭിച്ചു എന്നല്ല. പരിശുദ്ധാത്മാവാണ് ജീവൻ.

205 ബൈബിൾ പറയുന്നു, "മഴ ഭൂമിയിൽ ഇടയ്ക്കിടെ പെയ്യുന്നു, അതിനെ തയ്യാറാക്കാനാകുന്നു, അത് ഒരുക്കിയ തയ്യാറെടുക്കലിനാകുന്നു," (എബ്രായർ 6) "കൊള്ളരുതാത്തതും ശാപത്തിന്നു അടുത്തതും മുള്ളും പറക്കാരയും ചുട്ടുകളക അത്രേ അതിൻറെ അവസാനം."

206 "നീതിമാന്മാരുടെയും നീതികെട്ടവരുടെയും മേൽ സൂര്യൻ പ്രകാശിക്കുന്നു. നീതിമാന്മാരുടെ മേലും നീതികെട്ടവരുടെ മേലും മഴ പെയ്യുന്നു." ഗോതമ്പ് വിളയുണ്ടാക്കാൻ മഴ വരുന്നു (ഞങ്ങൾ അതിനെ വിളിക്കും), വയലിലെ എല്ലാ കളകളും. ഗോതമ്പിന് ദാഹമുണ്ടെങ്കിൽ കളയ്ക്കും ദാഹമുണ്ട്. അതേ മഴ ഗോതമ്പിനെ നനയ്ക്കുകയും, നനയ്ക്കുകയും—കളകളെയും നനയ്ക്കുന്നു. ആ ചെറിയ ഗോതമ്പ് തലയുയർത്തി ഉച്ചത്തിൽ ആർപ്പ വിളിക്കും, "ദൈവത്തിനു സ്തുതിയായിരിക്കട്ടെ! ഹല്ലേലൂയാ! ഹല്ലേലൂയാ! ഈ മഴ ലഭിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്!" ചെറിയ കളകൾ ഉച്ചത്തിൽ ആർപ്പ വിളിക്കും, "ദൈവത്തിന്നു മഹത്വമുണ്ടാകട്ടെ! ദൈവത്തിന്നു സ്തുതിയായിരിക്കട്ടെ! ഹല്ലേലൂയാ! അത് ലഭിച്ചതിൽ എനിക്ക് സന്തോഷമുണ്ട്."

207 "എന്നാൽ അവരുടെ ഫലങ്ങളാൽ നിങ്ങൾ അവരെ അറിയും." അത് ശരിയാണ്."അവരുടെ ഫലങ്ങളാൽ നിങ്ങൾ അവരെ അറിയും."

208 ഏഴാം വാക്യം, തുടർന്ന് ഞങ്ങൾ അവസാനിപ്പിക്കുകയാണ്, ഇത് സഭാ യുഗത്തിൻ്റെ അവസാനമാണ്. ഇപ്പോൾ ഞങ്ങൾ ഏകദേശം അഞ്ച് നിമിഷം വൈകും, അല്ലെങ്കിൽ പത്ത്, ഒരു നിമിഷം.

> *ആത്മാവു സഭകളോടു പറയുന്നതു ചെവിയുള്ളവൻ കേൾക്കട്ടെ; ജയിക്കുന്നവന്നു ഞാൻ ദൈവത്തിൻ്റെ പറുദീസയുടെ നടുവിലുള്ള ജീവവൃക്ഷത്തിൻ്റെ ഫലം ഭക്ഷിക്കും.*

209 നോക്കൂ, സുഹൃത്തുക്കളേ, നിങ്ങൾ മറികടക്കുന്ന വഴി ഇതാ. ആദ്യം നിങ്ങൾ മറികടക്കണം, പിന്നെ നിങ്ങൾക്ക് ഫലം കഴിക്കാം. അത് ജയിക്കുന്നവനാകുന്നു. കഴിഞ്ഞ രാത്രി ഞങ്ങൾ പഠിപ്പിച്ചത് നിങ്ങൾ ഓർക്കുന്നുണ്ടോ? എന്തെങ്കിലും കാണുന്നതിന് മുമ്പ് യോഹന്നാന് ആത്മാവിൽ പ്രവേശിക്കണമായിരുന്നു. നിങ്ങൾ എങ്ങനെ സജ്ജീകരിക്കുന്നു, പറഞ്ഞുകൊണ്ട്, "അവൻ ബാപ്റ്റിസ്റ്റല്ലെങ്കിൽ, ഞാൻ അവനെ ശ്രദ്ധിക്കാൻ പോകുന്നില്ല"? "അവൻ പ്രെസ്ബിറ്റേറിയനല്ലെങ്കിൽ, ഞാൻ അവനെ ശ്രദ്ധിക്കാൻ പോകുന്നില്ല." "അവൻ എൻ്റെ സഭ പഠിപ്പിക്കുന്നത് കൃത്യമായി പഠിപ്പിക്കുന്നില്ലെങ്കിൽ, ഞാൻ..." നിങ്ങൾ—നിങ്ങൾ—നിങ്ങൾ മറികടക്കാൻ പോകുന്നില്ല, നിങ്ങൾ ഇതുവരെ ആത്മാവിൽ എത്തിയിട്ടില്ല. നിങ്ങൾ എല്ലാം ക്രമരഹിതമാണ്.

210 ആത്മാവിൽ പ്രവേശിക്കൂ, എന്നിട്ട് പറയൂ, "കർത്താവായ യേശുവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു, നിനക്ക് ഉചിതമെന്ന് തോന്നുന്നതെന്തും ഇപ്പോൾ എനിക്ക് വെളിപ്പെടുത്തിതരൂ. അത് എൻ്റെ അടുക്കൽ എന്നിലേക്ക് കൊണ്ടുവരിക." അപ്പോൾ നിങ്ങൾ—അപ്പോൾ നിങ്ങൾക്ക് എല്ലാം ശരിയാകുന്നു. അത് ശരിയാണ്.

211 ശ്രദ്ധിക്കുക, തിരുവെഴുത്ത് മൂന്നു പ്രാവശ്യം സംസാരിക്കുന്നു—ഉല്പത്തിയിലെ ജീവവൃക്ഷത്തെക്കുറിച്ച്, വെളിപാടിൻ്റെ പുസ്തകത്തിലും മൂന്ന് തവണ പറയുന്നു. കഴിഞ്ഞ ദിവസം നമ്മൾ അത് എടുത്തിരുന്നു. ഓർക്കുന്നുണ്ടോ? ഇന്നലെ ഞായറാഴ്ച. ഒരേയൊരു...പിശാച് എല്ലാ തിരുവെഴുത്തുകളേയും വെറുക്കുന്നു, എന്നാൽ അവൻ ഉല്പത്തിയും വെളിപാടും ഏറ്റവും അധികം വെറുക്കുന്നു. അവൻ ഉല്പത്തിയെ ആക്രമിക്കുന്നത് അതിൻ്റെ ആധികാരികത കൊണ്ടാണ്, അത് അങ്ങനെയായിരുന്നില്ല എന്ന് ആളുകളെ വിശ്വസിപ്പിക്കാൻ അവൻ ആഗ്രഹിക്കുന്നു; "ഈ സൃഷ്ടിക്കും വസ്തുവിനും മറ്റെന്തെങ്കിലും കാരണമുണ്ടെന്ന് ദൈവം പറഞ്ഞതുപോലെയല്ല ഉല്പത്തി വന്നത്." എന്നിട്ട് അവൻ അതിനെ ആ രീതിയിൽ ആക്രമിക്കുന്നു. അവൻ ജനങ്ങളെ വെളിപ്പാടിൽ നിന്ന് അകറ്റുന്നു,

കാരണം അത് വെളിപ്പെടുത്തുന്നു: യേശു ദൈവമായിട്ടും, അവൻ പിശാചായിട്ടും ആകുന്നു (അവൻ നശിച്ചുപോകുന്നു) അതോടൊപ്പം വീട്ടിലേക്കു ദൈവത്തിങ്കലേക്കു പോകുന്ന വിശുദ്ധ സഭയുടെ മഹത്വവും കള്ളപ്രവാചകൻ്റെ നാശവും, കൂടാതെ കള്ളം പറയുന്നവരും അതുപോലെ എല്ലാം ചെയ്യുന്നവരും തീപ്പൊയ്കയിലേക്ക് എറിയപ്പെടും. അവൻ അവരെ അതിൽ നിന്ന് അകറ്റി നിർത്തുന്നതിൽ അതിശയിക്കാനില്ല. പക്ഷേ, ഓർക്കുക, രണ്ട് സ്ഥലങ്ങളും പറുദീസയിലെ ജീവൻ്റെ വൃക്ഷത്തെക്കുറിച്ചാണ് സംസാരിക്കുന്നത്.

212 ഇപ്പോൾ നമുക്ക് ഇത് ഒരു നിമിഷം എടുക്കാം, ഇപ്പോൾ "വൃക്ഷം." വിശുദ്ധ യോഹന്നാൻ ആറാം അധ്യായം, നിങ്ങൾ അത് അടയാളപ്പെടുത്താൻ ആഗ്രഹിക്കുന്നുവെങ്കിൽ, യേശു പറഞ്ഞു, "ഞാനാകുന്നു—ഈ—ഈ ജീവൻ്റെ അപ്പം." ഇപ്പോൾ, ഓർക്കുക.

213 ഇപ്പോൾ ഞങ്ങൾ ഈ രണ്ട് പോസ്റ്റുകളും ഇവിടെ ഒരു ചിഹ്നമായി ഉപയോഗിക്കാൻ പോകുന്നു. അതിനാൽ, സമാപിക്കുന്നതിനു തൊട്ടുമുമ്പ്, ഇപ്പോൾ. ഇപ്പോൾ, എൻ്റെ വലതുവശത്ത് തോട്ടത്തിലെ വൃക്ഷം എന്ന് വിളിക്കപ്പെടുന്ന വൃക്ഷം ഉണ്ട് "ജീവൻ," എൻ്റെ ഇടതുവശത്ത് തോട്ടത്തിലെ വൃക്ഷം എന്ന് വിളിക്കപ്പെടുന്ന വൃക്ഷമുണ്ട് "അറിവ്." ജീവവൃക്ഷവും അറിവിൻ്റെ വൃക്ഷവും ഉണ്ടെന്ന് തിരുവെഴുത്ത് പറയുന്നതായി എത്ര പേർക്ക് അറിയാം? ഇപ്പോൾ, മനുഷ്യൻ ഈ ജീവവൃക്ഷത്തിൽ നിന്നും ജീവിക്കേണ്ടതായിരുന്നു, അറിവിൻ്റെ വൃക്ഷത്തെ തൊടാനല്ല. അതു ശരിയാണോ? അവൻ ആദ്യമായി അതിൽ സ്പർശിച്ചപ്പോൾ, അവൻ തൻ്റെ സ്രഷ്ടാവിൽ നിന്ന് സ്വയം വേർപെടുത്തപ്പെട്ടു. അവന് നഷ്ടപ്പെട്ടു—അറിവിൻ്റെ ആദ്യ കടിയിൽ തന്നെ ദൈവവുമായുള്ള അവൻ്റെ കൂട്ടായ്മ അവന് നഷ്ടപ്പെട്ടു. ഇപ്പോൾ, ഇപ്പോൾ നന്നായി ചിന്തിക്കുക. നിങ്ങൾ കുറിപ്പുകൾ എഴുതി എടുക്കുന്നവരായ നിങ്ങൾക്ക്, ഞാൻ സമയം തരാം, അതിനാൽ നിങ്ങൾക്കത് എടുക്കാൻ കഴിയും, കാരണം നിങ്ങൾ ഇത് നഷ്ടപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല.

214 യേശു, വിശുദ്ധ യോഹന്നാൻ 6. അവർ ഒരു ജലധാരയിൽ നിന്ന് കുടിക്കുകയായിരുന്നു, അവർ കൈകൾ ഉയർത്തി അവിടെ പരിഹാസം നടത്തുകയായിരുന്നു, അതായത്, അവരുടെ പിതാക്കന്മാർ ആത്മീയ പാറയിൽ നിന്ന് കുടിച്ചു, ഇത്യാദി കാര്യങ്ങളായിരുന്നു. അവൻ പറഞ്ഞു, "മരുഭൂമിയിൽ ഉണ്ടായിരുന്ന ആ പാറയായിരുന്നു ഞാൻ."

215 അവർ പറഞ്ഞു, "ഇവിടെ നിങ്ങൾ പറയുന്നു 'അബ്രഹാമിന് മുമ്പേ ഞാൻ ആയിരുന്നു,' നീ അമ്പത് വയസ്സ് കഴിയാത്ത ഒരു

മനുഷ്യനാണ്. എന്നിട്ട് നീ പറയുന്ന അതായത് നീ 'അബ്രഹാമിനെ കണ്ടിട്ടുണ്ട്? ഇപ്പോൾ ഞങ്ങൾക്കറിയാം, അത്, നിനക്ക് ഭ്രാന്തുണ്ട്, നീ ഒരു പിശാചാകുന്നു." നോക്കു?

216 അവൻ പറഞ്ഞു, "അബ്രഹാമിന് മുമ്പ്, **ഞാൻ ആകുന്നു.**" **ഞാൻ ആകുന്നു** മോശെയോടുകൂടെ മുൾപ്പടർപ്പിൽ ആയിരുന്നത്; കത്തുന്ന മുൾപടർപ്പിൾ, **ഞാൻ ആകുന്നു.** "അബ്രഹാമിന് മുമ്പ്, **ഞാൻ ആകുന്നു**"; അല്ല "ഞാനായിരുന്നു എന്നല്ല."

217 ഇപ്പോൾ, അത്ഭുതങ്ങളുടെ നാളുകൾ കഴിഞ്ഞുവെന്ന് നിങ്ങൾ പറയുന്നു, നിങ്ങൾ ആ തിരുവെഴുത്ത് ഇങ്ങനെ പറയണം, "ഞാനായിരുന്ന ആ മഹാൻ ഞാനായിരുന്നു." നോക്കു?

218 അല്ല "ഞാനായിരുന്നു എന്നല്ല," അല്ലെങ്കിൽ "ഞാൻ ആയിരിക്കും"; "**ഞാൻ ആകുന്നു**," അത് എല്ലാ സമയവുമാണ്. അവൻ നിത്യനാകുന്നു. ഈ വാക്ക് "**ഞാൻ ആകുന്നു**" എന്നത് നിത്യമാകുന്നു, അവരുടെ എല്ലാ കാലത്തിലും, എല്ലാ സമയത്തും, ഏഴ് പൊൻ വിളക്കുകളുടെ കാലത്തും, എല്ലാ സഭയിലും, എല്ലാ സ്ഥലത്തും, എല്ലാ ഹൃദയത്തിലും. "**ഞാൻ ആകുന്നു**," (അല്ല "ഞാനായിരുന്നു എന്നല്ല" അഥവാ "ഞാൻ ആയിരിക്കും") "ഞാൻ എന്നത്തേയും പോലെ ഇപ്പോഴുമാകുന്നു." നോക്കു? "എപ്പോഴും, ഞാൻ ആകുന്നു."

219 അവർ പറഞ്ഞു, "നമ്മുടെ പിതാക്കന്മാർ...ഞങ്ങൾ നിന്നെ അറിയുന്നില്ല. നീ ഒരു പിശാചാണെന്ന് ഞങ്ങൾക്കറിയാം." പറഞ്ഞു, "ഞങ്ങളുടെ പിതാക്കന്മാർ നാല്പതു വർഷം മരുഭൂമിയിൽ മന്ന ഭക്ഷിച്ചിരുന്നു."

220 യേശു പറഞ്ഞു, "അവരെല്ലാം മരിച്ചുപോയി." അതു ശരിയല്ലേ? "അവരെല്ലാം മരിച്ചു. പക്ഷെ ഞാൻ..." ഓ! "ഞാൻ സ്വർഗ്ഗത്തിൽ നിന്ന് ദൈവത്തിൽ നിന്ന് വരുന്ന ജീവന്റെ അപ്പമാകുന്നു. എങ്കിൽ... ഒരു ജീവന്റെ അപ്പം. ഒരു മനുഷ്യൻ ഈ അപ്പം ഭക്ഷിച്ചാൽ അവൻ ഒരിക്കലും മരിക്കുകയില്ല."

221 "ഈ മനുഷ്യൻ തന്റെ ശരീരം ഭക്ഷിക്കാൻ, കൊടുക്കുമോ?" അവർ പറഞ്ഞു. "ഇപ്പോൾ അവൻ ഭ്രാന്താകുന്നു, തീർച്ചയായും."

222 ജീവന്റെ അപ്പം അവർ തിന്നുകൊണ്ടിരുന്ന, ഏദൻ തോട്ടത്തിൽ നിന്നുള്ള, ജീവവൃക്ഷത്തിൽ നിന്നായിരുന്നു. അവൻ ജീവന്റെ വൃക്ഷമായിരുന്നു. ഇപ്പോൾ, ജീവന്റെ വൃക്ഷം ഒരു വ്യക്തിയായിരുന്നെങ്കിൽ, അറിവിന്റെ വൃക്ഷവും ഒരു വ്യക്തിയായിരുന്നു. ഇപ്പോൾ പറയൂ സർപ്പത്തിന് വിത്ത്

ഇല്ലായിരുന്നു! ജീവൻ പുരുഷൻ മുഖേന വരുന്നു എങ്കിൽ, മരണം സ്ത്രീയാൽ വരുന്നു. ശരി, അവൾ മരണത്തിന്റെ വൃക്ഷമായിരുന്നു.

223 ഉടനെ തന്നെ—ഇതിൽ ഒന്ന് അവളെ അശുദ്ധമാക്കിയപ്പോൾ, അത് അവൻ ചെയ്തിരുന്നു (ആ സർപ്പം), അവൾ പറഞ്ഞു: “പാമ്പ് എന്നെ വഞ്ചിച്ചു.” അത് ശരിയാണ്. പാമ്പല്ല; അവൻ എല്ലാ മൃഗങ്ങളിലും ഏറ്റവും കൗശലമേറിയതായിരുന്നു, അവൻ ഒരു ആൾക്കുരങ്ങിനും ഒരു മനുഷ്യനും ഇടയിലായിരുന്നു. ഒരു മൃഗത്തിന്റെ വിത്ത് ഒരു സ്ത്രീയുമായി സങ്കരമാകില്ല, അത് ചെയ്യില്ല; എന്നാൽ ഈ മനുഷ്യൻ, അവനായിരുന്നു അതിന്റെ അടുത്ത കണ്ണി. ദൈവം അവന്റെ മേൽ അത്തരമൊരു ശാപം നൽകി, അവൻ അവനെ അവന്റെ വയറു കൊണ്ട് ഇഴയാൻ ഇടയാക്കി, കാലുകളില്ലായിരുന്നു, അവൻറെ ഉള്ളിൽ നിന്നും എല്ലാ അസ്ഥിയും എടുത്ത് ഒരു മനുഷ്യനെപ്പോലെ ആയിരിക്കുന്നതിൽ നിന്നും എല്ലാം മാറ്റി. ശാസ്ത്രം അത് വയലിൽ നിന്നും കുഴിച്ചെടുക്കാൻ ശ്രമിക്കുന്നു. അത് ദൈവത്തിന്റെ രഹസ്യങ്ങളിൽ, ദൈവത്തിന്റെ പറുദീസയുടെ മധ്യത്തിൽ മറഞ്ഞിരിക്കുന്നു. നിങ്ങളുടെ വെളിപാട് അവിടെയാകുന്നു.

224 അവൾ തന്റെ ആദ്യ മകനെ പ്രസവിച്ചു അത് കയീൻ ആയിരുന്നു (അത് ശരിയല്ലേ?) സാത്താന്റെ മകൻ ആയിരുന്നു, സാത്താന്റെ മകൻ. അവൻ അത് അല്ലെങ്കിൽ, എവിടെ നിന്നാണ്—ആ തിന്മ എവിടെ നിന്ന് കടന്നു വന്നു? ദൈവപുത്രനായ ആദാമിൽ നിന്ന് ആയിരുന്നുവോ? അവന്റെ പിതാവായ, പിശാചിൽ നിന്ന് വരുന്നു. അവൻ കൊല ചെയ്തു; ആദ്യത്തെ കൊലപാതകൻ പിശാചായിരുന്നു, പിശാചിന്റെ പുത്രനായിരുന്നു.

225 അതിനുശേഷം എന്താണ് സംഭവിച്ചതെന്ന് കാണുക, കയീന്റെ വംശപരമ്പര കാണുക. അതിനെ പിന്തുടരുന്ന ആ തലമുറയിൽ, കയീനിനുശേഷം, എല്ലാ ശാസ്ത്രജ്ഞരും മഹാന്മാരും ഉണ്ടായിരുന്നു. തിരുവെഴുത്ത് വായിക്കുക. അവർ വീടുകൾ പണിതു, അവർ ഇരുമ്പുകൊണ്ടുള്ള ആയുധങ്ങൾ പണിതു, അവർ ശാസ്ത്രജ്ഞരായിരുന്നു. എന്നാൽ സേത്തിൽ നിന്ന് വന്ന എല്ലാവരും, (ഹാബേൽ മരിച്ചു, അത് യേശു മരിച്ചതിന്റെ, ഒരു മാതൃകയാകുന്നു; ഹാബെൽ മരിച്ചു, സേത്ത് അവന്റെ സ്ഥാനം എടുത്തു: മരണം, അടക്കം, പുനരുത്ഥാനം.)...അവനിൽ നിന്ന് എളിയ കർഷകർ, ആടുകളെ മേയ്ക്കുന്നവർ അതിലൂടെ അവർ കടന്നു വരുന്നു.

226 ഇപ്പോൾ യേശു പറഞ്ഞു, “നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്ന തിന്നു, അവരെല്ലാം മരിച്ചുപോയി. എന്നാൽ ഞാൻ ജീവന്റെ

അപ്പമാകുന്നു," (ജീവൻ്റെ അപ്പം എന്താകുന്നു? ഏദേനിൽ നിന്നും!) "ഒരു മനുഷ്യൻ ഈ അപ്പം തിന്നുകയും ഒരിക്കലും മരിക്കുകയുമില്ല." ഇപ്പോൾ, ദൈവം ആ ജീവവൃക്ഷത്തിന് ചുറ്റും ആർക്കും അതിനെ തൊടാൻ കഴിയാത്തവിധം സംരക്ഷിക്കാൻ കെരൂബുകളെ വച്ചു, അവർ കൈ നീട്ടി ജീവവൃക്ഷത്തിൻറെ ഫലംകൂടെ പറിച്ചുതിന്ന് എന്നേക്കും ജീവിപ്പാൻ സംഗതി വരാതിരിക്കേണ്ടതിനായിരുന്നു. അതു ശരിയാണോ?

227 കാരണം, അവർ ഈ വൃക്ഷത്തിൽ നിന്നും ഭക്ഷിച്ചുകൊണ്ട് തുടരുകയും മരിക്കുകയും ചെയ്യേണ്ടിയിരുന്നു. അതു ശരിയാണോ? കാരണം, അത് കഴിക്കേണ്ടി വരുന്ന സമയം വരെ അവർ മരിച്ചിരുന്നു. ആ അറിവിൻ്റെ വൃക്ഷത്തിൽ നിന്ന് തിന്നുന്നതുകൊണ്ട് നിങ്ങൾ മരിക്കുന്നത് ഉറപ്പായ കാര്യമാണ്...ഇപ്പോൾ, നമുക്ക് ആ അറിവിൻ്റെ വൃക്ഷത്തെ നോക്കാം. എന്താണ് അത് ചെയ്തതെന്ന് നോക്കു. ഇപ്പോൾ എന്താണ് ചെയ്തതെന്ന് നമുക്ക് നോക്കാം. ആദ്യത്തെ കാര്യം, നമുക്ക് നോക്കാം, അത്...ശരി, അവയിൽ ഒന്ന് നോക്കാം... അത് വെടിമരുന്ന് കണ്ടുപിടിച്ചു. അത് നമ്മുടെ കൂട്ടാളികളെ കൊല്ലുന്നു. അത് ശരിയാണ്, അറിവിൻ്റെ വൃക്ഷത്തിൽ നിന്ന് വെടിമരുന്ന് ഉപയോഗിച്ച് പരസ്പരം കൊല്ലുക. നമ്മൾ ചെയ്ത അടുത്ത കാര്യം, എൻ്റെ, നമുക്ക് നോക്കാം, നമ്മൾ—ആ അറിവിൻ്റെ വൃക്ഷത്തിൽ നിന്നും മോട്ടോർ വാഹനങ്ങൾ കണ്ടുപിടിച്ചു. അത് വെടിമരുന്ന് കൊല്ലുന്നതിനേക്കാൾ കൂടുതൽ കൊല്ലുന്നു. ഓ, അതെ! ഇപ്പോൾ, നമുക്ക് ഒരു ഹൈഡ്രജൻ ബോംബ് കിട്ടിയിരിക്കുന്നു. ദൈവം ഒന്നിനെയും നശിപ്പിക്കുന്നില്ല, മനുഷ്യൻ തൻ്റെ അറിവുകൊണ്ട് സ്വയം നശിപ്പിക്കുന്നു.

228 എന്നാൽ ദൈവത്തിന് അവകാശപ്പെട്ടതെല്ലാം ദൈവം വീണ്ടും ഉയർപ്പിക്കും; ദൈവത്തിന് ഒന്നും നഷ്ടപ്പെടുന്നില്ല. യേശു അപ്രകാരം പറഞ്ഞു, അത് ശരിയാണ് "ഈ അപ്പം തിന്നുന്ന ഏവനും നിത്യജീവൻ ഉണ്ട്. അവസാന നാളിൽ ഞാൻ അവനെ ഉയിർപ്പിക്കും." അത് അവൻ്റെ വാഗ്ദാനമാണ്. ഇപ്പോൾ, ദൈവമേ...

229 അറിവിൻ്റെ വൃകഷത്തിൽ നിന്നും ഭക്ഷിച്ചു മരിച്ചുകൊണ്ട് അവർ വളരെ മുമ്പിലായിരിക്കുന്നു. എന്നാൽ ഈ മരത്തിൻറെ അടുക്കൽ എത്താൻ കഴിഞ്ഞാൽ ഉടൻ തന്നെ അവർ എന്നന്നേക്കും ജീവിക്കും.

230 അതിനാൽ ഇപ്പോൾ ഒരു കെരൂബിന് അവിടെ അവരെ ഈ വൃക്ഷത്തിൽ നിന്ന് അകറ്റി നിർത്തുന്നതിനു പകരം, അത് അവിടെ ആയിക്കൊണ്ട് *ഈ* വൃക്ഷത്തിലേക്ക് അവരെ ഓടിക്കുന്നു; ഏഴ് സഭകളിലെ, ഏഴ് സഭാകാലങ്ങളിലുള്ള

ദൂതന്മാർ ആകുന്നു, ദൈവത്തിൻ്റെ പറുദീസയിൽ നിലകൊള്ളുന്ന ജീവവൃക്ഷമായ യേശുക്രിസ്തുവിൻ്റെ നാമത്തിലേക്ക് അവരെ തിരികെ കൊണ്ടുവരുന്നു. ഹൂ! എൻറെ! നിങ്ങൾ അത് മനസ്സിലാക്കിയിരിക്കുന്നു എന്ന് ഞാൻ ആശിക്കുന്നു. ദൈവത്തിൻ്റെ പറുദീസയിൽ നിൽക്കുന്ന ജീവവൃക്ഷം നിങ്ങൾ അവനിൽ പങ്കുചേരുകയും ദൈവത്തിൻ്റെ പുത്രനും പുത്രിയും ആകുകയും എന്നേക്കും ജീവിക്കുകയും ചെയ്യാനിടയാകട്ടെ. എൻറെ വാക്ക് കേട്ട് എന്നെ അയച്ചവനിൽ വിശ്വസിക്കുന്ന ഏവനും നിത്യ ജീവൻ ഉണ്ട്. ഒരിക്കലും ന്യായവിധിയിൽ വരാതെ, മരണത്തിൽ നിന്ന് ജീവങ്കലേക്ക് പ്രവേശിച്ചിരിക്കുന്നു."

231 സഹോദരാ, സഹോദരി, ഇപ്പോൾ ഞാൻ...എനിക്ക്... തീർച്ചയായും, ഞാൻ...ഞാൻ—ഞാൻ നിങ്ങളെ വെട്ടുകയും മുറിക്കുകയും ചെയ്തു വൃണപ്പെടുത്തിയിക്കുന്നു. ഞാൻ—ഞാൻ അങ്ങനെ ചെയ്യാൻ ഉദ്ദേശിച്ചിട്ടില്ല. നോക്കൂ? ദൈവത്തിന് അത് അറിയാം, പക്ഷേ നമ്മൾ എവിടെയാണെന്ന് നിങ്ങളെ കാണിക്കുന്നതിന് എനിക്ക് ഇത് ചെയ്യണം. നമുക്ക് താമസിക്കാൻ ഇനിയും ഏറെ സമയമുണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ല. നിങ്ങൾ ഒരു സംഘടനയിൽ പെട്ടവരായതിനാൽ ഞാൻ നിങ്ങളെ അക്രൈസ്തവമാക്കാൻ ശ്രമിക്കുന്നില്ല. ഇത് അതാകുന്നില്ല. ജനങ്ങൾ സാഹചര്യങ്ങളുടെ ഇരകളാകുന്നു. അവർക്ക് ഒന്നും ചെയ്യാനറിയില്ല; അവരുടെ മാതാപിതാക്കൾ എല്ലായ്പ്പോഴും ചെയ്തിരുന്നത് സഭയിൽ പോകാനും കാര്യങ്ങൾ ചെയ്യാനും മാത്രമാണ്.

232 എന്നാൽ, സഹോദരാ, നാം ഇവിടം വിട്ടു പോകുന്നതിന് മുമ്പ് ഒരു കാര്യം, ഞാൻ ഈ ഒരു ഉദ്ധരണി കൂടി പറയട്ടെ. പ്രവാചകൻ പറഞ്ഞു...നിങ്ങൾ പ്രവാചകന്മാരെ വിശ്വസിക്കുന്നുണ്ടോ? വേദപുസ്തകം അവരെ കേൾക്കാൻ പറയുന്നു. പ്രവാചകൻ പറഞ്ഞു, "ഇതുപോലൊരു കാലം വരും അവിടെ പകലും രാത്രിയും ഉണ്ടാകുകയില്ല, എന്നാൽ അത് ഒരുതരം ദുഷിച്ച ദിവസമായിരിക്കും. എന്നാൽ സന്ധ്യാസമയത്തോ, സൂര്യൻ അസ്തമിക്കുന്നതിന് തൊട്ടുമുമ്പ്, അവിടെ വെളിച്ചമുണ്ടാകും." അതു ശരിയാണോ?

233 ഇപ്പോൾ നമുക്ക് എന്താണ് ഉണ്ടായിരുന്നതെന്ന് നോക്കാം. ഇപ്പോൾ, നമുക്ക് നോക്കാം. സൂര്യൻ എങ്ങനെ...ഭൂമിശാസ്ത്രപരമായി, എവിടെയാണ് സൂര്യൻ ഉദിക്കുന്നത്? അത് കിഴക്ക് ആകുന്നു. അതു ശരിയാണോ? അത് പടിഞ്ഞാറ് അസ്തമിക്കുന്നു. ഞാൻ ആഗ്രഹിക്കുകയായിരുന്നു...ഞാൻ നാളെ രാത്രി ഭൂപടം എടുത്ത് കാണിച്ചു തരാം. പരിശുദ്ധാത്മാവ് യെരുശലേമിൽ വീണപ്പോൾ,

അത് എട്ടിൻറെ ഒരു പൂർണ്ണരൂപം ഉണ്ടാക്കി, അതിൻ്റെ സഞ്ചാര പാത ആകുന്നു. അത് നേരെ അപ്പുറത്തായി അയർലണ്ടിലേക്ക് പോകുന്നു, നേരെ ചുറ്റി തിരിഞ്ഞു, നേരെ അപ്പുറത്തായി, പശ്ചിമ തീരത്തേക്ക് വരുന്നു, അത് വീണ്ടും നേരെ തിരികെ വീഴുന്നു; ഒരു തികഞ്ഞ എട്ടിൻറെ പാതയിൽ ആണ് സുവിശേഷം പോയിടത്തെക്ക് അത് പോയത്, ഇപ്പോൾ, നാഗരികത സൂര്യനോടൊപ്പം സഞ്ചരിച്ചു. അത് എത്ര പേർക്ക് അറിയാം? നിങ്ങൾ അത് പഠിപ്പിക്കുകയും അത് അറിയുകയും ചെയ്തിട്ടുണ്ട്. നമുക്കുള്ള ഏറ്റവും പഴയ നാഗരികത ചൈനയാണ്, അതിൽ നിന്നാണ് അവൾ പൗരസ്ത്യദേശത്തേക്ക് നേരെ മറികടന്നു വരുന്നത്. അപ്പോൾ പരിശുദ്ധാത്മാവ്, അത് എസ്-യു-എൻ അല്ല, എന്നാൽ എസ്-ഓ-എൻ ആകുന്നു...

234 രാത്രിയിലെ മൂടൽമഞ്ഞിലൂടെയും നീരാവിയിലൂടെയും സൂര്യൻ, എസ്-യു-എൻ, പ്രകാശിക്കാൻ തുടങ്ങുമ്പോൾ, വിത്ത് എവിടെയായിരുന്നാലും കാര്യമല്ല അത് ജീവിക്കും; കാരണം എല്ലാ സസ്യശാസ്ത്ര ജീവജാലങ്ങളും സൂര്യനാൽ ജീവിക്കുന്നു. അത് നമുക്കറിയാം. നിങ്ങൾക്ക് ഒരു പുല്ലിന് മേലെകൂടി കോൺക്രീറ്റ് ഒഴിക്കാം, അടുത്ത വസന്തകാലത്ത്, ഏറ്റവും കട്ടിയുള്ള പുല്ല് എവിടെയാണ് ഉണ്ടായിരിക്കുന്നത്? നേരെ കോൺക്രീറ്റിൻ്റെ അടിയിലയിരിക്കും. എന്തുകൊണ്ട്? അതിനടിയിൽ അവിടെയുള്ള ജീവനാകുന്നു, നിങ്ങൾക്ക് യഥാർത്ഥ ജീവനെ മറയ്ക്കാൻ കഴിയില്ല. ആ ചെറിയ ജീവൻ, ആ സൂര്യൻ അതുവഴി സ്നാനം ചെയ്യൽ തുടങ്ങുമ്പോൾ, ഇത് മിക്കവാറും പകുതി നഗരത്തിലെ കെട്ടിട നിര വരെ വിരളമാകും, ആ കോൺക്രീറ്റിനടിയിൽ നിന്നും അതിന് വായുവിൽ തല ഉയർത്തി ദൈവത്തെ സ്തുതിക്കാൻ കഴിയുന്നതുവരെ പോകും.

235 നിങ്ങൾക്ക് ജീവനെ മറയ്ക്കാൻ കഴിയില്ല. അത് ശരിയാണ്, **ജീവൻ.** നിങ്ങൾ വീണ്ടും ജനിക്കുമ്പോൾ നിങ്ങൾക്ക് അത് മറയ്ക്കാൻ കഴിയില്ല. ജീവൻ കിട്ടുമ്പോൾ എന്തോ ഒന്ന് നിലവിളിക്കണം.

236 ഇപ്പോൾ, എല്ലാ കാര്യങ്ങളും ചത്തു പോയിരിക്കുന്നു, കൂടാതെ—ചെറിയ വിത്തുകൾ പൊട്ടി മുളച്ചിരിക്കുന്നു, അതിൻറെ ചാറു ഒഴുകി പൊയ്ക്കഴിഞ്ഞു, അങ്ങനെ അത് ചത്തിരിക്കുന്നു, എന്നാൽ ജീവൻ അപ്പോഴും അവിടെയുണ്ട്. ഇപ്പോൾ, വസന്തത്തിൽ സൂര്യൻ പ്രകാശിക്കാൻ തുടങ്ങുമ്പോൾ, ചെറിയ പൂക്കൾ വരാൻ തുടങ്ങും, എല്ലാക്കാര്യങ്ങളും വീണ്ടും അതിൻറെ തല ഉയർത്തും (കല്ലുകൾക്ക് താഴെ നിന്നും, തടികക്ക് അടിയിൽ നിന്നും, പാറകൾക്കടിയിൽ നിന്നും), അത് വീണ്ടും ഉയർന്നു വരും, അത് വീണ്ടും ജീവിക്കും. അതു ശരിയാണോ? കാരണം എസ്-യു-എൻ തിളങ്ങുന്നു.

237 ഇപ്പോൾ, ഏതെങ്കിലും ഒരു ദിവസം എസ്-ഓ-എൻ തിളങ്ങും, അത് നിത്യജീവൻ്റെ രചയിതാവാണ്, നിത്യജീവനുവേണ്ടി അവൻ മുളപ്പിച്ചതെല്ലാം, അവൻ പറഞ്ഞു, "ഞാൻ അവസാന നാളുകളിൽ അതിനെ ഉയിർപ്പിക്കും." ഞാൻ എന്താണ് ഉദ്ദേശിക്കുന്നതെന്ന് നിങ്ങൾ കാണുന്നുണ്ടോ? അന്ത്യനാളുകളിൽ നിത്യജീവൻ ഉയർത്തപ്പെടും. അവർ നിങ്ങളെ കടലിൽ കുഴിച്ചിടുകയോ, അല്ലെങ്കിൽ നിങ്ങളുടെ ശരീരം ദഹിപ്പിച്ച് ഭൂമിയുടെ നാലു കാറ്റിലേക്കും ആട്ടിയോടിക്കുകയോ ചെയ്താൽ, അന്ത്യനാളിൽ ദൈവം അതിനെ ഉയിർപ്പിക്കും. ഒരു വിശക്കുന്ന സിംഹത്തിൻ്റെ വയറു നിറയ്ക്കണമെങ്കിൽ അല്ലെങ്കിൽ—അല്ലെങ്കിൽ ജ്വലിക്കുന്ന ഒരു കുഴിയിലേക്ക് പോകുക, അത് എല്ലാം എടുക്കും—ആ—പതിനാറ് പ്രപഞ്ച വെളിച്ചത്തെയും അങ്ങനെ നിങ്ങളിൽ നിന്ന് എല്ലാം എടുത്തു കലയും, ദൈവം അത് വീണ്ടും ഉയിർപ്പിക്കും. "നിങ്ങളുടെ തലയിലെ രോമങ്ങൾ തന്നെ എണ്ണപ്പെട്ടിരിക്കുന്നു." ആമേൻ! ദൈവം അതിനെ വീണ്ടും ഉയിർപ്പിക്കും.

238 ഇപ്പോൾ, ഇവിടെ ശ്രദ്ധിക്കുക. ഇപ്പോൾ, ഓരോ മനുഷ്യനും സ്ത്രീയാൽ മരിക്കുന്നുവെങ്കിൽ, ഓരോ മനുഷ്യനും മനുഷ്യനാൽ ജീവിക്കുന്നു. അത്തരത്തിലുള്ള ഒരു ജീവിതത്തിൽ സ്ത്രീയെ പങ്കാളിയാക്കുക, നിങ്ങൾ മരിക്കുമെന്ന് നിങ്ങൾക്കറിയാം. അതിൽ നിന്ന് മറ്റു യാതൊരു വഴിയുമില്ല, നിങ്ങൾ മരിക്കും. നിങ്ങൾ അത് എടുക്കുമെന്ന് തീർച്ചയായിരിക്കുന്നത് പോലെ, നിങ്ങൾ ജീവിക്കാൻ പോകുകയാണ്; അതിൽ നിന്ന് മറ്റു യാതൊരു വഴിയുമില്ല, നിങ്ങൾ ജീവിക്കണം. ആമേൻ! അത് ഉറപ്പായും മരണം ഉത്പാദിപ്പിക്കുമെങ്കിൽ, ഇത് ഉറപ്പായും ജീവൻ ഉത്പാദിപ്പിക്കും. നിങ്ങൾക്ക് അത് സ്വീകരിക്കാൻ കഴിയുന്ന ഒരേയൊരു വഴി അതാണ്, ജീവൻ നേടുക എന്നതാണ്.

239 ഇപ്പോൾ പ്രവാചകൻ പറഞ്ഞു, അതായത "സന്ധ്യാസമയത്തോ വെളിച്ചമായിരിക്കും." ഇപ്പോൾ നോക്കു. മൂടൽമഞ്ഞുപോലെ ഒരു ദിവസം ഉണ്ടാകുമെന്ന് അവൻ പറഞ്ഞു, അതിനെ പകലെന്നോ രാത്രിയെന്നോ വിളിക്കുകയില്ല. ഇത് ഒരുതരം മേഘാവൃതമായ, മൂടൽമഞ്ഞുള്ള, തണുപ്പുള്ള ദിവസമായിരിക്കും, എന്നിരിക്കിലും പുത്രൻ വെളിച്ചം നൽകുന്നു. മൂടൽമഞ്ഞിനും മേഘങ്ങൾക്കും മുകളിലൂടെ മറ്റുമായി അങ്ങ് മുകളിലായി, പുത്രൻ വെളിച്ചം നൽകുന്നു. ഇത് നിങ്ങൾക്ക് നടക്കാൻ കഴിയുന്നത്രയും ധാരാളം വെളിച്ചം നൽകുന്നു, നിങ്ങൾക്ക് എങ്ങനെ എത്തിച്ചേരാൻ കഴിയുമെന്നും കാണിക്കുന്നു, ഇത്യാദി കാര്യങ്ങളാകുന്നു, എങ്കിലും അത്—ഇത് ശോഭയുള്ളതും

മനോഹരവുമായ ദിവസമല്ല. നോക്കൂ? ഇപ്പോൾ, ആ ദിവസത്തിൽ ജീവിക്കാൻ എന്തിനും കഷ്ടിച്ചേ കഴിയുകയുള്ളൂ.

240 സൂര്യൻറെ വെളിച്ചം തട്ടാത്തിടത്ത് നിങ്ങൾ എന്തെങ്കിലും നട്ടുപിടിപ്പിക്കുകയാണെങ്കിൽ, അത് കുറിയതായിപ്പോകും. അത് ശരിയല്ലേ? നിങ്ങൾ കർഷകരായവർക്ക് അറിയാം. ധാന്യം തണലിലോ മറ്റെവിടെയെങ്കിലുമോ ഇടുക, എന്നിട്ട് കാണുക, അത് അതിനെ കുറിയതാക്കുന്നു. ഫ്രെഡ്, അത് നിങ്ങളുടെ ഗോതമ്പിലൂടെ നിങ്ങൾക്ക് അറിയാവുന്നതാകുന്നു. നിങ്ങൾ അത് അവിടെ കുഴിച്ചിടുക, നിങ്ങൾക്ക് ഒരു മോശം വേനൽ ഉണ്ടെങ്കിൽ, ഓ, തണുപ്പും മഴയും ഉണ്ടെങ്കിൽ, അത് അതിനെ കുറിയതാക്കിക്കളയുന്നു.

241 ശരി, ഈ കാലാകാലങ്ങളിലൂടെ കടന്നു വരുന്ന സഭയുടെ കാര്യം ഇതാകുന്നു, അത് കുറിയതായിരിക്കുന്നു. ഇത് വിഭാഗീയ സഭകളാൽ കുറിയതാക്കപ്പെട്ടിരിക്കുന്നു, "നിങ്ങളുടെ പേര് പുസ്തകത്തിൽ ഇടുക. ദൈവമുണ്ടെന്ന് അറിയാൻ ഞങ്ങളുടെ പക്കൽ വേണ്ടത്ര വെളിച്ചമുണ്ട്." അതിൽ എനിക്ക് സന്തോഷമുണ്ട്. "ഒരു ക്രിസ്തു ഉണ്ടെന്നും, വരാനിരിക്കുന്ന ഒരു ന്യായവിധി ഉണ്ടെന്നും അറിയാൻ ഞങ്ങൾക്ക് വേണ്ടത്ര വെളിച്ചമുണ്ട്. ഞങ്ങൾക്ക് വെളിച്ചമുണ്ട്; അതിനാൽ ഞങ്ങൾ ഞങ്ങളുടെ പേരുകൾ പുസ്തകങ്ങളിൽ ഇടുകയും ഇടയനുമായി കൈ കുലുക്കുകയും അങ്ങനെ മുന്നോട്ട് പോകുകയും ചെയ്യുന്നു." ശരി, എന്നാൽ ഇപ്പോൾ വൈകുന്നേരമാകുന്നു.

242 ഇപ്പോൾ, നാഗരികത കിഴക്ക് നിന്ന് പടിഞ്ഞാറോട്ട് വരുന്നു, ഇപ്പോൾ നമ്മൾ പടിഞ്ഞാറൻ തീരത്താകുന്നു. നമുക്ക് ഇനിയും മുമ്പോട്ട് പോകാനാവില്ല; നമ്മൾ മറികടന്നിരിക്കുന്നു, നമ്മൾ വീണ്ടും കിഴക്കോട്ട് മടങ്ങിയിരിക്കുന്നു. നമുക്ക് ഇനിയും മുമ്പോട്ട് പോകാനാവില്ല, നമ്മൾ പശ്ചിമ തീരത്തായിരിക്കുന്നു.

243 ഇപ്പോൾ തിരുവെഴുത്ത് പറയുന്നു, "സന്ധ്യാസമയത്തോ വെളിച്ചമാകും." ഇപ്പോൾ, സന്ധ്യാ സമയത്ത് പ്രകാശിക്കുന്ന സൂര്യൻ എങ്ങനെയുള്ളതാണ്? ഇത് രാവിലെ ഉദിക്കുന്ന സൂര്യനിൽ നിന്നും വ്യത്യസ്തമായ ഒന്നാണോ? ഇത് ഒരേ സൂര്യനാകുന്നു. അതു ശരിയല്ലേ? ശരി, എങ്കിൽ, ദൈവം എന്താണ് വാഗ്ദാനം ചെയ്തത്? ഇപ്പോൾ നമ്മൾ ഇതിലേക്ക് കടക്കാൻ പോകുകയാണ്, ഇത് മുറുകെ പിടിക്കുക, നേരെ ഇവിടെ *ഈ* കാലഘട്ടത്തിലാകുന്നു. തിരുവെഴുത്തു അപ്രകാരം പറയുന്നു, നമ്മൾ ഈ സഭാ കാലങ്ങളിൽ കൂടെ, മുന്നോട്ട് പോകുമ്പോൾ, ഞാൻ അത് തെളിയിക്കാം, അതായത്, "സന്ധ്യാസമയത്ത് പശ്ചിമ ഭാഗത്ത് ഒരു വെളിച്ചം പൊട്ടി പുറപ്പെടും അത് നീതിസൂര്യനെ വീണ്ടും തൻറെ ചിറകിൻ കീഴിൽ

രോഗോപശാന്തിയോടുകൂടെ തിരികെ കൊണ്ടുവരും. അപ്പോൾ പിന്നിലായി പൂർവ്വ കാലത്ത് ചെയ്ത അതേ അടയാളങ്ങളും അതേ അത്ഭുതങ്ങളും ഇവിടെ പശ്ചിമ ഭാഗത്തും സംഭവിക്കും, അപ്പോൾ പരിശുദ്ധാത്മാവിൻറെ മറ്റൊരു ചൊരിയലുമായി അവസാന നാളിൽ അത് വരും."

സന്ധ്യാസമയത്തോ വെളിച്ചമാകും.
മഹത്വത്തിൻ പാത നീ തീർച്ചയായും കണ്ടെത്തും;
ആ വെള്ളത്തിൻ വഴിയിൽ, ഇന്ന് ഇത് വെളിച്ചമാകുന്നു,
യേശുവിൻ വിലയേറിയ നാമത്തിൽ അടക്കപ്പെട്ടിരിക്കുന്നു.
യൌവ്വനക്കാരും വൃദ്ധരുമേ, നിങ്ങളുടെ സകല പാപത്തിലും അനുതപിക്കു
പരിശുദ്ധത്മാവ് തീർച്ചയായും പ്രവേശിക്കും;
സന്ധ്യാ വെളിച്ചം എത്തിയിരിക്കുന്നു,
ഇതൊരു സത്യമാണ് ക്രിസ്തുവും ദൈവവും ഒന്നുതന്നെയാകുന്നു.

ഓ, സന്ധ്യാസമയത്തോ വെളിച്ചമാകും,
മഹത്വത്തിൻ പാത നീ തീർച്ചയായും കണ്ടെത്തും;
ആ വെള്ളത്തിൻ വഴിയിൽ, ഇന്ന് ഇത് വെളിച്ചമാകുന്നു,
യേശുവിൻ വിലയേറിയ നാമത്തിൽ അടക്കപ്പെട്ടിരിക്കുന്നു.
യൌവ്വനക്കാരും വൃദ്ധരുമേ, നിങ്ങളുടെ സകല പാപത്തിലും അനുതപിക്കു,
പരിശുദ്ധത്മാവ് തീർച്ചയായും പ്രവേശിക്കും;
ആ സന്ധ്യാ വെളിച്ചം എത്തിയിരിക്കുന്നു,

244 പത്രോസ് പറഞ്ഞ അതേ കാര്യം, "ആകയാൽ നിശ്ചയമായും ഇത് അറിഞ്ഞുകൊള്ളട്ടെ, ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ തന്നേ, ദൈവം കർത്താവും ക്രിസ്തുവുമാക്കിവെച്ചു. മാനസാന്തരപ്പെടുക, നിങ്ങൾ ഓരോരുത്തരും" അവൻ പറഞ്ഞു, "നിങ്ങളുടെ പാപങ്ങളുടെ മോചനത്തിന്നായി ഓരോരുത്തൻ യേശുക്രിസ്തുവിൻറെ നാമത്തിൽ സ്നാനം ഏല്പിൻ."

245 ഞാൻ നിങ്ങളോട് ചില കാര്യം പറയട്ടെ. ഞാൻ കഴിഞ്ഞ ദിവസം സംസാരിച്ചിരുന്നു *ഡോക്ടറിൻറെ മരുന്ന് കുറിപ്പ്.* ഡോക്ടറിൻറെ മരുന്ന് കുറിപ്പ് എടുക്കുന്നത് ജനങ്ങൾ ഇഷ്ടപ്പെടുന്നില്ല. അഥവാ

അവൻറെ പക്കൽ ഒരു—ഒരു പ്രതിവിധി നിങ്ങളുടെ അസുഖം ഭേദമാക്കാൻ വേണ്ടി ഉണ്ടെങ്കിൽ, നിങ്ങൾ അത് എടുക്കാൻ പരാജയപ്പെടുകയും...നിങ്ങൾ അത് എടുക്കാൻ വിസമ്മതിക്കുകായും ചെയ്യുന്നെങ്കിൽ, നിങ്ങൾ മരിക്കുന്നത് ഡോക്ടറുടെ കുറ്റം കൊണ്ടല്ല. ഇല്ല ശ്രീമാൻ. ഇത് നിങ്ങളുടെ കുറ്റമാണ്, കാരണം നിങ്ങൾ അത് എടുക്കാൻ വിസമ്മതിക്കുകയുണ്ടായി.

246 ഇപ്പോൾ, ഡോക്ടർ ഒരു മരുന്ന് കുറിപ്പടി എഴുതിയാൽ അദ്ദേഹം...അല്ല നിങ്ങൾ ആ മരുന്ന് കുറിപ്പടി ഒരു വ്യാജ മരുന്ന് കടക്കാരൻ്റെ അടുക്കൽ എടുത്തുകൊണ്ട് പോകുകയാണെങ്കിൽ, അയാൾ എന്തെങ്കിലും അതിൽ ഉണ്ടാകാൻ പാടില്ലാത്ത കാര്യം അതിൽ കൂട്ടിച്ചേർക്കുകയും, അത് നിങ്ങളെ കൊന്നു കളയുകയും, ചെയ്യുന്നു. അതു ശരിയല്ലേ? ആ ഡോക്ടർ അത് പഠിച്ചിട്ട് ആ മരുന്ന് കുറിപ്പടിയിൽ വളരെയധികം കാര്യങ്ങൾ വിഷമാണെന്ന് അദ്ദേഹത്തിനു അറിയാമായിരുന്നു. അത് നിങ്ങളുടെ ശരീരത്തിലുള്ള ആ കീടങ്ങളെ കൊല്ലുന്നതിന് വേണ്ടിയാകുന്നു; അതുകൂടാതെ അതിൽ വളരെയധികം മറുമരുന്നു ആ വിഷത്തെ അസ്വസ്ഥമാക്കാൻ മതിയായതായിട്ട് അത് നിങ്ങളെ കൊന്നു കളയുകയില്ല. അത് സമമായിരിക്കേണ്ടത് ആവശ്യമാകുന്നു. നിങ്ങൾ വളരെയധികം മറുമരുന്ന് ഇടുകയാണെങ്കിൽ, അത് രോഗിയെ സഹായിക്കില്ല; വളരെയധികം വിഷം ഇടുകയാണെങ്കിൽ, അത് അവനെ കൊല്ലും. അത് സന്തുലിതമാക്കേണ്ടതുണ്ട്.

247 ചോദ്യം ഇതായിരുന്നു, "ഗിലെയാദിൽ സുഗന്ധതൈലം ഇല്ലയോ? അവിടെ വൈദ്യൻ ഇല്ലയോ?" പ്രവാചകൻ ചോദിക്കുന്നു. "എൻറെ ജനത്തിൻ പുത്രിക്കു രോഗശമനം വരാതെ ഇരിക്കുന്നതെന്തു?" സഭക്ക് എന്താണ് പറ്റിയത്? നമുക്ക് വളരെയധികം അസുഖം ബാധിച്ച സഭകൾ ഉണ്ടായിരിക്കുന്നതിൻറെ കാരണം എന്താണ് കാരണം, നമുക്ക് കുറച്ചു മരുന്ന് വ്യാപാരികൾ ഉണ്ടായിട്ട് അവർ തെറ്റായി മരുന്ന് കുറിപ്പടി നൽകുന്നതിനാലാണ്. അത് ശരിയാണ്. അവൻ ഒരിക്കലും പറഞ്ഞില്ല, "പിതാവിൻറെയും, പുത്രൻറെയും, പരിശുദ്ധാത്മാവിൻറെയും." അവൻ...

248 മരുന്ന് കുറിപ്പടി എന്താണ് പറയുന്നത്? ഇവിടെ ഇതാ പത്രോസ്. സ്വർഗ്ഗ രാജ്യത്തിൻറെ താക്കോലുകൾ അവൻ്റെ പക്കലുണ്ടായിരുന്നുവെന്ന് എത്രപേർക്ക് അറിയാം? യേശു അപ്രകാരം പറഞ്ഞു. അവൻ എന്താണ് പറഞ്ഞത്? മറ്റൊരു വിധത്തിൽ പറഞ്ഞാൽ, മരുന്ന് കുറിപ്പടി എഴുതാനുള്ള മഷി പേന അവൻറെ പക്കലുണ്ടായിരുന്നു.

249 ഈ മുഴക്കം ഉണ്ടായപ്പോൾ പുരുഷാരം വന്നു കൂടി, (അവർ ഉച്ചത്തിൽ നിലവിളിക്കുകയും, ഒച്ച വെക്കുകയും, അന്യഭാഷകളിൽ സംസാരിക്കുകയും, അങ്ങനെയുള്ള ഒരു സമയമായിരുന്നു.) അവർ പറഞ്ഞു, "ഇവർ പുതു വീഞ്ഞു കുടിച്ചിരിക്കുന്നു."

250 പത്രോസ് പറഞ്ഞു, "നിങ്ങൾ ഊഹിക്കുന്നതു പോലെ ഇവർ ലഹരി പിടിച്ചവരല്ല, പകൽ മൂന്നാം മണി നേരമേ ആയിട്ടുള്ളുവല്ലോ. ഇതു യോവേൽ പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതത്രേ, "അന്ത്യകാലത്തു,' യെഹോവ അരുളിച്ചെയ്യുന്നു, 'ഞാൻ' സകല ജഡത്തിന്മേലും എൻറെ ആത്മാവിനെ പകരും. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും, എൻറെ ദാസന്മാരുടെമേലും ദാസിമാരുടെമേലും കൂടെ ഞാൻ എൻറെ ആത്മാവിനെ പകരും, അവരും പ്രവചിക്കും. ഞാൻ മീതെ ആകാശത്തിൽ അത്ഭുതങ്ങളും, താഴെ ഭൂമിയിൽ അടയാളങ്ങളും കാണിക്കും, രക്തവും, തീയും, പുകയാവിയും തന്നേ. എന്നാൽ കർത്താവിൻറെ നാമം വിളിച്ചപേക്ഷിക്കുന്നവൻ ഏവനും രക്ഷിക്കപ്പെടും...എന്നു ദൈവം അരുളിച്ചെയ്യുന്നു.'"

251 കൂടാതെ അവൻ ദാവീദിനെക്കുറിച്ചു പറഞ്ഞു, "ഗോത്രപിതാവായ ഗോത്രപിതാവായ ദാവീദു ഇത് മുൻകൂട്ടി കണ്ടിട്ട്, അവൻ പറഞ്ഞു, 'എൻറെ ജഡവും പ്രത്യാശയോടെ വസിക്കും കാരണം നീ എൻറെ പ്രാണനെ പാതാളത്തിൽ വിടുകയില്ല, നിൻറെ പരിശുദ്ധനെ ദ്രവത്വം കാണ്മാൻ സമ്മതിക്കയുമില്ല.' ഗോത്രപിതാവായ ദാവീദിനെക്കുറിച്ച്, സഹോദരന്മാരേ, ഞാൻ നിങ്ങളോട് ധൈര്യമായി പറയട്ടെ, അവൻ മരിച്ചു അടക്കപ്പെട്ടു, അവൻറെ കല്ലറ ഇന്നുവരെ നമ്മുടെ ഇടയിൽ ഉണ്ടല്ലോ. നോക്കൂ, എന്നാൽ അവൻ, ഒരു പ്രവാചകനായിരിക്കെ, ക്രിസ്തുവിൻ്റെ പുനരുത്ഥാനം കണ്ടു. ആകയാൽ നിശ്ചയമായി അറിഞ്ഞുകൊള്ളുക, നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ തന്നേ, ദൈവം കർത്താവും ക്രിസ്തുവുമാക്കിവെച്ചു."

252 ഇതു കേട്ടിട്ടു, അവർ ഹൃദയത്തിൽ കുത്തുകൊണ്ടു, ചോദിച്ചു, "സഹോദരന്മാരായ പുരുഷന്മാരേ," അല്ലെങ്കിൽ, "ഡോക്ടർ. ശീമോൻ പത്രോസേ, ഞങ്ങൾക്ക് മരുന്ന് കുറിപ്പടി എഴുതി തരു. ഞങ്ങൾക്ക് ഇത് എങ്ങനെ ലഭിക്കും? ഞങ്ങളുടെ പാപത്തിന് പ്രതിവിധി ആവശ്യമാകുന്നു." ഓ!

253 ഇപ്പോൾ അവൻ എന്താണ് പറഞ്ഞതെന്ന്, അവനെ ശ്രദ്ധിക്കുക. ഈ സഭകൾ എവിടെയാണ് അതിൻറെ പാതയിൽ നിന്നും മാറിയതെന്ന് ഇപ്പോൾ നിങ്ങൾ കണ്ടെത്തും. അവൻ പറഞ്ഞു, "ഒരു നിമിഷം കാത്തിരിക്കൂ! ഞാൻ ഒരു മരുന്ന് കുറിപ്പടി എഴുതാൻ

പോകുന്നു, അതൊരു നിത്യമായ മരുന്ന് കുറിപ്പടി ആയിരിക്കാൻ പോകുകയാണ്. ഇത് നിങ്ങൾക്കും, നിങ്ങളുടെ മക്കൾക്കും, നമ്മുടെ ദൈവമായ കർത്താവു വിളിച്ച് വരുത്തുന്ന ദൂരസ്ഥന്മാരായ ഏവർക്കും ഉള്ളതല്ലോ."

254 അവൻ എന്താണ് പറഞ്ഞത്? അവൻ എങ്ങനെയാണ് അത് ഉറപ്പിച്ചത്? കത്തോലിക്കർക്ക് ഇത് ഉള്ളതുപോലെയാണോ? ബാപ്റ്റിസ്റ്റുകാർക്ക് ഇത് ഉള്ളതുപോലെയാണോ? മെഥഡിസ്റ്റുകാർക്ക് ഇത് ഉള്ളതുപോലെയാണോ? അവർ ഓരോരുത്തരും എന്തെങ്കിലും അതിൽ ചേർത്തിട്ടുണ്ട് അല്ലെങ്കിൽ അതിൽ നിന്ന് എന്തെങ്കിലും എടുത്തു മാറ്റിയിട്ടുണ്ട്. അതിപ്രകാരം പെന്തക്കോസ്തുകാരെപ്പോലെയാണോ? അവർ കൂട്ടിച്ചേർത്തു അല്ലെങ്കിൽ എടുത്തു മാറ്റി. എന്നാൽ അവൻ എന്താണ് പറഞ്ഞത്? "നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിൻറെ നാമത്തിൽ സ്നാനം ഏല്പിൻ, എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും." ഒരു നിത്യമായ മരുന്ന് കുറിപ്പാകുന്നു! "വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും ആകുന്നു; ഇത് എല്ലാ സഭായുഗങ്ങളിൽ കൂടെ നിലനിൽക്കും, അവർക്കെല്ലാവർക്കും ഇത് ഉള്ളതാകുന്നു."

255 ഓ ദൈവമേ, എൻ്റെ കൈകൾ ശുദ്ധീകരിക്കേണമേ. കർത്താവേ, എൻ്റെ ഹൃദയം ശുദ്ധീകരിക്കേണമേ. ഇടയാകട്ടെ... എനിക്കുള്ള ഓരോ സ്നേഹിതനും അത് കൊടുക്കാൻ കഴിയുമെങ്കിൽ, ഡോക്ടർ അത് കൊടുക്കാൻ പറഞ്ഞ അതേ രീതിയിൽ ഞാൻ ഈ മരുന്ന് കുറിപ്പ് കൊടുക്കട്ടെ.

256 ഈ കാരണത്താലാണ് നമുക്ക് ഇത്രയധികം ചത്ത സഭകളും, ഇത്രയധികം മരിച്ച അംഗങ്ങളും അതിലുള്ളത്. നിങ്ങൾ മറുമരുന്ന് അതിൽ ചേർക്കുകയും, അതിൽ നിന്നും അത്രയധികം എടുത്തുകളയുകയും ചെയ്തിട്ട് മരുന്നിൻറെ കുറിപ്പടി പൂർണ്ണമായും ഒന്നും ഇല്ലാതാകുന്നു, അത് യാതൊന്നും സുഖപ്പെടുത്തുകയില്ല; കൈ കുലുക്കലും, സഭയിൽ ചേരുകയും, തളിക്കലും ആകുന്നു. ഓ, കരുണയുണ്ടാകട്ടെ, അത് മരുന്ന് കുറിപ്പടിയല്ല, അത് മരണമാകുന്നു. നിങ്ങൾക്ക് ജീവൻ വേണമെങ്കിൽ, നിങ്ങൾക്ക് പരിശുദ്ധാത്മാവ് വേണമെങ്കിൽ, ദൈവം എന്താണോ ചെയ്യാൻ പറഞ്ഞത് അത് ചെയ്യുക. മരുന്ന് കുറിപ്പടി എടുക്കുക! അതാണ് കൃത്യമായും അവൻ ചെയ്യാൻ പറഞ്ഞത്, "ഇതിൽ ഒന്നും ചേർക്കുകയോ ഇതിൽ നിന്ന് ഒന്നും എടുത്തുകളയുകയോ ചെയ്യരുത്." അപ്പോൾ ഇതാ വെളിപാട് നേരെ മുമ്പോട്ട് വന്നിട്ട് പറയുന്നു, ഈ പ്രവചന പുസ്തകത്തിലെ

വചനത്തിൽ നിന്നു ആരെങ്കിലും വല്ലതും നീക്കിക്കളയുകയോ അല്ലെങ്കിൽ ചേർക്കുകയോ ചെയ്താൽ (അവനുള്ള അംശം) ജീവൻറെ പുസ്തകത്തിൽ നിന്നും ദൈവം നീക്കിക്കളയും. ഓ, എൻറെ, അതാണ് *മുഖ്യ* ഡോക്ടർ പറയുന്നത്. ഓ, ഞാൻ അവനെ സ്നേഹിക്കുന്നു. നിങ്ങൾ അവനെ സ്നേഹിക്കുന്നില്ലേ?

257 ഓ, ആ മഹത്തായ യുഗത്തിലേക്ക്, എഫെസ്യരുടെ യുഗത്തിലേക്ക്, ഈ വേദവിരുദ്ധ ഭ്രാന്ത് ഇഴഞ്ഞു കയറാൻ തുടങ്ങിയപ്പോൾ, അത് വിഭാഗീയ സംഘടനകൾ ഉണ്ടാക്കാൻ വേണ്ടിയായിരുന്നു. അതോടൊപ്പം പാസ്റ്റർമാരും ഡീക്കൻമാരും... അല്ലെങ്കിൽ ഡീക്കൻമാരല്ല, എന്നാൽ പാസ്റ്റർ...പാസ്റ്റർമാരല്ല, എന്നാൽ കർദ്ദിനാൾമാരും, ബിഷപ്പുമാരും, മാർ പാപ്പാമാരും, സഭയുടെ മേൽവിചാരകന്മാരും, പരിശുദ്ധാത്മാവിനോട് പറയുകയാണ്, സഭയോട് പറയുകയാണ്, "ഇപ്പോൾ, നിങ്ങൾക്ക് അത് ഇവിടെ ഉണ്ടായിരിക്കാൻ കഴിയില്ല!" ആരാണ് മേലധികാരി, എന്തായാലും?

258 ഒരിക്കൽ പത്രോസിനോട് അങ്ങനെ ചോദിക്കുകയുണ്ടായി. പറഞ്ഞു, "നിങ്ങൾക്ക് ഇനി യേശുവിൻ്റെ നാമത്തിൽ പ്രസംഗിക്കാനാവില്ല. നിങ്ങൾക്ക് വേണമെങ്കിൽ പ്രസംഗിക്കാം, എന്നാൽ യേശുവിൻ്റെ നാമത്തിൽ പ്രസംഗിക്കരുത്." ഓ, പിശാച് ആ പേര് വെറുക്കുന്നു!

259 പത്രോസ് പറഞ്ഞു, "എനിക്ക് അത് ശരിയാണോ..." തിരുവെഴുത്ത് പറയുന്നു, "പത്രോസ് പരിശുദ്ധാത്മാവിൽ നിറഞ്ഞു..." സഭാസംഘടനയാൽ ആയിരുന്നോ?) ഓ, ഹ, "...പരിശുദ്ധാത്മാവാൽ ആയിരുന്നു." പറഞ്ഞു, "നിൽക്കു, ഞാൻ പൊതു മേൽവിചാരകനെ ചെന്ന് കാണട്ടെ, അദ്ദേഹം ഇതിനെക്കുറിച്ച് ഞാൻ എന്താണ് ചെയ്യേണ്ടതെന്ന് പറയുന്നത് നോക്കട്ടെ."

260 ഞാൻ നിങ്ങളോട് പറയട്ടെ. നിങ്ങൾക്കറിയാമോ അസംബ്ലീസ് ഓഫ് ഗോഡ്കാർക്ക് തീർപ്പുകൽപ്പിക്കുന്നതിനു ഒരു മനോരോഗ വിദഗ്ധൻ ഉണ്ട്, അവരുടെ മിഷനറിമാരെ ഒരു മനോരോഗ വിദഗ്ധൻറെ മുമ്പാകെ കൊണ്ടുപോയി, ആ മനുഷ്യൻ ഒരു സുവിശേഷക പ്രവർത്തകൻ ആകാൻ മാനസികമായ കഴിവുണ്ടോ എന്ന് നോക്കുന്നു? പെന്തക്കോസ്ത് അസംബ്ലീസ് ഓഫ് ഗോഡുകാരാകുന്നു. നിങ്ങളിൽ എത്ര പേർ അത് കേട്ടിട്ടുണ്ട്? തീർച്ചയായും, അത് എല്ലായിടത്തും ആകുന്നു, എല്ലാവർക്കും അറിയാവുന്നതാണ്. തീർച്ചയായും. ആരാണ് സുവിശേഷ പ്രവർത്തകരെ നോക്കി തീർപ്പുകൽപ്പിക്കുന്നത്,

മനോരോഗ വിദഗ്ദ്ധനോ അതോ പരിശുദ്ധാത്മാവോ? നോക്കൂ, അത് മനുഷ്യരാണെങ്കിൽ അതാണ് നിങ്ങൾക്ക് ലഭിക്കുന്നത്. നോക്കൂ, മനുഷ്യനിർമ്മിത സിദ്ധാന്തങ്ങളും, മനുഷ്യനിർമ്മിത തത്വ സംഹിതകളും ആകുന്നു. നാം ആ പെന്തക്കോസ്ത് യുഗത്തിലേക്ക് എത്തുന്നത് വരെ കാത്തിരിക്കുക! ലോകം പോലെ തന്നെ ദൈവം ആ കാര്യത്തെ കത്തിച്ചു കളയും. അതെ ശ്രീമാൻ. അതെ, തീർച്ചയായും. അത് എല്ലായിടത്തും തീ പിടിക്കുന്നത് നിങ്ങൾ കാണും. ഓ, ഹും. കൃത്യമായും.

261 എന്നാൽ ഏതെങ്കിലും ഒരു മഹത്തായ ദിവസം അവൻ വരും. ഓർക്കുക, ശ്രദ്ധിക്കുക, ഏഴ് സഭാ യുഗങ്ങളുണ്ടായിരിക്കുന്നു. അതു ശരിയല്ലേ? ഏഴ് സഭാകാലങ്ങളുണ്ട്. അവർ മണവാട്ടിയെ—മണവാളനെ കാണാൻ പോയത് നിങ്ങൾ ഓർക്കുന്നുണ്ടല്ലോ, ചിലർ ഒന്നാം യാമത്തിൽ ഉറങ്ങിപ്പോയി (അത് ശരിയല്ലേ?), രണ്ടാമത്തെ യാമത്തിൽ, (തീർച്ചയായും ഇല്ല—മരിച്ചില്ല, ഉറങ്ങിപ്പോയി.) മൂന്നാം യാമം, നാലാം യാമം, അഞ്ചാം യാമം, ആറാം യാമം; അങ്ങനെ ഏഴാം യാമത്തിൽ ഒരു ആർപ്പുവിളി ഉണ്ടായി. "ഇതാ, മണവാളൻ വരുന്നു! അവനെ എതിരേല്പാൻ പുറപ്പെട്ടുവിൻ!" എന്ത് സംഭവിച്ചു? ഉറങ്ങിപ്പോയ കന്യകമാരെല്ലാം, ഉണർന്നു.

ക്രിസ്തുനിൽ നിദ്രകൊണ്ടോരിവർ ആ ശോഭിത പ്രഭാതത്തിൽ ഉയിർക്കുമ്പോൾ, (ശോഭിത പ്രഭാതം, സന്ധ്യാസമയത്തെ വെളിച്ചം പ്രകാശിക്കും.)
നിത്യമാം പ്രഭാതശോഭിതത്തിൻ നാൾ, പൊട്ടിവിടരുമ്പോൾ;
പാർത്തലേ രക്ഷപ്പെട്ടവർ അക്കരെ അവരുടെ ഭവനേ ആകാശമപ്പുറം കൂടിടുമ്പോൾ,
പേർ വിളിക്കും നേരം, ഞാനും അവിടെ ഉണ്ടാകും.

പേർ വിളിക്കും നേരം,
പേർ വിളിക്കും നേരം,
പേർ വിളിക്കും നേരം,
പേർ വിളിക്കും നേരം, ഞാനും അവിടെ ഉണ്ടാകും.

കർത്തൻ പേർക്കു രാപ്പകൽ അദ്ധ്വാനം ഞാൻ ചെയ്തിങ്ങനെ,
വാർത്ത ഞാൻ ചൊല്ലിടട്ടെ തൻ സ്നേഹത്തിൻ പാർത്തലത്തിൽ;
എൻറെ വേല തീർത്തു ജീവിതാന്ത്യത്തിൽ എത്തുമ്പോൾ,

പേർ വിളിക്കും നേരം,...

ഓരോ ദൈവമക്കളും ഇപ്പോൾ നിങ്ങളുടെ കൈകൾ ഉയർത്തുക:

പേർ വിളിക്കും നേരം,
പേർ വിളിക്കും നേരം,
പേർ വിളിക്കും നേരം,
പേർ വിളിക്കും നേരം, ഞാനും അവിടെ ഉണ്ടാകും. (ഓ!)

മാധുര്യതയിൽ താമസിക്കാതെ തന്നെ,
ആ മനോഹര തീരത്ത് നാം കണ്ടുമുട്ടും;
മാധുര്യതയിൽ താമസിക്കാതെ തന്നെ,
ആ മനോഹര തീരത്ത് നാം കണ്ടുമുട്ടും.

262 സഭയിലെ പഴയ പാട്ടുകൾ നിങ്ങൾക്ക് ഇഷ്ടമാണോ? ഓ!

ഓ, നമ്മുടെ മേലെയുള്ള മഹാമനസ്കനായ പിതാവിന്,
നാം നമ്മുടെ സ്തുതിയുടെ ശ്രദ്ധാഞ്ജലികളെ സമർപ്പിക്കും,
അവൻ്റെ സ്നേഹത്തിൻ്റെ മഹത്തായ സമ്മാനത്തിനായി,
നമ്മുടെ ദിവസത്തെ വിശുദ്ധീകരിക്കുന്ന അനുഗ്രഹങ്ങൾക്കായും.

മാധുര്യതയിൽ താമസിക്കാതെ തന്നെ,
ആ മനോഹര തീരത്ത് നാം കണ്ടുമുട്ടും;
മാധുര്യതയിൽ താമസിക്കാതെ തന്നെ,
ആ മനോഹര തീരത്ത് നാം കണ്ടുമുട്ടും.

ഇപ്പോൾ നിങ്ങൾക്ക് ചുറ്റുമുള്ള ആരെങ്കിലുമായി കൈ പിടിച്ചു കുലുക്കുക, ഇപ്രകാരം എല്ലായിടത്തും. അത് നന്നായിരിക്കുന്നു.

...മാധുര്യതയിൽ താമസിക്കാതെ തന്നെ,

പറയുക, "ഞാൻ നിങ്ങളെ കാണും സഹോദരാ."

ആ മനോഹര തീരത്ത് നാം കണ്ടുമുട്ടും;
മാധുര്യതയിൽ താമസിക്കാതെ തന്നെ,
ആ മനോഹര തീരത്ത് നാം കണ്ടുമുട്ടും.

ആ മനോഹര തീരത്ത് നാം പാട്ടുപാടും.
ശ്രുതിമധുരമായ ഗാനം...

എല്ലാവരും ഇപ്പോൾ പാടുക.

നമ്മുടെ ആത്മാവ് ഇനി ദുഃഖിക്കുകയില്ല,

നമ്മുടെ വിശ്രമത്തിൻ്റെ
അനുഗ്രഹങ്ങൾക്കുവേണ്ടിയുള്ള നെടുവീർപ്പല്ല.

എല്ലാവരും, നിങ്ങളുടെ കൈകൾ ഉയർത്തി:

മാധുര്യതയിൽ താമസിക്കാതെ തന്നെ,
ഓ, ആ മനോഹര തീരത്ത് നാം കണ്ടുമുട്ടും;
മാധുര്യതയിൽ താമസിക്കാതെ തന്നെ,
ആ മനോഹര തീരത്ത് നാം കണ്ടുമുട്ടും.

263 ഇപ്പോൾ നമ്മുടെ തലകൾ വണങ്ങിക്കൊണ്ട്, നമുക്ക് ഇത് പറയാം:

കർത്താവായ യേശുവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു. യേശുക്രിസ്തു ദൈവപുത്രനാണെന്ന് ഞാൻ വിശ്വസിക്കുന്നു, എൻ്റെ പാപം നീക്കാൻ ദൈവം ജഡത്തിൽ പ്രത്യക്ഷനായി. ഞാൻ എൻ്റെ യോഗ്യതകളെ വിശ്വസിക്കുന്നില്ല, എനിക്ക് ഒന്നുമില്ല, എന്നാൽ ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു യേശുക്രിസ്തുവിൻ്റെ യോഗ്യതകളിൽ, അവൻ എൻ്റെ രക്ഷകനാകുന്നു, എൻ്റെ ദൈവമാകുന്നു, എൻ്റെ രാജാവാകുന്നു. ഞാൻ അവനെ സ്നേഹിക്കുന്നു. ആമേൻ.

264 നാളെ രാത്രി ഏഴുമണിക്ക്, കർത്താവ് ആഗ്രഹിക്കുന്നപക്ഷം, നമ്മൾ സ്മിർന്ന സഭാകാലം എടുക്കുന്നതാണ്.

മാധുര്യതയിൽ...

ഇപ്പോൾ നമ്മുടെ തലകൾ വണങ്ങിക്കൊണ്ട്.

(ഓ, താമസിക്കാതെ തന്നെ!)
ആ മനോഹര തീരത്ത് നാം കണ്ടുമുട്ടും;
(താമസിക്കാതെ തന്നെ!)
മാധുര്യതയിൽ താമസിക്കാതെ തന്നെ,
ആ മനോഹര തീരത്ത് നാം കണ്ടുമുട്ടും

ഇപ്പോൾ മൃദുവായും, എല്ലാവരും, മാധുര്യത്തോടെ:

ഓ, നമ്മുടെ മേലെയുള്ള മഹാമനസ്കനായ പിതാവിന്,
നാം നമ്മുടെ സ്തുതിയുടെ ശ്രദ്ധാഞ്ജലികളെ സമർപ്പിക്കും,
അവൻ്റെ സ്നേഹത്തിൻ്റെ മഹത്തായ സമ്മാനത്തിനായി...

60-1205 എഫെസൊസ് സഭാ യുഗം

ബ്രൺഹാം ടെബർണക്കിൾ

ജെഫേഴ്സൺവില്ലെ, ഇൻഡ്യാനെ യു.എസ്.എ

MALAYALAM

©2024 VGR, ALL RIGHTS RESERVED

Voice Of God Recordings, India Office
19 (New No: 28) Shenoy Road, Nungambakkam
Chennai 600 034, India
044 28274560 • 044 28251791
india@vgroffice.org

Voice Of God Recordings
P.O. Box 950, Jeffersonville, Indiana 47131 U.S.A.
www.branham.org

## പകർപ്പവകാശ അറിയിപ്പ്

എല്ലാ അവകാശങ്ങളും നിക്ഷിപ്തം. യേശുക്രിസ്തുവിൻ്റെ സുവിശേഷം പ്രചരിപ്പിക്കുന്നതിനുള്ള ഒരു ഉപകരണമെന്ന നിലയിൽ ഈ പുസ്തകം വ്യക്തിഗത ഉപയോഗത്തിനായി ഒരു ഹോം പ്രിൻ്ററിൽ അച്ചടിക്കുകയോ സൗജന്യമായി നൽകുകയോ ചെയ്യാം. വോയ്സ് ഓഫ് ഗോഡ് റെക്കോർഡിംഗ്സിൻറെ വ്യക്തമായ രേഖാമൂലമുള്ള അനുമതിയില്ലാതെ ഈ പുസ്തകം വിൽക്കാനോ, വലിയ തോതിൽ പുനർനിർമ്മിക്കാനോ, ഒരു വെബ്സൈറ്റിൽ പോസ്റ്റുചെയ്യാനോ, വീണ്ടെടുക്കൽ സംവിധാനത്തിൽ സംഭരിക്കാനോ, മറ്റ് ഭാഷകളിലേക്ക് വിവർത്തനം ചെയ്യാനോ, ഫണ്ട് അഭ്യർത്ഥിക്കുന്നതിന് ഉപയോഗിക്കാനോ കഴിയില്ല.

കൂടുതൽ വിവരങ്ങൾക്കോ ലഭ്യമായ മറ്റ് മെറ്റീരിയലുകൾക്കോ, ദയവായി ബന്ധപ്പെടുക:

VOICE OF GOD RECORDINGS, INDIA OFFICE
19 (NEW NO: 28) SHENOY ROAD, NUNGAMBAKKAM
CHENNAI 600 034, INDIA
044 28274560 • 044 28251791
india@vgroffice.org

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org